KOTTAYAM PUBLIC LIBRARY

Call No. 200 JOH T Acc. No. 14257

Author ജോൺ കുന്നാപ്പറമ്പിൽ

Title തിരുസഭാ ചരിത്ര സംഗ്രഹം

888

സഭക
കത്തോലിക്കാ ദേവാലയങ്ങളി
ടെ ദേവാ ലയങ്ങളി
ൽ വളർത്താ, ദൈവദി
കൾക്ക് കന്യാസ്ത്രീകളി
ലേക്ക്, ഖ ദേട്ടിക
ച്ചടെ ഓർമ്മക്കായി
ബ്രദർ ക്രിസ്റ്റ്യൻ ടെ മുല്
എഴുതിത്തീർന്നാൻ അ
ഭേരിക്ക ഖത വെരിച്ചു
നാട്ടി ഖ: ജോൺ ജോസ്
പറമ്പിൽ എഴുതിയത്
“തിരുസഭക്ക
ഒരു കൾ”
ന്റെ

---

⇒ പാലക്കാട് കത്തോലിക്കാ
പള്ളിയുടെ പേര് ഒരു
പളളിയിലൊന്നാണ് ഞാൻ
ക്കാനയിൽ താമരക്കിൽ
വിശുദ്ധ ഖ്യാസിരിക്കാ
ദേവാലയിൽ വിച്ചിരുന്നു. സഭക

അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി

No. 41

14257

# തിരുസ്സഭാ ചരിത്രസംഗ്രഹം

## രണ്ടാം ഭാഗം

K.M.B

ഫാ. ജോൺ കുഞ്ഞാപ്പറമ്പിൽ എസ്. ജെ.

പ്രസാധകൻ

ബ്രദർ മാത്യു നടയ്ക്കൽ

വില 31 ന.പൈ.

NATIONAL BOOK STALL
S.P.C.S. LTD.
BR. KOTTAYAM

എസ്സ്. ജെ. പ്രസ്സ് മാന്നാനം

1959.

# തിരുസ്സഭാചരിത്രസംഗ്രഹം

## രണ്ടാം ഭാഗം


അദ്ധ്യായം ഒന്ന്:- കുരിശുയുദ്ധങ്ങൾ

" രണ്ട്:- ഫ്റഞ്ചുവിപ്ളവം

" മൂന്ന്:- മിഷ്യൻരംഗങ്ങൾ

" നാല്:- തിരുസ്സഭയും കമ്മ്യൂണിസവും

" അഞ്ച്:- തിരുസ്സഭയും കമ്മ്യൂണിസവും (ഉപസംഹാരം.)



**Imprimi potest.**

J. B. de Roton S. J.
TehRegional Superior.

*Ernakulam,*
*19-3-'59.*

**Imprimatur.**

† MATHEW KAVUKATT
Archbishop of Changanacherry
8 — 6 — '59.

# തിരുസ്സഭാ ചരിത്രസംഗ്രഹം

(രണ്ടാം ഭാഗം)

## കുരിശുയുദ്ധങ്ങൾ

### തീർത്ഥാടനങ്ങൾ

തിരുസ്സഭാസ്ഥാപകനായ ഈശോ ജനിച്ചുവളന്നു് പീഡകൾ അനുഭവിച്ചു മരിച്ച രാജ്യമായ പാലസ്തീനാ ക്രിസ്ത്യാനികളുടെ വിശേഷഭക്ത്യാദരവുകൾക്കു് പാത്രമാണു്. ക്രിസ്ത്യാനികൾ ക്രിസ്തുമതാരംഭം മുതലേ ഈ പുണ്യഭൂമിയിലേയ്ക്കു് തീർത്ഥാടനത്തിനായി പോവുക പതിവായിരുന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മാനസാന്തരശേഷം പലസ്തീനായിലുള്ള തീർത്ഥാടനം സർവ്വസാധാരണമായി. ചക്രവർത്തിയുടെ മാതാവായിരുന്ന ഹെലെനാ രാജ്ഞി പലസ്തീനായ്ക്കു പുറപ്പെട്ടു് ഈശോ കുരിശിൽ തൂങ്ങി മരിച്ച കാൽവരിമല കുഴിച്ചു് വിശുദ്ധ കുരിശും പീഡനോപകരണങ്ങളുടെ മററവശിഷ്ടങ്ങളും കണ്ടെടുത്തു. കുരിശു നാട്ടിയിരുന്ന സ്ഥാനവും തിരുക്കല്ലറയും ഉൾക്കൊള്ളിച്ചു് രാജ്ഞി ഒരു പള്ളി പണിതു. അതിനു തിരുക്കല്ലറയുടെ ദേവാലയം എന്ന പേരും സിദ്ധിച്ചു.

### വിഘ്നങ്ങൾ

പുണ്യസ്ഥലങ്ങളിലേയ്ക്കുള്ള തീർത്ഥകരുടെ പ്രവാഹത്തിനു് ഏഴാം നൂററാണ്ടിൽ പല വിഘ്നങ്ങൾ,

ഉണ്ടായി. ഏഴാം നൂററാണ്ടുമുതൽ പതിനേഴാംനൂററാണ്ടുവരെ തിരുസ്സഭയ്ക്കു നേരിടേണ്ടിയിരുന്ന ശത്രുവായ ഇസ്ലാം മതത്തിൽനിന്നാണു് ഈ വിഘ്നങ്ങൾ ഉത്ഭവിച്ചതു്. അറേബ്യായിലും ചുററു പ്രദേശങ്ങളിലും തങ്ങളുടെ ശക്തി സ്ഥിരപ്രതിഷ്ഠമാക്കിയശേഷം, മഹമ്മദീയർ 636-ൽ പലസ്തീനാരാജ്യം കീഴടക്കി. മഹമ്മദീയക്കു് പലസ്തീനായിൽ മാത്രമല്ല, യൂറോപ്പിൻെറയും ഏഷ്യായുടെയും പല ഭാഗങ്ങളിലും വിജയം ലഭിച്ചു. എട്ടാം നൂററാണ്ടോടുകൂടി അവർ പേഷ്യാ, സിറിയാ, ആഫ്റിക്കാ, സ്പെയിൽ മുതലായ രാജ്യങ്ങൾ ആക്രമിച്ചു കരസ്ഥമാക്കി. വിജയോന്മത്തരായ മഹമ്മദീയരുടെ അടുത്ത ശ്രമം കോൺസ്റ്റാൻറിനോപ്പിൾ സാമ്രാജ്യത്തെ അടിച്ചമത്തി യൂറോപ്യൻരാജ്യങ്ങളെ ആക്രമിക്കുവാനായിരുന്നു.

പലസ്തീനാരാജ്യം മഹമ്മദീയരുടെ അധീനത്തിലായതോടുകൂടി അവർ അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികളെ പലവിധത്തിൽ ദ്രോഹിക്കുവാനും, തീത്ഥകക്കു് പല ക്ലേശങ്ങൾ ഉണ്ടാക്കുവാനും തുടങ്ങി. മഹമ്മദീയരുടെ വിദ്വേഷത്തിനും പീഡനങ്ങൾക്കും പാത്രമായ പല യൂറോപ്യൻ തീത്ഥകരും അവരുടെ കഷ്ടതകൾ വിവരിച്ചു് അതിനൊരു പരിഹാരമുണ്ടാക്കണമെന്നു് തങ്ങളുടെ രാജാക്കന്മാരോടും തിരുസ്സഭാധികാരികളോടും അഭ്യത്ഥിച്ചു. കോൺസ്റ്റാൻറിനോപ്പിൾ ചക്രവത്തിക്കും വളന്നുവരുന്ന മഹമ്മദീയശക്തിയെ അമത്തണമെന്ന ആഗ്രഹമുണ്ടായിരുന്നു. അതിനായി ചക്രവത്തി മാപ്പാപ്പായുടെയും പാശ്ചാത്യ രാജാക്കന്മാരുടെയും സഹായം അഭ്യത്ഥിച്ചു. കൂടാതെ ക്രിസ്ത്യാനികൾക്കും, ക്രിസ്തീയ രാജാക്കന്മാക്കും, മാപ്പാപ്പായ്ക്കും എങ്ങനെയെങ്കിലും തങ്ങളുടെ പുണ്യസ്ഥലമായ പലസ്തീനാരാജ്യം വീണ്ടെടുക്കണമെന്നു് ആഗ്രഹം ഉണ്ടായി. അതിനാൽ ക്രിസ്തീയ രാജ്യങ്ങളെ ആക്രമിച്ചു കീഴ്ടക്കി അവരെ അന്യായമായി ഞെരുക്കിവന്ന

മഹമ്മീയരോട്ട് യുദ്ധം ചെയ്യുവാൻതന്നെ ക്രിസ്ത്യാനികൾ നിശ്ചയിച്ചു.

കുരിശുയുദ്ധപ്രസംഗം

ക്രിസ്തീയ രാജാക്കന്മാരെയും യോദ്ധാക്കളെയും പലസ്തീനായിലുള്ള മഹമ്മദീയർക്കെതിരായുള്ള യുദ്ധത്തിനൊരുക്കുവാൻ കൂടുതൽ അദ്ധ്വാനിച്ചതു് മാർപ്പാപ്പാ ഊർബൻ രണ്ടാമനാണ്. ഊർബൻ മാർപ്പാപ്പാ അന്നത്തെ യുദ്ധവീരന്മാരുടെ കേന്ദ്രമായിരുന്ന ഫ്റാൻസ്, ജർമ്മനി മുതലായ രാജ്യങ്ങളിൽ ചുററിസഞ്ചരിച്ചു് എല്ലാ ക്രിസ്ത്യാനികളെയും കുരിശുയുദ്ധത്തിനായി ക്ഷണിച്ചു. അദ്ദേഹം 1095 നവംബർ 27-ാംതീയതി ഫ്റാൻസിലുള്ള ക്ലേർമോൻടിൽ ആദ്യമായി കുരിശുയുദ്ധം പ്രസംഗിച്ചു്, ക്രിസ്ത്യാനികൾ മഹമ്മദീയരുടെ ഇടയിൽ കിടന്നനുഭവിക്കുന്ന യാതനകളും, തീർത്ഥകർക്ക്, മഹമ്മദീയർ വരുത്തിക്കൂട്ടുന്ന പ്രതിബന്ധങ്ങളും, കോൺസ്റ്റാൻറിനോപ്പിൾ ചക്രവർത്തി സഹായത്തിനായി അഭ്യർത്ഥിച്ചിരിക്കുന്ന വിവരവും എടുത്തു കാണിച്ചു് എല്ലാവരെയും പുണ്യസ്ഥലങ്ങൾ വീണ്ടെടുക്കുവാനുള്ള കുരിശുയുദ്ധത്തിൽ ചേരുവാൻ ക്ഷണിച്ചു. മാർപ്പാപ്പായുടെ ഉജ്ജ്വലവും വികാരഭരിതവുമായ പ്രസംഗം കേട്ടപ്പോൾതന്നെ ജനങ്ങൾ ഏകസ്വരത്തിൽ "അതു ദൈവതിരുമനസ്സാണ്, നമുക്കു കുരിശുയുദ്ധത്തിനു പുറപ്പെടാം" എന്ന ആർപ്പുവിളി മുഴക്കി. ഉടൻതന്നെ യൂറോപ്പു മുഴുവൻ കുരിശുയുദ്ധത്തിനുള്ള ഒരുക്കമായി. കുരിശുയുദ്ധത്തിൽ ചേരുന്നവരെല്ലാം ഒരു കുരിശടയാളം ധരിച്ചിരിക്കണം. ഈ കുരിശടയാളത്തിൽനിന്നാണ് കുരിശുയുദ്ധം എന്ന പേർ ആവിർഭവിച്ചതു്.

കുരിശുസൈന്യം

1096-നും 1097-നുമിടയ്ക്കു് ഉദ്ദേശം ഒരു ലക്ഷത്തോളം ജനങ്ങൾ കുരിശുയുദ്ധത്തിൽ ചേർന്നു് പൗര

സ്യദേശങ്ങളിലേയ്ക്കു വന്നിട്ടുണ്ട്. പാശ്ചാത്യർ ആദ്യം പരസ്യസാമ്രാജ്യമായ കോൺസ്റ്റാൻറിനോപ്പിളിൽ വന്ന് ചക്രവത്തിയുടെ സഹായത്തോടുകൂടിയാണ് തുക്കികളുടെ രാജ്യങ്ങളിൽകൂടി യാത്രചെയ്ത് പലസ്തീനാ രാജ്യത്തേയ്ക്കു വന്നുകൊണ്ടിരുന്നതു്. യൂറോപ്യൻരാജ്യങ്ങളിലെ പല യുദ്ധനിപുണന്മാരും രാജാക്കന്മാരും കരിശുയോദ്ധാക്കളെ നയിച്ചിരുന്നു. ഫ്റഞ്ചുരാജാവിൻെറ ഇളയ മകൻ ഹ്യൂ ഒരു വലിയ സൈന്യത്തോടുകൂടി പുറപ്പെട്ടു. ഇദ്ദേഹത്തെത്തുടർന്ന് ലൊറേയിനിലെ പ്രഭു ഗോഡ്ഫ്റിയും, അദ്ദേഹത്തിൻെറ സഹോദരന്മാർ എവുസ്റ്റാസും ബാൽഡ്വിനും, ടാറൻറേറായിലെ പ്രഭുവായിരുന്ന ബോമണ്ടും അദ്ദേഹത്തിൻെറ മരുമകൻ ടാൻക്രെഡും സൈന്യസമേതം കരിശുയുദ്ധത്തിനായി കോൺസ്റ്റാൻറിനോപ്പിളിൽ വന്നു. ടുളൂസ് അധിപതിയും സ്പെയിനിൽ മഹമ്മദീയരോടു യുദ്ധം ചെയ്തു പരിചയമുള്ള റെയ്മണ്ടും ഈ കരിശുയുദ്ധത്തിൽ ചേർന്നു. കരിശുയോദ്ധാക്കളുടെയെല്ലാം തലവനായി നിയമിക്കപ്പെട്ടതു് മാപ്പാപ്പായുടെ പ്രതിനിധിയും ലെപൂയിലെ മെത്രാനുമായ അഡെമറെയായിരുന്നു.

## എഡേസ്സാ അന്തിയോക്കിയാ

കോൺസ്റ്റാൻറിനോപ്പിളിൻനിന്നു കരിശുസൈന്യം പലസ്തീനായെ ലക്ഷ്യമാക്കി യാത്രയായി. പോകുന്ന വഴിക്കുള്ള തുക്കിരാജ്യങ്ങൾ അവക്കെതിരായി പലപ്പോഴും യുദ്ധംചെയ്യുങ്കിലും, കരിശുസൈന്യം ഈ ശത്രുക്കളെ തോല്പിച്ചു് പുരോഗമിച്ചുകൊണ്ടിരുന്നു. മാത്രമല്ല കരിശുസൈന്യം ആർമീനിയായിലുണ്ടായിരുന്ന പല തുക്കിരാജ്യങ്ങളെയും ആക്രമിച്ചു കീഴടക്കി. പൗരസ്യദേശങ്ങളിൽ അവർ സ്ഥാപിച്ച രണ്ടു പ്രധാന രാജ്യങ്ങൾ എഡേസ്സായും അന്തിയോക്കിയായുമായിരു

ന്നു. ബാൽഡ്വിൻ എഡേസ്സായുടെ രാജാവും ബോമ ണ്ട് അന്തിയോക്കിയായുടെ രാജാവുമായി. അന്തിയോ ക്കിയായുടെ സുൽത്താനുമായുള്ള യുദ്ധം വളരെ പ്രയാസമേറിയതും ദീർഘിച്ചതുമായിരുന്നു. കരിശുയോദ്ധാക്കൾ സർവ്വശക്തിയും പ്രയോഗിച്ച് ആൾനഷ്ടം ക ണക്കാക്കാതെ ധീരതയോടെ പൊരുതിയതിൻെറ ഫല മായി അവർ ചരിത്രപ്രസിദ്ധവും ഫലഭൂയിഷ്ഠവുമായ അന്തിയോക്കിയാ കരസ്ഥമാക്കി. എന്നാൽ പൗരസ്ത്യ ദേശങ്ങളിൽ പാശ്ചാത്യരാൽ ആദ്യം സ്ഥാപിതമായ ഈ രണ്ടു രാജ്യങ്ങളാണ് അവർക്ക് ആദ്യം നഷ്ടപ്പെ ട്ടത്. 1144-ൽ എഡേസ്സായെ തുർക്കികൾ ആക്രമിച്ചു കീഴടക്കി അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികളെയും ഫ്റാങ്കുകളെയും വാളിനിരയാക്കി. അന്തിയോക്കിയാ യുടെ അധഃപതനം 1268-ൽ ആയിരുന്നു. അന്ന ത്തെ ശക്തിയേറിയ ഈജിപ്ത് സുൽത്താൻ അന്തി യോക്കിയായെ ആക്രമിച്ച് കോട്ടയ്ക്കുള്ളിലുണ്ടായിരുന്ന ക്രിസ്ത്യാനികളെ ഒന്നൊഴിയാതെ നിർദ്ദയമായി വ ധിച്ച് അന്തിയോക്കിയായെ വീണ്ടുമൊരു മഹമ്മദീയ രാജ്യമാക്കി.

## യറുശലേം യുദ്ധം

അന്തിയോക്കിയായിൽനിന്നു കരിശുസൈന്യം റെയ്മണ്ടിൻെറ കീഴിൽ 1099 ജനുവരി 13-ാം തീയതി യാത്രയായി. 1099 ജൂൺ 7-ാംനു- യറുശലേം പട്ടണവാതിൽക്കൽ എത്തി അതിനെ എങ്ങനെ ആക്ര മിച്ചു കീഴടക്കണം എന്ന ആലോചനയായി. യറുശലേം ഈജിപ്തുസുൽത്താൻെറ കീഴിലായിരുന്നു. അതു ഭരി ച്ചിരുന്ന ഗവർണർ ഇഫ്ടിക്കർ ക്രിസ്തീയ പട വരു ന്നെന്നു കേട്ടയുടൻ പട്ടണത്തിൻെറ രക്ഷയ്ക്കുവേണ്ടി പ ല നടപടികളും എടുത്തിരുന്നു. ഗവർണർ പട്ടണത്തെ ചുററിയുള്ള മതിലുകൾ നന്നാക്കി പടയാളികളെ നിറു

ത്തി. പട്ടണത്തിനു പുറത്തുള്ള കുളങ്ങളിലും കിണറു കളിലും വിഷം കലക്കി ഉപയോഗശൂന്യമാക്കി. യഹൂദന്മാരെ പട്ടണത്തിൽ താമസിക്കുവാൻ അനുവദിച്ചെങ്കിലും ക്രിസ്ത്യാനികളെ എല്ലാവരെയും കോട്ടയ്ക്കു വെളിയിലാക്കി. കൂടാതെ ഒരു നല്ല സൈന്യമയച്ചു് തന്നെ സഹായിക്കണമെന്നു് ഇഫ്ടിക്കർ ഈജിപ്തു സുൽത്താനോടാവശ്യപ്പെട്ടിരുന്നു.

ഈജിപ്തിൽനിന്നു സൈന്യം വരുന്നതിനുമുമ്പു് യറുശലേം ആക്രമിച്ചു കീഴടക്കിയെങ്കിലേ തങ്ങൾക്കു രക്ഷയുള്ളൂ എന്നു് കുരിശുയോദ്ധാക്കൾ മനസ്സിലാക്കി യറുശലേം കോട്ടയെ ആക്രമിക്കുവാനുള്ള ഒരുക്കമായി. ഇതുവരെയുണ്ടായിരുന്ന യുദ്ധങ്ങൾ കാരണം അവരുടെ ശക്തി വളരെ ശോഷിച്ചിരുന്നു. ഇപ്പോൾ യോദ്ധാക്കൾക്കു് വേണ്ടത്ര ഭക്ഷണപാനീയങ്ങൾ ഇല്ലായിരുന്നു. തങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്തു് ദൈവാനുഗ്രഹം ലഭിക്കുവാനായി അവർ മൂന്നുദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും കഴിച്ചു. മൂന്നാംദിവസമായ ജൂലൈ 13–ാം തീയതി രാത്രി കുരിശുയോദ്ധാക്കൾ പല ഭാഗങ്ങളിൽക്കൂടി പട്ടണത്തെ ആക്രമിച്ചു. യുദ്ധം ഭയങ്കരമായിരുന്നു. വളരെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും ഒടുവിൽ കുരിശുയുദ്ധക്കാർ വിജയികളായി. 14–ാം തീയതി ഉച്ചയോടുകൂടി അവർ പട്ടണത്തിൽ പ്രവേശിച്ചു, ആയുധംവച്ചു കീഴടങ്ങിയ ഇഫ്ടിക്കരെയും അദ്ദേഹത്തിൻെറ പടയാളികളെയും മഹമ്മദീയ താവളമായ അസ്കലോമിലേയ്ക്കു് പോകുവാൻ അനുവദിച്ചു. യറുശലേമിൽ ശേഷിച്ച മററു പല മഹമ്മദീയരെയും യഹൂദന്മാരെയും അവർ വധിച്ചു.

### യറുശലേം രാജാക്കന്മാർ

യുദ്ധാനന്തരം എല്ലാവരും വി. കല്ലറയുടെ ദേവാലയത്തിൽ പോയി ദൈവത്തിനു നന്ദിസ്തോത്രം പാടി.

അടുത്തതായി, യറുശലേമിൻെറ ഭരണകാൎയ്യത്തെക്കുറിച്ചുള്ള ആലോചനയായി. ദീൎഘാലോചനയുടെ ഫലമായി യറുശലേമിൻെറ രാജാവായി ഒരാളെ വാഴിക്കണമെന്ന് എല്ലാവരും നിശ്ചയിച്ചു. ഗോഡ്ഫ്റിയെയാണ് യറുശലേം രാജാവായി അവർ തെരഞ്ഞെടുത്തതു്. ഗോഡ്ഫ്റിയുടെ നേതൃത്വത്തിൽ കുരിശുയോദ്ധാക്കൾ ഈജിപ്തിൽനിന്നു വന്ന സൈന്യത്തെ തോല്പിച്ചോടിച്ചു. യറുശലേമിൽ തൻെറ അധികാരം സ്ഥിരപ്പെടുത്തി ഗോഡ്ഫ്റി ഭരണകാൎയ്യങ്ങളിൽ ശ്രദ്ധാലുവായി. അയൽപ്രദേശത്തുള്ള എല്ലാ മഹമ്മദീയരും അദ്ദേഹത്തിനു കീഴടങ്ങി. എന്നാൽ ഗോഡ്ഫ്റിയുടെ ഭരണം അധികനാൾ നീണ്ടുനിന്നില്ല. അദ്ദേഹം ഒരു സുഖക്കേടു ബാധിച്ചു് 1100 ജൂലൈ 18–ാം തീയതി മരിച്ചു.

ഗോഡ്ഫ്റിയുടെ പിൻഗാമിയായി യറുശലേം രാജാവായി അഭിഷേചിക്കപ്പെട്ടതു് ഗോഡ്ഫ്റിയുടെ സഹോദരൻ ബാൽഡ്വിൻ ഒന്നാമനെയായിരുന്നു. ബാൽഡ്വിൻ ഒന്നാമൻ പതിനെട്ടുവൎഷത്തോളം യറുശലേം രാജ്യം ഭരിച്ചു. അദ്ദേഹവും യറുശലേം രാജ്യം വിസ്തൃതമാക്കുവാനും, പൌരസ്ത്യരാജ്യങ്ങളിലെ ക്രിസ്ത്യാനികളുടെ സ്ഥിതി ബലപ്പെടുത്തുവാനും വളരെ യത്നിച്ചു. അദ്ദേഹത്തിൻെറ മരണശേഷം 1118 ഉയിൎപ്പുഞായറാഴ്ച എഡേസ്സായിലെ ബാൽഡ്വിനെ യറുശലേം രാജാവായി അഭിഷേകംചെയ്തു. ബാൽഡ്വിൻ രണ്ടാമൻ വളരെ സാമൎത്ഥ്യവും തൻേറടവുമുള്ള ഒരു രാജാവായിരുന്നു. പൌരസ്ത്യദിക്കിലുള്ള ഏതെങ്കിലും ക്രിസ്തീയരാജ്യങ്ങൾക്കു മഹമ്മദീയ ശത്രുക്കളിൽനിന്നും എന്തെങ്കിലും ആപത്തുണ്ടായാൽ, ഉടൻ സൈന്യസമേതം അവിടെപോയി അവൎക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊണ്ടിരുന്നു. പൌരസ്ത്യ ക്രിസ്ത്യാനികളുടെ മുന്നേററത്തിനും അവർ യോജിച്ചുനിന്നു് ക്രിസ്തീയശത്രുക്കളെ എതിൎക്കുന്നതിനും അദ്ദേഹം ചെയ്തു

സേവനം സ്തുത്യർഹമാണ്. അദ്ദേഹത്തിൻെറ കാലത്താണ് യറുശലേം രാജ്യം അതിൻെറ ഉച്ചകോടിയിലെത്തിയതു്. നിരന്തരം യാത്രചെയ്തു് പടവെട്ടിക്കൊണ്ടിരുന്ന ബാൽഡ്വിൻ രണ്ടാമൻെറ ആരോഗ്യം ക്ഷയിക്കുവാൻ തുടങ്ങി. 1131-ൽ അദ്ദേഹം സുഖക്കേടു ബാധിച്ചു് പരലോകപ്രാപ്തനായി. അദ്ദേഹത്തിൻെറ മകൾ മെലിസൻഡും ഭർത്താവു ഫുൾക്കുമാണ് അനന്തരം യറുശലേം രാജ്യം ഭരിച്ചതു്. 1143-ൽ ഫുൾക്കു മരിച്ചപ്പോൾ മകൻ ബാൽഡ്വിൻ മൂന്നാമൻ രാജാവായി.

രണ്ടാം കുരിശുയുദ്ധം

ഇക്കാലത്താണ് തുർക്കികൾ ക്രിസ്തീയരാജ്യമായ എഡേസ്സായെ ആക്രമിച്ചു കീഴടക്കിയതു്. അല്ലപ്പോയിലെ സുൽത്താനായിരുന്ന സെൻഗിയും, അദ്ദേഹത്തിൻെറ പുത്രൻ നൂറുഡിനും എഡേസ്സായിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ സ്വത്തുക്കൾ കൊള്ളചെയ്തു് അവരെ വധിച്ചു. എഡേസ്സായുടെ അധഃപതനം അറിഞ്ഞ ഉടൻ മാർപ്പാപ്പായുടെ പ്രേരണയാൽ ഫ്രാൻസിൽനിന്നും ജർമ്മനിയിൽനിന്നും ഒരു വലിയ കുരിശുസൈന്യം പൗരസ്ത്യദേശങ്ങളിലുള്ള ക്രിസ്ത്യാനികളെ സഹായിക്കുവാനും, തുർക്കികളെ അടിച്ചമർത്തുവാനുമായി വന്നെങ്കിലും അവരുടെ പ്രാപ്തിക്കുറവിനാലും ഐകമത്യക്കുറവിനാലും അവർക്കു കാര്യമായി യാതൊന്നും ചെയ്യുവാൻ സാധിച്ചില്ല. ഈ രണ്ടാം കുരിശുയുദ്ധം പൗരസ്ത്യദിക്കിലുള്ള ക്രിസ്തീയരാജ്യങ്ങളെ സഹായിക്കുന്നതിനു പകരം, അതു് അവയുടെ അധഃപതനത്തിനും, ശക്തിമാനായ നൂറുഡിൻെറ ഉയർച്ചയ്ക്കും വഴി തെളിക്കുകയാണു ചെയ്തതു്. രണ്ടാം കുരിശുയുദ്ധക്കാർ നൂറുഡിനെ ആക്രമിച്ചു കീഴടക്കുന്നതിനു പകരം, യറുശലേംരാജ്യത്തോടു മിത്രഭാവത്തിൽ കഴിഞ്ഞുവന്നതും

നല്ല കോട്ടകൊത്തളങ്ങളാൽ സുരക്ഷിതവുമായിരുന്ന ഡമാസ്കസ് രാജ്യത്തെയാണ് ആക്രമിച്ചത്. ക്രിസ്തീയ പടയുടെ വരവറിഞ്ഞ ഡമാസ്കസ് സുൽത്താൻ നൂറുഡിൻെറ സഹായം അഭ്യർത്ഥിച്ചിരുന്നതിനാൽ നൂറുഡിൻ നല്ലൊരു സൈന്യവുമായി ഡമാസ്കസ്സിലേയ്ക്കു വന്നുകൊണ്ടിരുന്നു. നാലുദിവസത്തെ കഠിനയുദ്ധത്തിനുശേഷവും കുരിശുസൈന്യത്തിന് യാതൊരു വിജയവും ലഭിച്ചില്ല. ഇനി യുദ്ധരംഗത്തു താമസിച്ചാൽ നൂറുഡിൻെറ സൈന്യത്താൽ നിശ്ശേഷം പരാജിതരാക്കപ്പെട്ടുമെന്നറിഞ്ഞ കുരിശുസൈന്യം ഡമാസ്കസ് ആക്രമണം നിറുത്തി ഭഗ്നാശരായി പലസ്തീനാക്കു മടങ്ങി. തിരിച്ചുവരുമ്പോൾ തുർക്കികൾ അവരെ ആക്രമിച്ച് അനേകംപേരേ വധിച്ചു.

## സലാഡിൻ

ക്രിസ്ത്യാനികളുടെ തോൽവിയും അപമാനവും നൂറുഡിൻെറ വിജയവും മഹിമയുമായിരുന്നു. പൗരസ്ത്യദിക്കിലുള്ള ക്രിസ്തീയരാജ്യങ്ങളെ എങ്ങനെയെങ്കിലും നശിപ്പിക്കണമെന്ന ആഗ്രഹം നൂറുഡിനുണ്ടായിരുന്നു. എന്നാൽ രാജ്യത്തെ വിസ്തൃതപ്പെടുത്തി തൻെറ ശക്തിയെ പോഷിപ്പിക്കുന്നതുവരെ ക്രിസ്തീയ രാജ്യങ്ങളുമായി നേരിട്ടുള്ള യുദ്ധത്തിനു് നൂറുഡിൻ തുനിഞ്ഞില്ല. അധികം താമസിയാതെ നൂറുഡിൻ ഡമാസ്കസ് ആക്രമിച്ചുകീഴടക്കി. ഇനി എങ്ങനെയെങ്കിലും ഈജിപ്തിലും തൻെറ അധികാരം സ്ഥാപിക്കണമെന്ന ചിന്തയായി. ഈജിപ്തു സുൽത്താൻ ഷാവറിനെതിരായി തൻെറ സേനാനായകൻ ഷിർക്കുവിനെ നൂറുഡിൻ 1167-ൽ ഈജിപ്തിലേയ്ക്കയച്ചു. ഷാവറിൻെറ അഭ്യർത്ഥനയനുസരിച്ച് യറുശലേം രാജാവു് സഹായത്തിനായി ചെന്നെങ്കിലും ഒടുവിൽ ഷിർക്കുതന്നെയാണ് വിജയിയായതു്. ഷിർക്കു ചതിയിൽ ഷാവറിനെ വധിച്ച് ഈജി

പ്പു സുൽത്താനായി. 1169–ൽ ഷിർക്കു അമിത ഭക്ഷണംമൂലം മരിച്ചപ്പോൾ, അദ്ദേഹത്തിൻെറ മരുമകനും സേനാനായകനുമായ സലാഡിൻ സുൽത്താൻ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടു. സലാഡിൻ തൻെറ രാജ്യത്തെ വിസ്തൃതപ്പെടുത്തിവന്നു. അദ്ദേഹത്തിനു് ആരെയെങ്കിലും ഭയപ്പെടുവാനുണ്ടായിരുന്നെങ്കിൽ അതു് നൂറുഡിനായിരുന്നു. എന്നാൽ നൂറുഡിൽ 1174–ൽ മരിച്ചപ്പോൾ സലാഡിൻ ഡമാസ്കസ്, അല്ലപ്പോ എന്നീ രാജ്യങ്ങളുടെയും അധിപനായി. ഇപ്രകാരം സലാഡിൻെറ കീഴിലുള്ള മഹമ്മദീയസാമ്രാജ്യം വലിപ്പത്തിലും ശക്തിയിലും വളർന്നുകൊണ്ടിരുന്നപ്പോൾ, പൗരസ്ത്യദിക്കിലുള്ള ക്രിസ്തീയ രാജ്യങ്ങൾ, ജനങ്ങളുടെ ഐക്യമത്യക്കുറവിനാലും, സ്പർദ്ധയാലും ശോഷിച്ചു് അധഃപതിച്ചുകൊണ്ടിരുന്നു. സലാഡിനോ യറുശലേം രാജ്യത്തെയും ആക്രമിച്ചു കീഴടക്കുവാൻ ഒരവസരം നോക്കിയിരിക്കുകയായിരുന്നു.

ശക്തിമാനായ സലാഡിനുമായി യുദ്ധത്തിനിടയാകരുതെന്ന ഉദ്ദേശ്യത്തോടെ യറുശലേംരാജാവു് ഒരു സന്ധിയിലേപ്പെട്ടിരുന്നു. എന്നാൽ യറുശലേം രാജ്യത്തിലുൾപ്പെട്ട റെയ്നാൽഡ്, എന്നൊരു പ്രഭു സന്ധിനിബന്ധനകൾക്കെതിരായി സലാഡിൻെറ കീഴുള്ള കച്ചവടക്കാരെയും മഹമ്മദീയരെയും അന്യായമായി ആക്രമിച്ചു കൊള്ളചെയ്തു. റെയ്നാൽഡോ യറുശലേം രാജാവോ സലാഡിൽ ആവശ്യപ്പെട്ട നഷ്ടപരിഹാരം ചെയ്തില്ല. അതിനാൽ യറുശലേംരാജ്യം ആക്രമിക്കുവാൻ ഇതുതന്നെ ഉത്തമ അവസരം എന്നു തീരുമാനിച്ചു് 1187–ൽ സലാഡിൽ ഒരു വലിയ സൈന്യവുമായി യറുശലേം രാജ്യാതിർത്തിയിൽ വന്നു.

## ൩ാം യുദ്ധം

ഈ സന്ദർഭത്തിൽ കാര്യശേഷിയില്ലാത്ത ഗൈ എന്നൊരാളായിരുന്നു യറുശലേം രാജ്യം ഭരിച്ചുവന്നതു്.

സലാഡിൻെറ വരവറിഞ്ഞ ഗൈയ്യും യുദ്ധത്തിനുവേണ്ട ഒരുക്കങ്ങൾ ചെയ്തു. ക്രിസ്തീയരാജ്യത്തെ ഉന്മൂലനം ചെയ്യുവാൻ കച്ചകെട്ടിയിറങ്ങിയ പൊതുശത്രുവിനെ എതിർക്കുവാൻ എല്ലാ പ്രഭുക്കന്മാരും സൈന്യസമേതം വന്നു. എന്നാൽ തൻെറ കീഴിലുള്ള സൈന്യത്തെ പ്രാപ്തിയോടെ നയിക്കുവാനുള്ള യുദ്ധനിപുണതയോ ബുദ്ധിശക്തിയോ ഗൈക്കില്ലാതിരുന്നതു് യരുശലേം രാജ്യത്തിൻെറ നിർഭാഗ്യംതന്നെയായിരുന്നു. സൈന്യബലത്തിൽ സലാഡിൻെറ സേനയെ അപേക്ഷിച്ചു് ക്രിസ്തീയസൈന്യം ഒട്ടും പിന്നോക്കമല്ലായിരുന്നു. സലാഡിൻെറ ആക്രമണത്തെ എതിർക്കുവാനായി ഇറങ്ങിയ ക്രിസ്തീയ സൈന്യം ക്ഷീണിച്ചു ദാഹിച്ചു വലഞ്ഞു് മരുഭൂമിക്കു തുല്യമായ ഹാററിം എന്ന സ്ഥലത്തുവന്നു് രാത്രി താവളമടിച്ചു. സലാഡിനോ ഈ സമയത്തു് ഹാററിംമലയുടെ അടിവാരത്തിൽ ക്രിസ്തീയസൈന്യത്തെ പ്രതീക്ഷിച്ചു നില്ക്കുകയായിരുന്നു. പ്രതീക്ഷയനുസരിച്ചു് ക്രിസ്തീയയോദ്ധാക്കൾ ക്ഷീണിച്ചവശരായിരിക്കുകയാണെന്നറിഞ്ഞപ്പോൾ സലാഡിനും അദ്ദേഹത്തിൻെറ സൈന്യങ്ങൾക്കുമുണ്ടായ സന്തോഷത്തിനു് അതിരില്ലായിരുന്നു. ആ രാത്രിതന്നെ മഹമ്മദീയർ ക്രിസ്തീയ സൈന്യത്തെ വളഞ്ഞു. പ്രഭാതത്തോടുകൂടി അവർ ആക്രമണവും തുടങ്ങി. അവശേഷിച്ച ശക്തിയുപയോഗിച്ചു് ക്രിസ്ത്യാനികൾ ധീരമായി പോരാടിയെങ്കിലും അവരിൽ ഒട്ടുമുക്കാലും മഹമ്മദീയരുടെ വാളിന്നിരയാകുകയാണുണ്ടായതു്. ഗൈയ്യും മററു പ്രധാന പ്രഭുക്കന്മാരും ബന്ധിതരാക്കപ്പെട്ടു. ഈ യുദ്ധത്തോടുകൂടി യരുശലേം രാജ്യം സലാഡിൻെറ കീഴിലായി. 1187 ഒക്ടോബർ 2-ാം തീയതി സലാഡിൻ യരുശലേം പട്ടണത്തിൽ പ്രവേശിച്ചു് തൻെറ വിജയപ[താ]കനാട്ടി.

ടയർ

പലസ്റ്റീനായിൽ ടയർ എന്നൊരു ചെറിയ കോട്ട സലാഡിനു കീഴ്‌വഴങ്ങാതെ സ്വാതന്ത്ര്യമായി നിന്നു. കോൻറാഡ് എന്നൊരു പ്രഭുവിൻെറ അധീനത്തിലിരുന്ന ഈ ക്രിസ്ത്യീയ കോട്ടയിലേയ്ക്കു യരുശലേം രാജ്യത്തിൽനിന്നു് അഭയംതേടിവന്ന പല പ്രഭുക്കന്മാരും യോദ്ധാക്കന്മാരുമുണ്ടായിരുന്നു. ഇവർ കോട്ടയെ ബലപ്പെടുത്തി സലാഡിൻെറ ആക്രമണത്തെ ചെറുത്തുനിന്നു. യരുശലേമിൻെറ അധഃപതനം അറിയുമ്പോൾ യൂറോപ്പിൽനിന്നും തീർച്ചയായും ഒരു കുരിശുസൈന്യംവരുമെന്നും അങ്ങനെ വീണ്ടും ഒരു ക്രിസ്തീയരാജ്യം പലസ്റ്റീനായിൽ സ്ഥാപിക്കാമെന്നുമുള്ള പ്രതീക്ഷ അവർക്കുണ്ടായിരുന്നു. ഈ പ്രതീക്ഷ അസ്ഥാനത്തായില്ല. ടയർ കോട്ടയെ കീഴടക്കുവാനുള്ള സലാഡിൻെറ ശ്രമം പരാജയമടഞ്ഞപ്പോൾ, സലാഡിൻ യുദ്ധം നിറുത്തി കോൻറാഡുമായി ഒരു സന്ധിയിലേപ്പെട്ടു. ഈ സന്ധിനിബന്ധനപ്രകാരം സലാഡിൻ ഗൈയെ ബന്ധനത്തിൽനിന്നും വിമോചിപ്പിച്ചു. സ്വാതന്ത്ര്യനായി പുറത്തുവന്ന ഗൈ യരുശലേം രാജാവെന്ന നിലയിൽ ടയർ കോട്ടയുടെ ഭരണഭാരം ആവശ്യപ്പെട്ടു. ഈ അവകാശം കോൻറാഡ് നിഷേധിച്ചു് ഗൈയെ കോട്ടയ്ക്കുള്ളിൽ പ്രവേശിപ്പിച്ചില്ല. അതിനാൽ ഗൈ മൂന്നാം കുരിശുയുദ്ധത്തിൽ ചേർന്നു പുതുതായി വന്ന ചില ക്രിസ്തീയ യോദ്ധാക്കളുടെ സഹായത്തോടെ സലാഡിൻ യരുശലേമിൽ ഇല്ലാത്ത സമയം, അക്രെ എന്ന സ്ഥലം ആക്രമിച്ചു കീഴടക്കി. ഫ്റാൻസിലെ ഫിലിപ്പുരാജാവിൻെറയും ഇംഗ്ലണ്ടിലെ റിച്ചാർഡുരാജാവിൻെറയും നേതൃത്വത്തിൽ വന്നുകൊണ്ടിരുന്ന മൂന്നാം കുരിശുസൈന്യം വന്നുചേരുന്നതുവരെ അക്രെ തങ്ങളുടെ അധീനത്തിൽ വച്ചുകൊണ്ടിരുന്നാൽ, പിന്നീടു വലിയ വിഷമംകൂടാതെ അക്രെ തലസ്ഥാനമാക്കി ഒരു ക്രിസ്തീയ രാജ്യം സ്ഥാപിക്കാമെന്നവർ നിശ്ചയിച്ചു.

അക്രെ രാജ്യം

പലസ്റ്റീനായിലുള്ള ക്രിസ്ത്യാനികളുടെ പ്രതീക്ഷ പോലെ നല്ലൊരു സൈന്യത്തോടെ ഫിലിപ്പുരാജാവും റിച്ചാർഡ് രാജാവും പലസ്റ്റീനായിൽ വന്ന് മഹമ്മദീയരെ തോല്പിച്ച് അക്രെ രാജ്യം സ്ഥാപിച്ചു. അക്രെ രാജ്യസ്ഥാപനശേഷം ഫിലിപ്പ രാജാവ് സ്വദേശത്തേയ്ക്കു മടങ്ങി എങ്കിലും റിച്ചാർഡ് രാജാവ് പലസ്റ്റീനായിൽതന്നെ താമസിച്ച് അക്രെ രാജ്യത്തെ വിസ്തൃതമാക്കുവാനും ക്രിസ്ത്യാനികളുടെ നില സുസ്ഥിരമാക്കുവാനും ശ്രമിച്ചു. കുരിശുയുദ്ധത്തിൽ നല്ല പ്രശസ്തി ആർജ്ജിച്ചിട്ടുള്ള ഒരു രാജാവാണ് റിച്ചാർഡ്. സലാഡിനുമായി പലപ്പോഴും യുദ്ധംചെയ്ത് ശത്രുവിനെ തോല്പിച്ചിട്ടുണ്ട്. എന്നാൽ യറുശലേം പട്ടണം കീഴടക്കുവാനുള്ള റിച്ചാർഡിൻെറ ശ്രമം പരാജയമടഞ്ഞു. പലസ്റ്റീനായിൽതന്നെയുള്ള ക്രിസ്ത്യാനികളുടെ ഐകമത്യക്കുറവും വഴക്കുകളും അക്രെ രാജ്യത്തിൻെറ സുസ്ഥിരതയ്ക്കും ഉയർച്ചയ്ക്കും ബാധകമായി നിന്നു. ഗൈയും കോൻറാഡും തമ്മിലുള്ള ചേർച്ചയില്ലായ്മയായിരുന്നു ഈ അസ്വസ്ഥതകൾക്കുള്ള പ്രധാന കാരണം. റിച്ചാർഡ് പലസ്റ്റീനായിലായിരുന്നപ്പോൾ അദ്ദേഹം രണ്ടു കക്ഷികളെയും രമ്യപ്പെടുത്തി വഴക്കുകൾക്ക് ശമനം വരുത്തി. എന്നാൽ ഇപ്പോൾ തൻെറ സാന്നിദ്ധ്യം ഇംഗ്ലണ്ടിൽ അത്യാവശ്യമായിരുന്നതിനാൽ റിച്ചാർഡ് രാജാവ് 1192-ൽ പലസ്റ്റീനായിൽ നിന്നു കപ്പൽ കയറി.

1193-ൽ സലാഡിൽ മരിച്ചപ്പോൾ അദ്ദേഹത്തിൻെറ പുത്രന്മാർ പിൻവാഴ്ച്ചാവകാശത്തിനായി യുദ്ധം ചെയ്തുകൊണ്ടിരുന്നതിനാൽ തൽക്കാലം ശത്രുക്കളുടെ ആക്രമണങ്ങളെ അക്രെ രാജ്യത്തിനു നേരിടേണ്ടിവന്നില്ല. ഇക്കാലത്താണ് പാശ്ചാത്യർ ഒരു ക

രിശ്ശുയുദ്ധം രൂപീകരിച്ചു്, കോൺസ്റ്റാൻറിനോപ്പിൽ ചക്രവൎത്തിമാരോടുള്ള പക വീട്ടുവാനായി, 1204-ൽ പുരാതനവും സംസ്കാരകേന്ദ്രവുമായ ആ പട്ടണം ആക്രമിച്ചു കൊള്ളചെയ്തു്. ശോചനീയമായ ഈ സംഭവത്തിനുശേഷം വേറൊരു കരിശ്ശുസൈന്യം അക്രൈ രാജ്യത്തിൻെറ ശത്രുവായിരുന്ന ഈജിപ്തുസുൽത്താനെ ആക്രമിക്കുകയുണ്ടായി. എന്നാൽ നേതാക്കന്മാരുടെ യോജിപ്പില്ലായ്മയും നിപുണതക്കുറവും കാരണം ഈ കരിശ്ശുദ്ധവും പരാജയമടഞ്ഞു. കരിശ്ശുയുദ്ധത്തിൽ അതീവ തീക്ഷ്ണത പ്രദശിപ്പിച്ച ഒരാളാണു് ഫ്റഞ്ചുരാജാവു്, ലൂയീസ്. പുണ്യസ്ഥലങ്ങളിന്മേലുള്ള ഭക്ത്യാദരവുമൂലം ഇദ്ദേഹം തൻെറ സൈന്യവുമായി പലസ്റ്റീനായ്ക്കുപോയി ധീരതയോടെ ശത്രുവുമായി പൊരുതി പല കഷ്ടനഷ്ടങ്ങളും യാതനകളും സഹിച്ചു. എന്നാൽ ക്രിസ്റ്റീയ ശത്രുവിനെ അമൎത്തി അക്രൈരാജ്യം വിസ്തൃതപ്പെടുത്തി യറുശലേം പട്ടണം കീഴടക്കുവാനുള്ള അദ്ദേഹത്തിൻെറ ഉദ്യമവും പരാജയമടഞ്ഞതേയുള്ളു.

## മഹമ്മദീയ സാമ്രാജ്യം

ഇക്കാലത്തു് പലസ്റ്റീനായിലുള്ള ക്രിസ്ത്യാനികളുടെ ശക്തി ക്ഷയിച്ചുവന്നെങ്കിൽ, മഹമ്മദീയരുടെ ശക്തി അനുദിനം വൎദ്ധിച്ചുവന്നു. ഈജിപ്തു സുൽത്താനായ ബൈൎബാസ് അന്നു പ്രതാപത്തിലിരുന്ന ശക്തരായ മംഗോളിയരെപ്പോലും തോല്പിച്ചു് തൻെറ രാജ്യത്തെ വിസ്തൃതപ്പെടുത്തിവന്നു. ബൈൎബാസ് ക്രിസ്റ്റീയരാജ്യങ്ങളായ അൎമീനിയാ, അന്തിയോക്കിയാ തുടങ്ങിയ രാജ്യങ്ങളെ ആക്രമിച്ചുകൊള്ളചെയ്തു് അനേകം ക്രിസ്ത്യാനികളെ വധിച്ചു. ബൈൎബാസിനെ ഭയന്നു് അക്രൈ രാജാവു് പത്തുവൎഷത്തേയ്ക്കുള്ള ഒരു സമാധാനസന്ധിയിലേപ്പെട്ടു. ബൈൎബാസിൻെറ പിൻഗാമി കലാവുദ്ധിനു് അക്രൈ രാജ്യത്തെ എങ്ങ

നെയെങ്കിലും ഉച്ചാടനംചെയ്തു് തന്റെ രാജ്യത്തെ വിസ്തൃതപ്പെടുത്തണമെന്ന ആഗ്രഹമുണ്ടായിരുന്നു. അക്രെ രാജ്യത്തെ ആക്രമിക്കുവാനായി കലാവുഡിൻ തയ്യാറായിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം മരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പുത്രനും അടുത്ത സുൽത്താനുമായ കാലിൻ തന്റെ പിതാവു തുടങ്ങിയ സംരംഭം പൂർത്തിയാക്കി അക്രെ രാജ്യമത്തെ നിശ്ശേഷം നശിപ്പിക്കുവാൻ തീർച്ചയാക്കി. ഉദ്ദേശം 60,000 കുതിരപ്പടയാളികളും 160,000 കാലാൾപ്പടയാളികളും അവയ്ക്കനുസരിച്ച യന്ത്രങ്ങളും യുദ്ധസാമഗ്രികളുമായിട്ടാണു് കാലിൻ ഡമാസ്കസിൽക്കൂടി 1291 ഏപ്രിൽ അഞ്ചാം തീയതി അക്രെ രാജ്യാതിർത്തിയിൽ വന്നതു്.

### അക്രെ യുദ്ധം

ശത്രുവിന്റെ വരവറിഞ്ഞ അക്രെ നിവാസികൾ തങ്ങളുടെ സകല ബലവുമുപയോഗിച്ചു് ശത്രുവിനെ എതിർക്കുവാൻ ഒരുങ്ങി. അന്നു് അക്രെയുടെയും സൈപ്രസിന്റെയും രാജാവായിരുന്ന ഹെൻറി സൈപ്രസിലെ സൈന്യത്തെയും അക്രെയിലേയ്ക്കയച്ചു. എന്നാൽ മഹമ്മദീയരെ അപേക്ഷിച്ചു് ക്രിസ്ത്യാനികളുടെ സൈന്യബലം വളരെ തുച്ഛമായിരുന്നു. പൗരന്മാർ ഉൾപ്പെടെ അവർ 40,000–ൽ കൂടുതൽ ഇല്ലായിരുന്നു. ഏതായാലും പട്ടണത്തിന്റെ കോട്ടകൾ സുദൃഢമായിരുന്നു എന്ന വസ്തുതയായിരുന്നു അവരുടെ പ്രധാന ശരണം. യന്ത്രങ്ങളുപയോഗിച്ചും അവയെ നശിപ്പിച്ചു് ഉള്ളിൽ പ്രവേശിക്കുവാൻ ശത്രുക്കൾക്കു് അത്ര എളുപ്പമായിരിക്കുകയില്ല. എന്നാൽ മഹമ്മദീയരുടെ നിരന്തരവും ശക്തിയേറിയതുമായ ആക്രമണഫലമായി അവർ കോട്ടയിൽ വിടവുകളുണ്ടാക്കി പട്ടണത്തിനുള്ളിൽ പ്രവേശിച്ചു. പട്ടണത്തിനുള്ളിലും യുദ്ധം തുടർന്നുകൊണ്ടിരുന്നെങ്കിലും ഇനി ക്രിസ്ത്യാനികൾക്കു്

യാതൊരാശയുമുണ്ടായിരുന്നില്ല. ശത്രുക്കൾ പട്ടണത്തിലുണ്ടായിരുന്ന പുരുഷന്മാരെയെല്ലാം നിർദ്ദയം വധിക്കുകയും സ്ത്രീകളെയും കുട്ടികളെയും മഹമ്മദീയ വധൂഗൃഹങ്ങളിലേയ്ക്കു് അയയ്ക്കുകയും ചെയ്തു. ക്രിസ്തീയ രാജ്യാവശിഷ്ടം യാതൊന്നും ശേഷിക്കരുതെന്നുറച്ചു് മഹമ്മദീയർ അക്രെ പട്ടണത്തെ പൂർണ്ണമായി നശിപ്പിച്ചശേഷം പലസ്തീനായിൽ ശേഷിച്ച ടയർ, ബീറൂട്ടു്, ടോർട്ടോസ്സാ തുടങ്ങിയ എല്ലാ ക്രിസ്തീയ പട്ടണങ്ങളും, സമുദ്രതീരത്തുള്ള എല്ലാ കോട്ടകളും തോട്ടങ്ങളും ആക്രമിച്ചു കീഴടക്കി പാലസ്തീനായിലുള്ള എല്ലാ ക്രിസ്തീയ പട്ടണങ്ങൾക്കും സങ്കേതങ്ങൾക്കും ഒരു വിരാമമിട്ടു.

## ഒടുവിലത്തെ കുരിശുയുദ്ധങ്ങൾ

അക്രെ രാജ്യാധ:പതനത്തിനുശേഷവും ചില കുരിശുയുദ്ധങ്ങൾ നടന്നിട്ടുണ്ടു്. സൈപ്രസിലെ രാജാവായിരുന്ന പീററർ ഒന്നാമൻ സൈപ്രസ് രാജാക്കന്മാരുടെ കീഴിലിരുന്ന യറുശലേം രാജ്യത്തെ വീണ്ടെടുക്കുവാനായി ഒരു കുരിശുയുദ്ധം രൂപീകരിച്ചു. ഈജിപ്തു സുൽത്താനെ ആക്രമിച്ചു കീഴടക്കിയാലേ യറുശലേം കരസ്ഥമാക്കുവാൻ സാധിക്കുകയുള്ളു എന്നു തീരുമാനിച്ചു് അദ്ദേഹം സൈന്യസമേതം 1365-ൽ അലെക്സാൺഡ്രിയായിലേയ്ക്കു പോയി ആ പട്ടണം കീഴടക്കി കൊള്ളചെയ്തു. എന്നാൽ ആക്രമണം തുടരുന്നതിനു പകരം ഈജിപ്തു സുൽത്താൻ വരുന്നു എന്നു കേട്ടു് അവർ കൊള്ളചെയ്തെടുത്ത വസ്തുക്കളുമായി തിരിച്ചു സൈപ്രസിലേയ്ക്കു പോരുകയാണു ചെയ്തതു്. ഈ യുദ്ധത്തോടുകൂടി ക്രിസ്ത്യാനികൾ യറുശലേം കീഴടക്കുവാനുള്ള ശ്രമങ്ങൾ കൈവെടിഞ്ഞു് മേലിൽ തുർക്കികളുടെ തുടർന്നുള്ള ആക്രമണങ്ങളെ എതിർക്കുവാൻ ശ്രദ്ധപതിച്ചു.

പതിന്നാലാം നൂററാണ്ടിൽ ഏഷ്യാമൈനറിൽ ഓട്ടമൻ തുർക്കികളുടെ ശക്തി വർദ്ധിച്ചുവന്നതിനാൽ അവർ കോൺസ്റ്റാൻറിനോപ്പിളിനെയും മററു യൂറോപ്യൻ രാജ്യങ്ങളെയും ആക്രമിച്ചുകൊണ്ടിരുന്നു. ഈ തുർക്കികളെ തോല്പിക്കണമെന്ന ഉദ്ദേശത്തോടെ 1396-ൽ രൂപീകരിച്ച കരിശ്ശുയുദ്ധത്തിൽ യൂറോപ്പിലെ പ്രധാന രാജ്യങ്ങളെല്ലാം പങ്കെടുത്തെങ്കിലും ഒരു ലക്ഷത്തോളം ഭടന്മാരടങ്ങിയ ഈ ക്രിസ്തീയസൈന്യം തുർക്കികളാൽ തോല്പിക്കപ്പെടുകയാണുണ്ടായതു്. ഇതുപോലെതന്നെ 1444-ൽ തുർക്കികൾക്കെതിരായി രൂപീകരിച്ച കുരിശ്ശുയുദ്ധവും പരാജയമടഞ്ഞു. വിജയശ്രീലാളിതരായ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ സാമ്രാജ്യത്തെ ആക്രമിച്ചു കീഴടക്കുവാൻ ഇതുതന്നെ നല്ല സന്ദർഭമെന്നു തീരുമാനിച്ചു്, മഹമ്മദ് രണ്ടാമൻ സുപ്രസിദ്ധവും സംസ്കാരകേന്ദ്രവുമായ കോൺസ്റ്റാൻറിനോപ്പിളിനെ 1453-ൽ ആക്രമിച്ചു കീഴടക്കി; തുർക്കികളുടെ പല ശതാബ്ദക്കാലങ്ങളിലെ ആഗ്രഹം സഫലമാക്കി.

## വിജയം

പതിനാറാംനൂററാണ്ടിൽ തുർക്കിശക്തി അതിൻെറ ഉച്ചനിലയിലെത്തി. യൂറോപ്പിനെയും അവരുടെ സാമ്രാജ്യാധിപത്യത്തിൽ കൊണ്ടുവരണമെന്ന നിശ്ചയത്തോടെ അവർ, സൈപ്രസ്, ഹംഗറി, വിയന്നാ മുതലായ രാജ്യങ്ങളെ ഇടവിടാതെ ആക്രമിച്ചുകൊണ്ടിരുന്നു. യൂറോപ്പിലെ ചില പട്ടണങ്ങളും അവർ കരസ്ഥമാക്കി. ക്രിസ്തീയ രാജ്യങ്ങളെയും ക്രിസ്തീയ സംസ്കാരത്തെയും എങ്ങനെയെങ്കിലും നശിപ്പിക്കണമെന്നു കച്ചകെട്ടിയിറങ്ങിയ തുർക്കികൾക്കെതിരായി ഒരു യുദ്ധം ചെയ്യുവാനായി മാർപ്പാപ്പാ പീയൂസ് അഞ്ചാമൻ, യൂറോപ്പിലെ പല ക്രിസ്തീയ രാജാക്കന്മാരോടു ചേ

ന്ന് ഒരു സംഘടിതസൈന്യം രൂപീകരിച്ചു. ഈ സൈന്യം 1571-ൽ ലെപ്പാൻേറാ എന്ന സ്ഥലത്തുവച്ചു തുർക്കികൾക്കെതിരായി യുദ്ധംചെയ്ത് അവരെ നിശ്ശേഷം തോല്പിച്ചു. എന്നാൽ ഈ യുദ്ധവും തുർക്കികളെ അമർത്തുവാൻ പര്യാപ്തമായിരുന്നില്ല. അവർ വീണ്ടും യൂറോപ്യൻ രാജ്യങ്ങളെ ആക്രമിച്ചുകൊണ്ടിരുന്നു. 1683-ൽ മാർപ്പാപ്പാ ഇന്നൊസെൻറു പതിനൊന്നാമൻ തുർക്കികൾക്കെതിരായി വീണ്ടും ഒരു സംഘടിതസൈന്യത്തെ രൂപീകരിച്ചു. യൂറോപ്യൻ രാജാക്കന്മാർ പങ്കെടുത്ത ഈ ക്രിസ്തീയസൈന്യം പല യുദ്ധങ്ങളിലും തുർക്കികളെ തോല്പിച്ച് ഉയർന്നുവന്ന അവരുടെ ശക്തി എന്നെന്നേയ്ക്കുമായി അമർത്തി, യൂറോപ്പിനെയും ക്രിസ്തീയസംസ്കാരത്തെയും സംരക്ഷിച്ചു.

## ചോദ്യങ്ങൾ

1. കരിശുയുദ്ധത്തിനിടയാക്കിയ കാരണങ്ങൾ ഏവ?
2. കരിശുസൈന്യം യറുശലേം രാജ്യം സ്ഥാപിച്ചതുവരെയുള്ള സംഭവങ്ങൾ സംക്ഷേപിക്കുക.
3. അക്രെ രാജ്യസ്ഥാപനവും അതിൻെറ അധഃപതനവും വിവരിക്കുക?

രണ്ടു്

# ഫ്റഞ്ചുവിപ്ളവം

ന്യായമായ് അധികാരത്തെ വെല്ലുവിളിച്ചുകൊണ്ടുയർന്നുവന്ന പ്രോട്ടസ്റ്റൻറുവിപ്ലവമാണ് എല്ലാ ആധുനികവിപ്ലവങ്ങളുടെയും അണിയറ. പതിനാറാംനൂററാണ്ടിൽ ലൂഥർ ദൈവദത്തമായ മാർപ്പാപ്പായുടെയും തിരുസ്സഭയുടെയും അധികാരത്തെ നിഷേധിച്ചു് മതത്തിൽ വിപ്ലവപ്രസ്ഥാനമേർപ്പെടുത്തി. അധികാരനിഷേധവും നിന്ദനവും ഇതുകൊണ്ടും അടങ്ങിയില്ല. പതിനെട്ടാം നൂററാണ്ടിൽ ഈ പ്രസ്ഥാനം ന്യായമായ രാഷ്ട്രീയാധികാരികളുടെപോലും അവകാശങ്ങളെയും അധികാരങ്ങളെയും വെല്ലുവിളിക്കുവാൻ തുടങ്ങി. പ്രോട്ടസ്റ്റൻറുവിപ്ലവം വിതച്ച വിത്തിൻെറ ദുരന്തഫലങ്ങൾ ഇന്നും അവസാനിച്ചിട്ടില്ല; അതു് എല്ലാ തുറകളിലും പുതിയ പുതിയ രൂപം കൈക്കൊണ്ടു് സത്യത്തെയും സമാധാനത്തെയും ഹനിക്കുവാൻ ശ്രമിക്കുകയാണ്. പത്തൊൻപതും ഇരുപതും നൂററാണ്ടുകളിലും അതിൻെറ പീഡനങ്ങളിൽനിന്നു തിരുസ്സഭ വിമോചിതയല്ല. പ്രോട്ടസ്റ്റൻറുവിപ്ലവത്തിനുശേഷം രാഷ്ട്രീയചരിത്രത്തിലെന്നപോലെ തിരുസ്സഭാചരിത്രത്തിലും അതിപ്രധാനമായ ഒരു സംഭവമാണ് ഫ്രഞ്ചുവിപ്ലവം.

## ഗല്ലിക്കനിസം

ഫ്റഞ്ചുവിപ്ലവത്തിനു ഇടയാക്കിയ കാരണങ്ങൾ പലതാണ്. ഫ്റഞ്ചുജനത അമിത വ്യക്തിസ്വാതന്ത്ര്യത്തിനു പേരുകേട്ടവരാണ്. മദ്ധ്യശതകം മുതല്ക്കേ ഫ്റഞ്ചുജനങ്ങളുടെ ഇടയിൽ ഈ അമിതവ്യക്തിസ്വാത

ന്ത്ര്യം ദൃശ്യമായിരുന്നു. ഗല്ലിക്കനിസം, അതായത്ത് മത കാര്യങ്ങളിൽ ഫ്റഞ്ചുകാക്കുണ്ടായിരുന്ന ഈ അമിത സ്വാതന്ത്ര്യമനോഭാവം, പല അസ്വാസ്ഥതകൾക്കും വഴിതെളിച്ചു. ഗല്ലിക്കനിസത്തിനു ചേൎന്നവരുടെ ഉദ്ദേശ്യം മാപ്പാപ്പായുടെ സാൎവ്വത്രികാധികാരം കഴിയുന്നതും കുറയ്ക്കണമെന്നായിരുന്നു. ഗല്ലിക്കൻ സിദ്ധാന്തപ്രകാരം മാപ്പാപ്പാമാരും അവരുടെ പിൻഗാമികളും, അതുപോലെ തിരുസ്സഭയും, ആദ്ധ്യാത്മിക വസ്തുക്കളിന്മേലുള്ള അധികാരം മാത്രമേ ദൈവത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളു. അതിനാൽ അവക്ക് മതപരമല്ലാത്ത കാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും യാതൊരധികാരവുമില്ല; ചക്രവൎത്തിമാരും രാജാക്കന്മാരും ഭൗതികവിഷയങ്ങളിലും രാഷ്ട്രീയവിഷയങ്ങളിലും തിരുസ്സഭാധികാരത്തിനു കീഴ്‌വഴങ്ങണം എന്നതു് ദൈവകല്പനയല്ല; തിരുസ്സഭാധികാരികൾക്കു യാതൊരു വിധത്തിലും രാഷ്ട്രീയാധികാരികളെ സ്ഥാനഭ്രഷ്ടരാക്കുവാൻ അധികാരമില്ല; പ്രജകൾ രാജാക്കന്മാരോടു കാണിക്കേണ്ട ന്യായമായ അനുസരണയിൽനിന്നും ബഹുമാനാദരവുകളിൽനിന്നും അവരെ വിമുക്തരാക്കുവാൻ തിരുസ്സഭക്കു് സാധിക്കുകയില്ല. പൊതുസൂനഹദോസുകൾക്കു് തിരുസിംഹാസനത്തിൻേറമേലും അധികാരമുണ്ടെന്നും, വിശ്വാസസംബന്ധമായ കാര്യങ്ങളിൽ മാപ്പാപ്പായാണു് പ്രധാന ഉത്തരവാദിത്വം വഹിക്കേണ്ടതെങ്കിലും അദ്ദേഹത്തിൻേറ തീരുമാനങ്ങൾക്കും നിയമങ്ങൾക്കും അപ്രമാദിത്വവരമില്ലെന്നും, വിശ്വാസസത്യങ്ങൾക്കു് അപ്രമാദിത്വം ലഭിക്കണമെങ്കിൽ അവക്ക് സഭയുടെ പൊതുസമ്മതം ആവശ്യമാണെന്നും ഗല്ലിക്കനിസം വാദിച്ചു. മാപ്പാപ്പാ തൻേറ അധികാരമുപയോഗിച്ചു് സാൎവ്വത്രിക തിരുസ്സഭക്കായി നിയമങ്ങളും പരിഷ്കാരങ്ങളും ഏൎപ്പെടുത്തുമ്പോൾ, ഓരോ രാജ്യത്തിലെയും ആചാരങ്ങളെയും സമ്പ്രദായങ്ങളെയും ഭര

ണഘടനയെയും ആദരിക്കണമെന്നും, അതിനാൽ ഫ്റഞ്ചുരാജ്യത്തിൽ നിലനിന്നുവരുന്ന ആചാരങ്ങളിലും, രാജാക്കന്മാർ ഉപയോഗിച്ചുവരുന്ന അധികാരങ്ങളിലും മാർപ്പാപ്പാമാർ കൈകടത്തരുതെന്നും അതു ഉൽബോധിപ്പിച്ചു.

ഗല്ലിക്കൻ സിദ്ധാന്തപ്രകാരം സാർവ്വത്രിക തിരുസ്സഭയുടെമേൽ മാർപ്പാപ്പായ്ക്കുള്ള പരമാധികാരം വളരെ പരിമിതമായിരുന്നു. രാഷ്ട്രീയവും ഭൗതികവുമായ തുറകളിൽ അവർ രാജാക്കന്മാർക്കു കീഴ്പ്പെട്ടിരിക്കണം, ആദ്ധ്യാത്മികമായ തുറകളിൽ അവർ പൊതുസൂനഹദോസിനും കീഴ്പ്പെട്ടിരിക്കണം. എല്ലാ മെത്രാന്മാരും കൂടിയ പൊതുസൂനഹദോസുകളുടെ തീരുമാനങ്ങൾക്കു മാത്രമേ അപ്രമാദിത്വവരമുള്ളു. ഈ അബദ്ധസിദ്ധാന്തം ഫ്റാൻസിൽ പല അഴിമതികൾക്കും കാരണമാക്കി. ഫ്റഞ്ചുമെത്രാന്മാരും രാഷ്ട്രീയ ഉദ്യോഗസ്ഥന്മാരും ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കി തങ്ങളുടെ അധികാരത്തെയും ധനത്തെയും വർദ്ധിപ്പിക്കുവാൻ തുടങ്ങി. ഫ്റഞ്ചുമെത്രാന്മാർ മാർപ്പാപ്പാമാരുടെ അവകാശങ്ങളിൽ കൈകടത്തിയെങ്കിൽ, രാഷ്ട്രീയാധികാരികൾ തിരുസ്സഭയുടെ അവകാശങ്ങളെയും ചോരണം ചെയ്തു. പതിനെട്ടാം നൂററാണ്ടിൽ ഗല്ലിക്കനിസം അതിൻെറ പരമകോടിയെ പ്രാപിച്ചു. ഫ്റഞ്ചുരാജാക്കന്മാർ മാർപ്പാപ്പാമാരുടെ അവകാശങ്ങൾ കൂടുതൽ കൂടുതലായി അപഹരിക്കുവാൻ തുടങ്ങി. ലൂയീസ് പതിന്നാലാമനും, ജോസഫ് രണ്ടാമനും അവരുടെ വിവിധ അന്യായപ്രവൃത്തികളാൽ തിരുസ്സഭയെയും മാർപ്പാപ്പാമാരെയും വല്ലാതെ ഞെരുക്കി. മാർപ്പാപ്പാമാരുടെ അനുവാദവും അംഗീകാരവും കൂടാതെ മെത്രാന്മാരെ നിയമിക്കുക, തിരുസ്സഭാവസ്തുക്കളും അവയിൽനിന്നുള്ള ആദായവും അന്യായമായി അപഹരിച്ചെടുക്കുക, തിരുസ്സഭാനിയമങ്ങളെ വേണ്ടിവന്നാൽ മാററി പുതിയ നിയമങ്ങൾ ഏർപ്പെടുത്തുക— മുതലായ പല അഴിമതി

കളും അവർ ചെയ്തിട്ടുണ്ട്. എന്നാൽ മാർപ്പാപ്പാ എപ്പോഴും ഇവക്കെതിരായിനിന്നു് തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കായി വാദിച്ചുവന്നു. ഫ്രഞ്ചുവിപ്ലവകാലത്തു് രാജാക്കന്മാർ അന്യായമായി അവകാശപ്പെട്ട ഈ അധികാരം രാജാക്കന്മാരുടെതന്നെയും തദനന്തരം വിപ്ലവകാരികളുടെയും നാശത്തിനു് ഒരു കണ്ഠകോടാലിയായി തീർന്നു. ഗല്ലിക്കനിസം പരിപൂർണ്ണമായി തിരുസ്സഭയിൽനിന്നു നിഷ്ക്കാസനം ചെയ്യപ്പെട്ടതു് 1870-ൽ മാർപ്പാപ്പാമാരുടെ അപ്രമാദിത്വവരം വിശ്വാസസത്യമായി പ്രഖ്യാപിച്ച വത്തിക്കാൻ സൂനഹദോസിൽവച്ചാണു്.

## ജാൻസനിസം

ജാൻസനിസം എന്നൊരു പതിതമതമാണ് ഫ്രഞ്ചുവിപ്ലവത്തിനു കളമൊരുക്കിയ മറെറാരു കാരണം. ജാൻസേനിയൂസ് എന്നൊരു മെത്രാൻ എഴുതിയ "ആഗസ്റ്റീനോസ്" എന്നൊരു പുസ്തകമാണു് ഈ പതിതമതത്തിന്റെ ഉയർച്ചയ്ക്കും പ്രചാരണത്തിനും കാരണം. ജാൻസേനിയൂസ് ലൂവേയിൻ സർവ്വകലാശാലയിലുള്ള ബായൂസ് എന്നൊരു പണ്ഡിതനിൽനിന്നാണു് ദൈവശാസ്ത്രം പഠിച്ചതു്. ബായൂസ് കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും തമ്മിലുള്ള അകൽച്ച മാററണമെന്ന ഉദ്ദേശ്യത്തോടെ പ്രയത്നിച്ചതിന്റെ ഫലമായി വിശ്വാസപരമായ പല തെററുകളിലും ചെന്നുചാടി. മനുഷ്യമനസ്സിന്റെ സ്വാതന്ത്ര്യം, ഉത്ഭവപാപം, നീതീകരണം മുതലായ വിഷയങ്ങളെക്കുറിച്ചുള്ള ബായൂസിന്റെ പ്രബോധനങ്ങൾ അബദ്ധസമ്പൂർണ്ണമായിരുന്നു. മാർപ്പാപ്പാ പീയൂസ് അഞ്ചാമൻ ഇവയെ പതിതമായി പ്രഖ്യാപിച്ചു് പിൻവലിക്കണമെന്നാവശ്യപ്പെട്ടപ്പോൾ ബായൂസ് അപ്രകാരം ചെയ്തു.

14257

എന്നാൽ ബായ്യൂസിൻെറ ശിഷ്യൻ ജാൻസേനിയൂസ് തൻെറ ഗുരുവിൻെറ പ്രബോധനങ്ങൾ ശരിയെന്നു തെളിയിക്കുവായി വി. ആഗസ്റ്റീനോസ് എഴുതിയ പുസ്തകങ്ങളെല്ലാം വായിച്ചു് തൻെറ ഉദ്ദേശ്യങ്ങൾക്കു പര്യാപ്തമായ ഭാഗങ്ങൾ തനിക്കനുകൂലമായവിധം വ്യാഖ്യാനിച്ചു് ഒരു പുസ്തകമെഴുതി ഈ പതിതമതത്തെ പുനരുദ്ധരിപ്പിച്ചു. ജാൻസേനിയൻസിദ്ധാന്തപ്രകാരം മനുഷ്യൻെറ സ്വാഭാവികമായ അന്ത്യം മോക്ഷരാജ്യത്തിൽ ദൈവത്തെ മുഖത്തോടുമുഖം കണ്ടു് ആനന്ദിക്കുകയാണു്. ഈ ഭാഗ്യമടയുന്നതിനു് അതിസ്വാഭാവികമായ വരപ്രസാദമൊന്നും ആവശ്യമില്ല നമ്മുടെ ആദിമാതാപിതാക്കന്മാരെ സൃഷ്ടിച്ചപ്പോൾ അവക്കു് അതിസ്വാഭാവികമായ വരങ്ങളൊന്നും ദൈവം കൊടുത്തിരുന്നില്ല. അതിനാൽ പാപം ചെയ്യുന്നതിനുമുമ്പു് നമ്മുടെ ആദിമാതാപിതാക്കന്മാക്കുണ്ടായിരുന്ന വരപ്രസാദം, മരണമില്ലായ്മ, പാപാസക്തിയില്ലായ്മ തുടങ്ങിയവയെല്ലാം മനുഷ്യനു സ്വാഭാവികം മാത്രമായിരുന്നു. അതിനാൽ പാപം ചെയ്യപ്പോൾ മനുഷ്യനു സ്വാഭാവികവും അത്യാവശ്യവുമായിരുന്ന ഈ ഗുണങ്ങൾ നഷ്ടമായി. തൽഫലമായി മനുഷ്യൻ തൻെറ സ്വാഭാവികസ്ഥിതിയിൽനിന്നും പരിപൂണ്ണമായി അധ:പതിച്ചു് അവൻെറ സ്വഭാവം തന്നെ മാറി വഷളായി. ഉത്ഭവപാപം പാപാസക്തി (concupiscence) യിലടങ്ങിയിരിക്കുന്നു എന്നും, ശക്തിതരമായ വരപ്രസാദത്തിൻെറ സഹായമില്ലെങ്കിൽ മനുഷ്യമനസ്സിനു് ഈ പാപാസക്തിയെ ജയിക്കുവാൻ ശക്തിയില്ലെന്നും, മനുഷ്യമനസ്സിനെ കൂടുതൽ സന്തോഷപ്പെടുത്തുവാൻ ശക്തിയുള്ളതു ഏതോ അതിലേയ്ക്കു് മനുഷ്യൻ തൻെറ മനസ്സറിയാതെ ബലാൽക്കാരമായി നയിക്കപ്പെടുന്നു എന്നും, ഈ സന്തോഷാസക്തി സ്വാഗ്ഗത്തിൽനിന്നു് അല്ലെങ്കിൽ വരപ്രസാദത്തിൻെറ പ്രവ

ത്തനഫലമായി വരുന്നെങ്കിൽ അതു് മനുഷ്യനെ പുണ്യത്തിലേയ്ക്കും, അല്ല, അതു മനുഷ്യൻെറ സ്വഭാവത്തിൽനിന്നോ പാപസക്തിയിൽ നിന്നോ ആണു് വരുന്നതെങ്കിൽ അതു മനുഷ്യനെ പാപത്തിലേയ്ക്കും നയിക്കുമെന്നും, പുണ്യമായാലും പാപമായാലും ശരി, അവയിൽ നമ്മുടെ സ്വതന്ത്രമനസ്സിനു് ഒരു പങ്കമില്ലെന്നും, വരപ്രസാദാന്തസ്സില്ലാത്ത അജ്ഞാനികൾ ചെയ്യുന്ന നല്ല പ്രവൃത്തികൾപോലും പാപമാണെന്നും, ദൈവം എല്ലാവരുടെയും രക്ഷ ആഗ്രഹിക്കുന്നില്ലെന്നും, തെരഞ്ഞെടുക്കപ്പെട്ടവരുടെ രക്ഷയെ ആഗ്രഹിച്ചു് അവർക്കുമാത്രം ദൈവം വരപ്രസാദം കൊടുക്കുന്നു എന്നും, തുടങ്ങിയുള്ള പതിതസിദ്ധാന്തങ്ങളാണു ജാൻസേനിയൂസ് എഴുതിയ പുസ്തകത്തിൻെറ സാരം.

ഈ പുസ്തകം പ്രസിദ്ധപ്പെടുത്തിയ ഉടൻതന്നെ തിരുസിംഹാസനം അതിനെ പതിതമായി പ്രഖ്യാപിച്ചു. എന്നാൽ ഫ്റാൻസിലും ഹോളണ്ടിലും അതിനു ലഭിച്ച പ്രചാരം വലുതായിരുന്നു. ഫ്റാൻസിലുണ്ടായിരുന്ന ഒരു പ്രധാന കന്യാസ്ത്രീമഠം ഈ പതിതസിദ്ധാന്തങ്ങളെ ഉപേക്ഷിക്കാതെ തിരുസിംഹാസനത്തിനെതിരായി നിന്നതിനാൽ, അതിനെ അമത്തി ബഹിഷ്ക്കരിച്ചു. ഗല്ലിക്കൻ ആശയങ്ങളുള്ള ചില പ്രഭുക്കന്മാരും പണ്ഡിതന്മാരും മാർപ്പാപ്പായ്ക്കെതിരായി ഈ പതിതസിദ്ധാന്തങ്ങളെ പ്രോത്സാഹിപ്പിച്ചു. അതിനാൽ അവർ വിശ്വാസസത്യങ്ങളെ പഠിപ്പിക്കുവാൻ തിരുസ്സഭയ്ക്കു് അപ്രമാദിത്വവരമില്ലന്നും പറഞ്ഞു് മാർപ്പാപ്പായെയും തിരുസ്സഭയെയും ആക്രമിക്കുവാൻ തുടങ്ങി. 1713-ൽ മാർപ്പാപ്പാ ക്ലെമെൻറ പതിനൊന്നാമൻ "ഏകപുത്രൻ" എന്നൊരു തിരുവെഴുത്തുമൂലം ജാൻസേനിയൻ പതിതമതത്തെ ഔദ്യോഗികമായി ഖണ്ഡിച്ചു് ഈ പതിതമതത്തിൽ ചേർന്നവരെയെല്ലാം തിരുസ്സഭയിൽനിന്നും നിഷ്ക്കാസനം ചെയ്തു. എന്നാൽ

ഗല്ലിക്കൻമനോഭാവമുള്ള ചില ഫ്റഞ്ച്മെത്രാന്മാർ ഈ തിരുവെഴുത്ത് അംഗീകരിക്കുവാൻ വിസമ്മതിച്ച് തിരുസ്സഭയെ ഫ്റഞ്ച്വിപ്ലവമാകുന്ന അത്യാഹിതത്തിലേയ്ക്കു തള്ളിവിട്ടു.

ഈശോ സഭ

തിരുസ്സഭയുടെയും തിരുസിംഹാസനത്തിൻെറയും കാവൽഭടന്മാരായിനിന്ന് അവരുടെ എല്ലാ ശത്രുക്കളോടും സുധീരം പടവെട്ടിവന്ന ഈശോ സഭാംഗങ്ങളാണ് ഈ പുതിയ പതിതമതക്കാരുടെയും, പതിനെട്ടാംനൂററാണ്ടിൽ രാജകീയകൊട്ടാരങ്ങളിൽ പ്രബലമായിരുന്ന അജ്ഞേയ വാദികളുടെയും വിശേഷശത്രുത ആർജ്ജിച്ചതു്. തങ്ങളെ ഇത്ര നിപുണതയോടും സാമർത്ഥ്യത്തോടും എതിർക്കുന്ന ഈശോ സഭയെ അമർത്തിയാലേ അവർക്ക് രക്ഷയുള്ളു എന്നു ഗല്ലിക്കനിസത്തിൽചേർന്നവരും, ജാൻസനിസ്ററുകളും മററു് അജ്ഞേയവാദികളും മനസ്സിലാക്കി, അവർ അതിനുള്ള വഴി ആരാഞ്ഞു. ഈശോസഭയുടെമേലും അതിൻെറ അംഗങ്ങളുടെമേലും അന്യായ കുററങ്ങൾ ആരോപിച്ച് അവർ കപടതന്ത്രക്കാരും രാജ്യത്തിൻെറയും തിരുസ്സഭയുടെയും ശത്രുക്കളുമാണെന്ന് പ്രചരിപ്പിക്കുവാൻ തുടങ്ങി. പോർട്ടുഗീസിലെ പ്രധാനമന്ത്രിയും ഈശോസഭയുടെ ബദ്ധവൈരിയുമായിരുന്ന പോംബാൽ 1759-ൽ പോർട്ടുഗലിൽനിന്നും അതിൻെറ കോളണികളിൽനിന്നും എല്ലാ ഈശോസഭാംഗങ്ങളെയും ബഹിഷ്ക്കരിക്കുകയും അവരുടെ വക സ്വത്തുക്കൾ അപഹരിച്ചെടുക്കുകയുംചെയ്തു. 1764-ൽ ഫ്റാൻസും 1767-ൽ സ്പെയിനും ഈശോസഭയെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. മാർപ്പാപ്പാ ക്ലെമൻറു പതിമൂന്നാമൻ ഈ രാജ്യങ്ങൾക്കെതിരായി ഈശോസഭയ്ക്കുവേണ്ടി വാദിക്കുകയും അതിനെതിരായി എന്തെങ്കിലും പ്രവർത്തിക്കുവാൻ വിസമ്മതിക്കുകയും

ചെയ്തു. എന്നാൽ തിരുസ്സഭയുടെ ശത്രുക്കൾ അദ്ദേഹത്തിന്റെ പിൻഗാമി ക്ലെമന്റു പതിന്നാലാമനെ വളരെ നിർബന്ധിച്ചതിന്റെ ഫലമായി മാർപ്പാപ്പാ 1773 ജൂലൈ 21-ാം തീയതി ഒരു തിരുവെഴുത്തുമൂലം ഈശോസഭയെ അമർത്തി. (ഈശോസഭാംഗങ്ങൾ റഷ്യയിൽ അഭയം പ്രാപിച്ചതിനാലും അവിടത്തെ രാജ്ഞി കാതറിൻ മാർപ്പാപ്പായുടെ തിരുവെഴുത്ത് പ്രസിദ്ധപ്പെടുത്താഞ്ഞതിനാലും ഈശോസഭ അതിന്റെ ഔദ്യോഗികമായ അമർത്തലിനുശേഷവും നിലനിന്നുവന്നു. 1801-ൽ മാർപ്പാപ്പാ പീയൂസ് ഏഴാമൻ ഒരു തിരുവെഴുത്തുമൂലം റഷ്യയിലും, 1814-ൽ വേറൊരു തിരുവെഴുത്തുമൂലം കത്തോലിക്കലോകമെങ്ങും ഈശോസഭയെ പുനസ്ഥാപിച്ചു.) അവരുടെ ആപത്തുകാലത്തും, ശത്രുക്കളിൽനിന്നു തിരുസ്സഭയെ കാത്തുപരിപാലിച്ചുവന്ന ഈ സന്നദ്ധഭടന്മാരുടെ അഭാവമായിരുന്നു ഫ്റഞ്ചുവിപ്ലവത്തിനുള്ള മറെറാരു കാരണം.

## റാഷണലിസ്റ്റുകാർ

പതിനെട്ടാംനൂററാണ്ടിന്റെ ആരംഭംമുതൽ ഉത്ഭവിച്ച പല അജ്ഞേയവാദികളും അവിശ്വാസികളായ ഗ്രന്ഥകാരന്മാരും വിശ്വാസസത്യങ്ങളെ ചോദ്യം ചെയ്യുവാൻ തുടങ്ങി. യൂറോപ്യൻരാജ്യങ്ങളിൽ ക്രിസ്തീയ വിശ്വാസത്തിനുതന്നെ ഒരു കോട്ടംവന്നു. ക്രിസ്തീയവെളിപാടിനെതിരായുള്ള പുസ്തകങ്ങൾ പ്രോട്ടസ്റ്റൻറുരാജ്യങ്ങളായ ഇംഗ്ലണ്ടിൽനിന്നും ഹോളണ്ടിൽനിന്നും പുറത്തുവന്നു. ഇംഗ്ലീഷ്കാരായ ജോൺലോക്കും ഹ്യൂമും ബുദ്ധിശക്തിക്കും പരീക്ഷണത്തിനും അതീതമായ എല്ലാ സത്യങ്ങളെയും നിരാകരിച്ചു. അവർ ദൈവാസ്തിക്യത്തെ നിഷേധിച്ചില്ലെങ്കിലും, ദൈവവെളിപാട്ട് അവർ എതിർത്തു. അവരുടെ ചിന്താഗതി മററുരാജ്യങ്ങളിലേയ്ക്കും പരന്നതോടുകൂടി അവിശ്വാസവും പ്രച

രിച്ചു. ഈ ചിന്താപരമ്പരയിൽ ചേർന്ന തത്ത്വശാസ്ത്രജ്ഞന്മാരെ റാഷണലിസ്റ്റ് എന്നും സ്വതന്ത്രചിന്തകന്മാരെന്നും വിളിക്കാറുണ്ട്,

ഈ സ്വതന്ത്രചിന്തകന്മാരുടെ ആപൽക്കരമായ ആശയങ്ങൾ എല്ലാ രാജ്യങ്ങളിലും പരത്തുവാനായി ഫ്റീമെസൻസ് എന്നറിയപ്പെടുന്ന ഒരു സർവ്വരാജ്യസംഘടനയും രൂപീകരിക്കുകയുണ്ടായി. ഈ സംഘടന അതിൻെറ പ്രഥമ ആസ്ഥാനം 1717–ൽ ലണ്ടൻ നഗരത്തിൽ ഉൽഘാടനം ചെയ്തു. ഈ പുതിയ തത്ത്വശാസ്ത്രം ഫ്റാൻസിൽ വളരെവേഗം പ്രചരിച്ചു. 1750–ൽ ഡിഡറോ എന്നൊരു അജ്ഞേയവാദിയുടെ നേതൃത്വത്തിൽ എഴുതുവാൻ തുടങ്ങിയ ഫ്റഞ്ച് എൻസൈക്ലോപീഡിയാ ഈ തത്ത്വശാസ്ത്രത്തെ പരത്തുവാൻ ഒരുപാധിയായി. തിരുസ്സഭയെയും നിലവിലിരുന്ന ഫ്റഞ്ചുഗവൺമെണ്ടിനെയും നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ പ്രയത്നിച്ച മററു രണ്ടു പ്രധാന ഗ്രന്ഥകാരന്മാർ റൂസോയും വോൾട്ടയറുമായിരുന്നു. റൂസോ തൻെറ സമുദായ ഉടമ്പടി എന്ന പുസ്തകംമൂലം രാജ്യത്തിൽ ജനങ്ങളുടെ അഭീഷ്ടത്തിനാണ് പരമാധികാരമുണ്ടായിരിക്കേണ്ടതെന്നു പഠിപ്പിച്ച് ജനങ്ങളെ വിപ്ലവത്തിനു തയ്യാറാക്കി. റൂസോ അമേരിക്കൻ സ്വാതന്ത്ര്യസമരത്തിനു പ്രേരണ നൽകി. ആ യുദ്ധം വിജയമടഞ്ഞതു് ഫ്റഞ്ചുവിപ്ലവത്തിനു് മറെറാരു കാരണവുമായി. വോൾട്ടയർ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും കൊട്ടാരങ്ങളിൽ ദൃശ്യമായിരുന്ന എല്ലാ ദുഷ്തഴക്കത്തെയും ആഡംബരപ്രവണതയെയും നിശിതമായി എതിർത്തു. കത്തോലിക്കതിരുസ്സഭയോടും അതിൻെറ അധികാരികളോടും എന്തെന്നില്ലാത്ത ഒരു വെറുപ്പും വൈരാഗ്യവുമാണു് വോൾട്ടയർക്കുണ്ടായിരുന്നതു്. ഇപ്രകാരം ആശയത്തിലും സാഹിത്യത്തിലും ഉത്ഭവിച്ച ഈ വ്യതിയാനം ഫ്റഞ്ചുവിപ്ലവത്തെ ത്വരിതപ്പെടുത്തി.

സാമ്പത്തികാധഃപതനം

രാഷ്ട്രീയവും സാമുദായികവുമായ മററു പല കാരണങ്ങളും ഫ്റഞ്ചുവിപ്ലവത്തിനു വഴിതെളിച്ചു. ഫ്റഞ്ചുരാജാവായ ലൂയീസ് പതിന്നാലാമൻെറ ആഡംബരപൂൎണ്ണമായ അനാവശ്യച്ചെലവുകളും മററുരാജ്യങ്ങളുമായുള്ള ദീൎഘിച്ച യുദ്ധങ്ങളുംമൂലം ഫ്റാൻസിൻെറ സാമ്പത്തികസ്ഥിതി അധഃപതിച്ചു. പലവിധവും ചിലപ്പോൾ അന്യായവുമായ നികുതികൾ ചുമത്തി രാജാവു് പ്രജകളെ ഞെരുക്കി സാധുജനങ്ങളുടെ അപ്രീതി സമ്പാദിച്ചു. ലൂയീസ് പതിന്നാലാമൻ മരിക്കുമ്പോൾ ഒരു വലിയ സംഖ്യ കടമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പിൻഗാമി ലൂയീസ് പതിനഞ്ചാമൻെറ കാലത്തു് അധഃപതിച്ചുവന്ന സാമ്പത്തികസ്ഥിതി കൂടുതൽ വിഷമമായിത്തീൎന്നു. രാജകൊട്ടാരത്തിൽ ദൃശ്യമായിരുന്ന ആഡംബരപ്രവണതയും സ്വാൎത്ഥതല്പരതയും രാജാവിൻെറ പ്രശസ്തിയിൽ കളങ്കം തേച്ചെങ്കിൽ, അദ്ദേഹത്തിൻെറ ഭരണനിപുണതക്കുറവും തന്മൂലം സാധാരണജനങ്ങൾക്കു വഹിക്കേണ്ടിവന്ന വലിയ നികുതിഭാരവും രാജാവിനെ വിദ്വേഷപാത്രമാക്കി. കൂടാതെ സമുദായത്തിൽ സൎവ്വത്ര പ്രത്യക്ഷപ്പെട്ടിരുന്ന അസ്വാസ്ഥതയെ നീക്കുന്നതിനു് ഒരു സാമുദായികപരിഷ്ക്കാരം അത്യാവശ്യമായിരുന്നു. ഒരു ഭാഗത്തു് പ്രഭുവിഭാഗത്തിൽപ്പെട്ടവർ അലസരായി സുഖലോലുപമായ ജീവിതം നയിച്ചപ്പോൾ, സാധാരണക്കാർ ദിവസം മുഴുവൻ ക്ലേശിച്ചു ബുദ്ധിമുട്ടിയിട്ടും പട്ടിണിയെ അകററിനിറുത്തുവാൻ സാധിച്ചില്ല. ഇപ്രകാരമുള്ള കൎഷകരും വെറും ഒരു തുച്ഛതുക ശമ്പളമായി ലഭിച്ചുകൊണ്ടിരുന്ന പട്ടാളക്കാരും രാജ്യമൊട്ടുക്കു് പ്രചരിച്ചുവന്ന വിപ്ലവാശയങ്ങളാൽ പ്രേരിതരായി ഗവമ്മെൻറിനും സമുദായഘടനയ്ക്കുമെതിരായി പടപെട്ടുവാൻ തയ്യാറായി. തിരുസ്സഭയുടെ ബദ്ധശത്രുക്കളായിരുന്ന വിപ്ലവ

കാരികൾ, ആഡംബരപ്രിയരായ മെത്രാന്മാരുടെ ജീവിതരീതിയെ അപലപിച്ചും, തിരുസ്സഭയെ, നിലനിന്നുവന്ന ഗവമ്മെൻറിൻെറ ഒരു വിഭാഗമായി എടുത്തുകാണിച്ചും, വിപ്ലവത്തെ തിരുസ്സഭയ്ക്കെതിരായും നയിക്കുവാൻ മുൻകരുതലുള്ളവരായിരുന്നു.

## മതപീഡനം

ലൂയീസ് പതിനഞ്ചാമൻെറ പിൻഗാമി ലൂയീസ് പതിനാറാമൻ അധഃപതിച്ചുവന്ന രാജ്യത്തിൻെറ സാമ്പത്തികസ്ഥിതിക്ക് പരിഹാരമുണ്ടാക്കണമെന്ന നിശ്ചയത്തോടെ 1788–ൽ നിയമസഭ വിളിച്ചുകൂട്ടി. 1614–നുശേഷം ഇതാദ്യമായിട്ടാണ് നിയമസഭ കൂടുന്നതു്. രാജാവിൻെറ ആദ്ധ്യക്ഷതയിൽ 1789 മേയ് മാസത്തിൽ വേസേയിസിൽവച്ചു് നിയമസഭ അതിൻെറ പരിപാടികൾ ആരംഭിച്ചു. ഈ നിയമസഭാംഗങ്ങളിൽ ഭൂരിഭാഗവും ജാൻസനിസം, ഗല്ലിക്കനിസം, റാഷണലിസം മുതലായ പതിതമതത്തിൽ ചേൎന്നവരും നിരീശ്വരന്മാരുമായിരുന്നു. ശേഷിയില്ലാത്തതും അഴിമതികൾ നിറഞ്ഞതുമായ നിലവിലിരുന്ന ഭരണസ്ഥാപനത്തെ നശിപ്പിച്ചു് ഒരു പുതിയ ഭരണഘടന ഏല്പ്പെടുത്തണമെന്നായിരുന്നു വിപ്ലവകാരികളായ ഈ അംഗങ്ങളുടെ ഉദ്ദേശ്യം. നിയമസഭയിലുണ്ടായിരുന്ന പ്രഭുക്കന്മാൎക്കും ഇവരോടുകൂടി ചേരാതെ ഗത്യന്തരമില്ലെന്നായി. അതിനാൽ നിയമസഭ ഒരു പുതിയ ഭരണഘടനയുണ്ടാക്കി പഴയ ഫ്യൂഡൽ സമ്പ്രദായമെല്ലാം നിറുത്തലാക്കി, സമത്വവും സ്വാതന്ത്ര്യവും എല്ലാപ്രജകൾക്കും വാഗ്ദാനം ചെയ്തു. രാജ്യത്തിൻെറ സാമ്പത്തികസ്ഥിതി ഉയൎത്തുവാൻ ഈ അവിശ്വാസികൾ കണ്ടുപിടിച്ച മാൎഗ്ഗം തിരുസ്സഭാവസ്തുക്കളെ എല്ലാം രാജ്യത്തിൻെറ സ്വന്തമാക്കുക എന്നതായിരുന്നു. ഈ ഉദ്ദേശ്യത്തോടെ അവർ വൈദികൎക്കുവേണ്ടി ഒരു പുതിയനി

യമസംഹിത ക്രോഡീകരിച്ചു. ഈ പുതിയനിയമപ്ര കാരം ഫ്റാൻസിൽ നിലവിലിരുന്ന മെത്രാസനങ്ങ ളിൽ 48 എണ്ണം വെട്ടിക്കുറച്ചു. മെത്രാന്മാരെയും വി കാരിമാരെയും തെരഞ്ഞെടുക്കുന്നതു് ഓരോ സ്ഥലത്തെ യും ജനങ്ങളായിരിക്കണമെന്നും; അതിൽ മാപ്പാപ്പാ യ്ക്കു യാതൊരധികാരവുമില്ലെന്നും, തെരഞ്ഞെടുക്ക പ്പെട്ട മെത്രാന്മാർ അംഗീകാരത്തിനായി മാപ്പാപ്പാ യോടപേക്ഷിക്കുന്നതു് നിയമവിരുദ്ധമാണെന്നും പ്ര ഖ്യാപിച്ചു. കത്തോലിക്കമതമുപേക്ഷിച്ച ഒരു മെ ത്രാൻെറ നിർദ്ദേശപ്രകാരം നിയമസഭ തിരുസ്സഭാവ സ്തുക്കളും ധനങ്ങളുമെല്ലാം രാഷ്ട്രീകരിച്ചു. മേലിൽ ഗവമ്മെൻറു വൈദികക്ക് ശമ്പളം കൊടുത്തുകൊള്ളാ മെന്നു നിയമവും ഉണ്ടായി. ഈ പുതിയ ഭരണഘടന യനുസരിച്ചു് ജീവിച്ചുകൊള്ളാമെന്നു് എല്ലാ വൈ ദികരും വാഗ്ദാനം ചെയ്യേണ്ടിയിരുന്നു. എന്നാൽ 130 മെത്രാന്മാരിൽ നാലുപേർ മാത്രമേ വൈദികക്കായി ക്രോഡീകരിച്ച ഈ പുതിയനിയമം അനുസരിക്കാ മെന്നു വാഗ്ദാനം ചെയ്തുള്ളു. 70,000 വൈദികരിൽ 50,000 പേർ നിർദ്ദേശിക്കപ്പെട്ട വാഗ്ദാനം എടുക്കു വാൻ വിസമ്മതിച്ചു.

അവിശ്വാസികൾ നിറഞ്ഞ ഫ്റഞ്ചുനിയമസഭ തിരുസ്സഭയോടു യുദ്ധപ്രഖ്യാപനം ചെയ്തു് എല്ലാ സന്യാ സസഭകളും വ്രതവാഗ്ദാനങ്ങളും നിയമവിരുദ്ധമാക്കി. ഈ നിയമങ്ങൾ പ്രായോഗികമാക്കുവാൻ അവർ ക്രൂര നടപടികളും അംഗീകരിച്ചു. കന്യാസ്ത്രീകളെ മഠ ങ്ങൾക്കു പുറത്താക്കി, പല മഠങ്ങളും സന്യാസമന്ദിര ങ്ങളും ജയിലറകളായി മാററി. 37000 കന്യാസ്ത്രീ കൾ പുറത്താക്കപ്പെട്ടു, 14000 ഉപവിയുടെ സഹോ ദരികൾ ആശുപത്രിയിൽനിന്നും മററും ബഹിഷ്ക്കരി ക്കപ്പെട്ടു. ഇവരിൽ പലരും വേദസാക്ഷിമുടിയും സ്വീ കരിച്ചിട്ടുണ്ടു്. പുതിയ നിയമമനുസരിക്കാമെന്നു

വാഗ്ദാനം ചെയ്യാത്ത വൈദികരെ ബഹിഷ്ക്കരിക്കുകയോ കാരാഗൃഹത്തിലടയ്ക്കുകയോ ചെയ്തു. ഇപ്രകാരം വാഗ്ദാനം ചെയ്യാത്ത 50,000 വൈദികരെ 1791-ൽ രാജ്യത്തിൽനിന്നു ബഹിഷ്ക്കരിച്ചു. ഈ അന്യായമായ നടപടികളെ അംഗീകരിക്കുവാൻ രാജാവു വിസമ്മതിച്ചു. മാർപ്പാപ്പാ പീയൂസ് ആറാമൻ അവയെ ശക്തിയായി എതിർത്തു. തങ്ങളുടെ എല്ലാ ശത്രുക്കളെയും ഭയപ്പെടുത്തി ജയിക്കുവാൻ വിപ്ലവകാരികൾ എടുത്ത മാർഗ്ഗങ്ങൾ കൊള്ളയും കൊലയുമായിരുന്നു. ഫ്റാൻസിലുണ്ടായിരുന്ന മാർപ്പാപ്പായുടെ വക സ്ഥലങ്ങൾ വിപ്ലവകാരികൾ ആക്രമിച്ചു കീഴടക്കി. തങ്ങൾക്കെതിരായി നിന്നവരെയെല്ലാം ക്രൂരമായി മർദ്ദിച്ചു വധിക്കുവാനും അവർ മടിച്ചില്ല. രാജ്യമാകെ അരാജകത്വം നൃത്തമാടി. ഈ സന്ദർഭമുപയോഗിച്ച് കൊള്ളക്കാരും തെണ്ടികളും തെരുവുകളും കടകളും വീടുകളും കൊള്ളയടിച്ചു. വിപ്ലവത്തിൽ വധിക്കപ്പെട്ടവരുടെ രക്തം പാരീസ് നഗരത്തിലും പ്രവിശ്യകളിലുംകൂടി പ്രവഹിച്ചു. വിപ്ലവകാരികൾ ആയിരക്കണക്കിനു പള്ളികളും തിരുസ്സഭാസ്ഥാപനങ്ങളും നശിപ്പിച്ച് അവയിലുണ്ടായിരുന്ന വിലപിടിച്ച സാധനങ്ങൾ അപഹരിച്ചു.

## കൊലപാതകങ്ങൾ

ഈ സന്ദർഭത്തിൽ വിപ്ളവകാരികളിൽതന്നെ ഒരു പിളർപ്പുണ്ടായി. അവർ രണ്ടുകക്ഷികളായി പിരിഞ്ഞ് അന്യോന്യം വധിക്കുവാൻ തുടങ്ങി. ഒടുവിൽ മോൺട്ടനിയേസ് എന്ന കക്ഷി ജയിച്ച് അവർ രാജ്യത്തെ വീണ്ടും ഞെരുക്കുവാൻ തുടങ്ങി. ഫ്റാൻസിനെ ഒരു ജനായത്തരാജ്യമായി അവർ പ്രഖ്യാപിച്ചു. തങ്ങളുടെ ഹിതങ്ങൾക്കെതിരായി നിന്ന രാജാവിനെയും രാജ്ഞിയെയും വിസ്തരിച്ചു വധിക്കുവാൻ അവർ തീരു

മാനിച്ചു. അവർ ലൂയീസ് പതിനാറാമനെ 1793 ജനുവരി 21-ാം തീയതിയും രാജ്ഞി മരിയ ആന്റോയിനററിനെ 1793 ഒക്ടോബർ 16-ാം തീയതിയും വധിച്ചു. അവരുടെ പുത്രൻ ലൂയീസ് പതിനേഴാമൻ കാരാഗൃഹത്തിൽവച്ചു മൃതിയടഞ്ഞു. യൂറോപ്യൻ രാജ്യങ്ങൾ ഈ കൊലപാതകങ്ങൾക്കും അക്രമങ്ങൾക്കുമെതിരായി ശക്തിയായി പ്രതിഷേധിച്ചെങ്കിലും വിപ്ളവകാരികൾ അവയെല്ലാം അവഗണിച്ച് തങ്ങൾക്കെതിരായിനിന്നവരോടെല്ലാം യുദ്ധം പ്രഖ്യാപിക്കുകയാണ ചെയ്തത്. എന്നാൽ അന്യോന്യകലഹത്തിലും അസൂയയിലും കഴിഞ്ഞുവന്ന യൂറോപ്യൻ രാജ്യങ്ങൾക്ക് ഫ്റാൻസിനെതിരായി യോജിക്കുവാനോ, ഒരു യുദ്ധത്തിൽ ഫ്റഞ്ചുവിപ്ളവകാരികളെ തോല്പിക്കുവാനോ സാധിച്ചില്ല.

ഫ്റഞ്ചുവിപ്ളവകാരികൾ തുടന്നു സ്വീകരിച്ച നടപടി കത്തോലിക്കാ തിരുസ്സഭയെത്തന്നെ നിശ്ശേഷം നശിപ്പിച്ച് തൽസ്ഥാനത്ത് പ്രകൃതിയാരാധന ഏർപ്പെടുത്തുകയായിരുന്നു. നോട്ടർഡാം ദേവാലയപീഠത്തിൽ ഒരു അശ്ലീലനത്തകിയെ അവരോധിച്ച് അവളെ തങ്ങളുടെ ദേവതയായി ആരാധിച്ചു. ഈ പുതിയ നിരീശ്വരത്വം ആവിർഭവിച്ചതോടെ പുതിയനിയമങ്ങൾ അനുസരിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്യു വൈദികക്കും ഫ്റാൻസിൽ സ്ഥാനമില്ലെന്നായി. അവരും ഒടുവിൽ വിപ്ളവകാരികളുടെ മർദ്ദനത്തിനും പീഡനത്തിനും ഇരയായി. എന്നാൽ ഫ്റഞ്ചുവിപ്ളവത്തിലെ ഒരു പ്രധാന നേതാവായിരുന്ന റോബസ്പീയർ എന്നൊരാൾക്ക് ഈ പുതിയ നിരീശ്വരത്വം അതൃപ്തികരമായിത്തോന്നി. അദ്ദേഹം ഒരു പരമസത്തയെ (Supreme Being) യും ആത്മാവിന്റെ മരണമില്ലായ്മയെയും അംഗീകരിച്ച്, ആ പരമസത്തയെ ഫ്റഞ്ചുജനങ്ങളെല്ലാവരും ആരാധിക്കണമെന്നു പ്രഖ്യാപിച്ചു. റോബസ്പിയറിന്റെ ഈ സ്വേച്ഛാധി

പത്യനടപടികളെ ചില വിപ്ളവകാരികൾ എതിർത്തു. ചില മാസങ്ങൾക്കുള്ളിൽ അവർ, പലരേയും വധശിക്ഷയ്ക്കു വിധിച്ച റോബെസ്പിയറിനെതന്നെ വധിച്ചു. തുടർന്നു രണ്ടുദിവസത്തിനുള്ളിൽ ഇത്രമാത്രം അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കും കാരണക്കാരായിരുന്ന 80 പേർ വധിക്കപ്പെട്ടു. തൽഫലമായി രാജ്യത്തിൻെറ നില അല്പം ഭേദപ്പെട്ടു. അതിനുശേഷം തെരഞ്ഞെടുക്കപ്പെട്ട അഞ്ചംഗങ്ങളോടുകൂടിയ ഒരു സംഘം രാജ്യഭരണമേററു. ഈ ഗവൺമെൻറു തിരുസ്സഭക്കും വൈദികർക്കുമെതിരായുള്ള പല അന്യായനിയമങ്ങളും നടപ്പിലാക്കാതെ മതസ്വാതന്ത്ര്യം പേരിനെങ്കിലും അനുവദിച്ചു. പല സ്ഥലങ്ങളിലും പള്ളികൾ പണിയുവാനും ദിവ്യപൂജ അർപ്പിക്കുവാനും തുടങ്ങി.

## നെപ്പോളിയൻ

1795—ൽ ഉത്ഭവിച്ച ഈ ഭരണസംഘത്തിൻെറ യുദ്ധനേതാവു് നെപ്പോളിയൻ ബോണപ്പാർട്ടു് ആയിരുന്നു. അദ്ദേഹം ഇററലി ആക്രമിച്ചു് മാർപ്പാപ്പായിൽനിന്നും ഒരു വലിയ തുക പണവും സ്ഥലങ്ങളും കരസ്ഥമാക്കി. 1798—ൽ ഫ്റഞ്ചുസൈന്യം റോമാനഗരം വീണ്ടും ആക്രമിച്ചു് മാർപ്പാപ്പാ പീയൂസ് ആറാമനെ ഒരു തടവുകാരനാക്കി ഫ്റാൻസിലേയ്ക്കു കൊണ്ടുപോന്നു. അദ്ദേഹത്തിൻെറ പിൻഗാമി പീയൂസ് 7—ാമനെ തെരഞ്ഞെടുത്ത 1799—ൽ നെപ്പോളിയൻ ഫ്റാൻസിൽ നിലവിലിരുന്ന ഭരണസംഘത്തെ പിരിച്ചുവിട്ടു് തന്നെത്താൻ ഫ്റഞ്ചുരാജാവായി പ്രഖ്യാപിച്ചു. രാജ്യത്തിൻെറ ക്ഷേമത്തിനും സ്വസ്ഥതയ്ക്കും കത്തോലിക്കമതം അത്യാവശ്യമാണെന്നു നെപ്പോളിയനു ബോദ്ധ്യമായി. അതിനാൽ അദ്ദേഹം വിപ്ളവകാരികൾ നിർമ്മിച്ച വൈദികരെ സംബന്ധിച്ച പുതിയ നിയമങ്ങൾ റദ്ദുചെയ്കയും 1801—ൽ പീയൂസ് ഏഴാമനുമായി ഒരു

ഒത്തുതീപ്പിൽ എത്തുകയും ചെയ്തു. നെപ്പോളിയൻെറ കിരീടധാരണകമ്മം പ്രമാണിച്ച് മാപ്പാപ്പാ ഫ്റാൻസിലേയ്ക്കു വന്നെങ്കിലും നെപ്പോളിയൻെറ സേച്ഛാധികാരപ്രവണതയും യുദ്ധനയങ്ങളും മാപ്പാപ്പാ ഒരിക്കലും അംഗീകരിച്ചില്ല. അതിനാൽ നെപ്പോളിയൻ മാപ്പാപ്പായുമായി പിണങ്ങി മാപ്പാപ്പായുടെ രാജ്യം 1809–ൽ ആക്രമിച്ചു. മാപ്പാപ്പായോ നെപ്പോളിയനെ മഹറോൻശിക്ഷയിൽ ഉൾപ്പെടുത്തി. ഇതിൽ കോപിഷ്ഠനായ നെപ്പോളിയൻ പീയൂസ് ഏഴാമനെ ബന്ധനസ്ഥനാക്കി ഫ്റാൻസിലേയ്ക്കു കൊണ്ടുപോന്നു. പീഡകളും അപമാനങ്ങളും നിറഞ്ഞ ഈ ബന്ധനം മാപ്പാപ്പാ ക്ഷമയോടെ സഹിച്ചു. 1814–ൽ സ്വതന്ത്രനായി റോമിലേയ്ക്കു തിരിച്ചുവന്ന പീയൂസ് ഏഴാമനു് എല്ലാരാജ്യങ്ങളിലുമുള്ള വിശ്വാസികൾ ഗംഭീരസ്വീകരണങ്ങൾ നൽകി. ആ വഷംതന്നെ, പീയൂസ് ഏഴാമനെ തടവിലിട്ടിരുന്ന ഫോൻട്ടിനാബ്ളൂയിലെ കാരാഗൃഹത്തിൽവച്ചുതന്നെ, സംഘടിതസൈന്യത്താൽ പരാജിതനായ നെപ്പോളിയൻ, തൻെറ സ്ഥാനത്യാഗച്ചീട്ടു എഴുതിക്കൊടുക്കുവാൻ നിർബന്ധിതനായി നാടുകടത്തപ്പെട്ടു. നെപ്പോളിയൻ 1815–ൽ എൽബായിൽനിന്നു തിരിച്ചുവന്നെങ്കിലും, വീണ്ടും വാട്ടർലൂ യുദ്ധത്തിൽ നിശ്ശേഷം തോല്പിക്കപ്പെട്ടു് ഹെലാനാദ്വീപിലേയ്ക്കു് നാടുകടത്തപ്പെട്ടു.

സമാധാനം

നെപ്പോളിയനുശേഷം ഫ്റഞ്ചുരാജാവായി അവരോധിക്കപ്പെട്ട ളൂയീസ് പതിനെട്ടാമൻ മാപ്പാപ്പായുമായി സ്നേഹബന്ധം പുലർത്തി ഫ്റാൻസിൽ തിരുസ്സഭയുടെ അഭിവൃദ്ധിക്കുവേണ്ട മാർഗ്ഗങ്ങൾ സ്വീകരിച്ചു. വിപ്ളവകാലത്തെ അഴിമതികളിൽനിന്നും പീഡനങ്ങളിൽനിന്നും സാവധാനം തിരുസ്സഭ വിമോചിതയായി.

ഫ്റാൻസിലെ മെത്രാസനങ്ങളുടെ സംഖ്യ വദ്ധിപ്പിച്ചു. പല പുതിയ സന്യാസസഭകളും ആവിർഭവിച്ചു. പുതിയ പള്ളികളും ഇടവകകളും രാജ്യമൊട്ടുക്ക് ഉയരുവാൻ തുടങ്ങി. ഫ്റാൻസിൽതന്നെ അനവധി മാനസാന്തരങ്ങൾ സംഭവിച്ചു. തീക്ഷ്ണതയേറിയ മിഷ്യനറിമാർ ലോകത്തിലുള്ള മിഷ്യൻ രംഗങ്ങളിലേയ്ക്കു് വേദപ്രചാരണവേലയ്ക്കായി മുന്നോട്ടുവന്നു. ഇപ്രകാരം കത്തോലിക്കാചൈതന്യത്താൽ ഫ്റാൻസ് അലതല്ലി.

## ചോദ്യങ്ങൾ

1. ഫ്റഞ്ചുവിപ്ളവത്തിനു വഴി തെളിച്ച കാരണങ്ങൾ സംക്ഷേപമായി വിവരിക്കുക.
2. ഗ്ല്ലിക്കനിസം, ജാൻസനിസം ഇവയെക്കുറിച്ച് ഓരോ കുറിപ്പെഴുതുക.
3. ഫ്റഞ്ചുവിപ്ളവകാലത്തു് തിരുസ്സഭയ്ക്കു നേരിട്ട പീഡനങ്ങൾ സംക്ഷേപിക്കുക.

## മൂന്നു്

# മിഷ്യൻ രംഗങ്ങൾ

### മതപീഡനം

യൂറോപ്പു ഭൂഖണ്ഡംമുഴുവൻ അസ്വാസ്ഥമാക്കുവാൻ പര്യാപ്തമായിരുന്ന ഫ്റഞ്ചുവിപ്ളവം 19–ാംനൂററാണ്ടിന്റെ ആരംഭത്തോടുകൂടി അവസാനിച്ചെങ്കിലും, അതുളവാക്കിയ ദുരന്തഫലങ്ങൾ അത്ര വേഗമവസാനിച്ചില്ല. ഫ്രഞ്ചുവിപ്ളവത്തെത്തുടൎന്നു് ജൎമ്മനി, ഓസ്ട്രിയാ, സ്വിസ്സ്സർലണ്ടു് തുടങ്ങിയ രാജ്യങ്ങളിൽ ആഭ്യന്തരയുദ്ധങ്ങളും മതപരമായ കലഹങ്ങളും സംഭവിച്ചതിനാൽ ഈ രാജ്യങ്ങളിൽ തിരുസ്സഭയ്ക്കു് പല യാതനകളും സഹിക്കേണ്ടിവന്നു. പ്രോട്ടസ്റ്റൻറു മതവിഭാഗക്കാർ ധാരാളമുണ്ടായിരുന്ന ഈ രാജ്യങ്ങളിൽ അധികാരത്തിൽ വന്ന പ്രോട്ടസ്റ്റൻറു ഗവൺമെണ്ടുകൾ പലവിധത്തിൽ തിരുസ്സഭയെ പീഡിപ്പിക്കുവാൻ തുടങ്ങി. വൈദികരെയും കന്യാസ്ത്രീകളെയും പള്ളിക്കൂടത്തിൽ പഠിപ്പിക്കുവാൻ അനുവദിക്കാതെ അനേകംപേരെ നാടുകടത്തുകയോ തടവിലിടുകയോ ചെയ്തു. ചില ഗവൺമെൻറുകൾ സന്ന്യാസസഭകളെ നിയമവിരുദ്ധമാക്കി. തിരുസ്സഭാധികാരികളുടെമുമ്പിൽ ചെയ്യുന്ന വിവാഹം അസാധുവാണെന്നും, എല്ലാ വിവാഹവും രാഷ്ട്രീയാധികാരികളുടെ മുമ്പിൽവച്ചു് ചെയ്യപ്പെടണമെന്നുമുള്ള നിയമങ്ങൾ ഉണ്ടാക്കി. പ്രത്യേകിച്ചു് മെത്രാന്മാരെയും വൈദികമേലദ്ധ്യക്ഷന്മാരെയും ഗവൺമെൻറിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശ്യത്തോടെ ഇവരെ നിയമിക്കുവാനുള്ള അധികാരം ഗവൺമെണ്ടു അവ

കാശപ്പെട്ടു. എന്നാൽ മതപീഡനപരവും അന്യായവുമായ ഈ നിയമങ്ങളെ തിരുസ്സഭ ധീരതയോടെ എതിൎക്കുകതന്നെ ചെയ്തു. വിശ്വാസികളും വൈദികരും മെത്രാന്മാരും യോജിച്ചുനിന്നു് പല അപമാനങ്ങളും കഷ്ടനഷ്ടങ്ങളും സഹിച്ചു് തിരുസ്സഭാശത്രുക്കൾക്കു കീഴടങ്ങാതെ പോരാടിയതിൻെറ ഫലമായി തിരുസ്സഭയുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടുക മാത്രമല്ല, അവൾ യൂറോപ്യൻരാജ്യങ്ങളിൽ മുമ്പത്തെക്കാൾ കൂടുതൽ ശക്തിപ്രാപിച്ചു വളരുകയും ചെയ്തു.

## ലാററൻ ഉടമ്പടി

തിരുസ്സഭയെ സംബന്ധിച്ചിടത്തോളം പത്തൊൻപതാംനൂററാണ്ടു്, അവളുടെ സാമ്പത്തികാധഃപതനത്തിൻെറയും ആദ്ധ്യാത്മിക ഉയർച്ചയുടെയും കാലമാണു്. പല യൂറോപ്യൻ രാജ്യങ്ങളിലും തിരുസ്സഭ വകവസ്തുക്കൾ ഗവൺമെൻറുകളോ തിരുസ്സഭാശത്രുക്കളോ അന്യായമായി പിടിച്ചെടുത്തു. ഇതുപോലെതന്നെ മാപ്പാപ്പാസ്സു്, അദ്ദേഹത്തിൻെറ രാജ്യമായ പേപ്പൽസംസ്ഥാനങ്ങൾ നഷ്ടപ്പെട്ടതു് പത്തൊൻപതാംനൂററാണ്ടിലാണു്. ഇററാലിയൻ രാജാവു് എമ്മാനുവൽ 1871-ൽ റോമാപുരിയെ ആക്രമിച്ചു കീഴടക്കി മാപ്പാപ്പായുടെ വക സംസ്ഥാനങ്ങൾ തൻെറ രാജ്യത്തോടുചേൎത്തു. ഈ ആക്രമണത്തെ മാപ്പാപ്പാ പീയൂസ് ഒമ്പതാമൻ പ്രതിഷേധിച്ചു് ഇററാലിയൻ രാജാക്കന്മാരുടെ കീഴിലിരിക്കുവാൻ വിസമ്മതിച്ചു. മാപ്പാപ്പാസ്സു വേണ്ട എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കാമെന്ന ഇററാലിയൻ രാജാവു വാഗ്ദാനം ചെയ്തെങ്കിലും ക്രിസ്തുവിൻെറ പ്രതിനിധിയും, സാൎവ്വത്രിക തിരുസ്സഭയുടെ തലവനുമെന്ന നിലയിൽ തൻെറ സ്വാതന്ത്ര്യം ബലികഴിക്കുവാൻ പീയൂസ് ഒമ്പതാമൻ തയ്യാറായില്ല. അതി

നാൽ ഇററാലിയൻ ഗവണ്മെണ്ടിനെ അംഗീകരിക്കാതെ അതിനെതിരായി പ്രതിഷേധസ്വരമുയത്തി. 1929-ൽ മാത്രമേ വത്തിക്കാനും ഇററാലിയൻ ഗമ്മെൻറും തമ്മിൽ ഒരു ഒത്തുതീപ്പിൽ വന്നൊള്ളു. അക്കൊല്ലം നടന്ന ലാററൻ ഉടമ്പടി മൂലം, മാപ്പാപ്പാ വത്തിക്കാൻ അരമനയും അതോടു ചേന്ന തോട്ടങ്ങളും ഒഴിച്ചു് തൻെറ വകയായിരുന്ന പഴയപേപ്പൽ സംസ്ഥാനങ്ങളെ ഇററാലിയൻ ഗവണ്മെൻറിനു വിട്ടുകൊടുത്തു. ഇററാലിയൻ ഗവണ്മെണ്ടു വത്തിക്കാൻ സംസ്ഥാനത്തിൻെറമേൽ മാപ്പാപ്പായ്ക്കുള്ള സാമ്പ്രാധികാരവും അംഗീകരിക്കുകയും, മാപ്പാപ്പാ വിട്ടുകൊടുത്ത സംസ്ഥാനങ്ങൾക്കു പ്രതിഫലം കൊടുക്കുകയുംചെയ്തു. എന്നാൽ പത്തൊൻപതാംനൂററാണ്ടിൽ മാപ്പാപ്പായ്ക്കും തിരുസിംഹാസനത്തിനും ലഭിച്ച ആദ്ധ്യാത്മികപ്രശസ്തിയോടും പ്രതാപത്തോടും തുലനം ചെയ്യുമ്പോൾ ഈ ഭൗതികനഷ്ടങ്ങൾ നിസ്സാരങ്ങളാണു്. ഈ ആദ്ധ്യാത്മിക പ്രശസ്തിക്കും പ്രതാപത്തിനുമൊരുദാഹരണമാണു് 1869-ൽ മാപ്പാപ്പാ പീയൂസ് ഒമ്പതാമൻ വിളിച്ചുകൂട്ടിയ വത്തിക്കാൻ പൊതുസൂനഹദോസ്. സാർവ്വത്രിക തിരുസ്സഭയുടെ 774 പ്രതിനിധികളടങ്ങിയ ഈ സൂനഹദോസ് മാപ്പാപ്പായുടെ അപ്രമാദിത്വവരത്തെ 1870 ജൂലൈ 18-ാംതീയതി വിശ്വാസസത്യമായി പ്രഖ്യാപിച്ചു.

## മിഷ്യനറിസഭകൾ

പത്തൊൻപതാംനൂററാണ്ടിൽ പലവിധ ശത്രുക്കൾ തിരുസിംഹാസനത്തിനുണ്ടായിരുന്നിട്ടും അതിൻെറ ആദ്ധ്യാത്മികപ്രശസ്തി വളരെ ഉയന്നതുപോലെ, ഈ നൂററാണ്ടിൽ ബഹുമുഖങ്ങളായ ശത്രുക്കൾ നിറഞ്ഞ ലോകമൊട്ടുക്കു് തിരുസ്സഭയ്ക്കു ലഭിച്ച പ്രശസ്തിയും പ്രചാരവും സ്തുത്യർഹമാണു്. ലോകത്തിൻെറ നാനാഭാഗ

ങ്ങളിലും മിഷ്യൻരംഗങ്ങൾ ആവിർഭവിച്ച് തിരു സ്സഭ പുഷ്ടിപ്രാപിച്ചു വളൎന്നുവന്നു. ഈശോസഭയുടെ അഭാവത്തിൽ തിരുസ്സഭയ്ക്കു മിഷ്യൻരംഗങ്ങളിൽ നേരിട്ട നഷ്ടങ്ങൾ ഏതാണ്ടു പരിഹരിക്കുവാനായി പത്തൊൻപതാംനൂററാണ്ടിൻെറ ആരംഭത്തിൽ ഈശോസഭ പുനഃസ്ഥാപിക്കപ്പെട്ടു. കൂടാതെ പ്രത്യേകം മിഷ്യൻവേലയ്ക്കായി സ്ഥാപിതമായ വേദപ്രചാരസഭ, ഫ്റഞ്ചു മിഷ്യൻ, ആഫ്റിക്കൻ മിഷ്യൻ, തുടങ്ങിയ പുതിയ സഭകളും, നിരവധി കന്യകാമഠങ്ങളും വേദപ്രചാരണവേലയിൽ ബദ്ധശ്രദ്ധരായി. ക്രിസ്തുവിനുവേണ്ടിയും വിശ്വാസത്തിനുവേണ്ടിയും എന്തു ത്യാഗവും സഹിക്കുവാൻ ഈ മിഷ്യണറിമാർ തയ്യാറായിരുന്നു. വേദസാക്ഷികളുടെ രക്തത്താൽ നനയ്ക്കപ്പെടാത്ത മിഷ്യൻരംഗങ്ങളില്ല. വേദസാക്ഷികളുടെ രക്തം തിരുസ്സഭയുടെ വിത്തുതന്നെയെന്നും മിഷ്യൻരംഗങ്ങൾ തെളിയിക്കുന്നു.

## ഇംഗ്ളണ്ടു്

ഇംഗ്ലണ്ടിൽ ഒരു വലിയ മാനസാന്തരസംരംഭം തുടങ്ങിയതു് 19-ാം നൂററാണ്ടിലാണ്. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ചില പണ്ഡിതന്മാർ ക്രിസ്തു സ്ഥാപിച്ച സാക്ഷാൽ സത്യമതം ഏതെന്നാരായുവാൻ തുടങ്ങി. ഈ പണ്ഡിതസംഘത്തിൻെറ നേതൃത്വം വഹിച്ചിരുന്ന ജോൺ ന്യൂമൻ തൻെറ പഠനഫലമായി സത്യസഭ കത്തോലിക്കാ തിരുസ്സഭയെന്നും, പ്രോട്ടസ്റ്റൻറു വിഭാഗങ്ങളാണ് ക്രിസ്തുവിൻെറ പ്രബോധനങ്ങളിൽനിന്നും സഭാപാരമ്പര്യത്തിൽനിന്നും വ്യതിചലിച്ചു നടന്നിട്ടുള്ളതെന്നുമുള്ള നിഗമനത്തിലെത്തി. ഇതുവരെ തിരുസ്സഭയെ താറടിച്ചു അന്ധവിശ്വാസമെന്നവഹേളിച്ചുവന്ന ന്യൂമാൻെറ സഹപ്രവൎത്തകൎക്കും ഇംഗ്ലീഷ് ജനതയ്ക്കും ഇതു് ഒരു വലിയ അപ

മാനമേറിയ തോൽവിയായിരുന്നു. അവരുടെ ഗർവ്വം, എന്നാൽ, അവരെ സത്യമാർഗ്ഗത്തിലേയ്ക്കു ആനയിച്ചില്ല. ന്യൂമനോ, സത്യാവസ്ഥ അറിഞ്ഞ ഉടൻ പൊതുപ്രവർത്തനരംഗത്തുനിന്നു പിന്മാറി ഏതപമാനവും നഷ്ടവും കണക്കാക്കാതെ സത്യസഭയെ ആശ്ലേഷിക്കുവാനുള്ള നടപടികൾ എടുത്തുവന്നു. 1845–ൽ ന്യൂമൻ കത്തോലിക്കസഭയിൽ പ്രവേശിച്ചു. ഇംഗ്ലണ്ടിലെ തിരുസ്സഭാചരിത്രത്തിൽ ഇതു് വലിയ ഒരു സംഭവമാണു്. അനേകം പ്രോട്ടസ്റ്റൻറുകാർ ന്യൂമൻെറ മാതൃകയെ അനുകരിച്ചു. ബ്രിട്ടീഷ് പ്രധാനമന്ത്രി ഗ്ലാഡ്സ്റ്റൻെറ മിത്രമായിരുന്ന മാനിഗ് അധികം താമസിയാതെ തിരുസ്സഭയിൽ പ്രവേശിച്ചു. ഇപ്രകാരം ഇംഗ്ലണ്ടിൽ തിരുസ്സഭ ത്വരിതമായി പുഷ്ടിപ്രാപിച്ചുവന്നു. 1850–ൽ ഇംഗ്ലണ്ടിൽ ഹൈരാക്കി പുനഃസ്ഥാപിക്കപ്പെട്ടു. വെസ്ററുമിനിസ്റ്റർ അതിരൂപതയുടെ കീഴിൽ ഇംഗ്ലണ്ടു് പല രൂപതകളായി ഭാഗിച്ചു് വൈസ്മാനെ മെത്രാപ്പോലീത്തയും കർദ്ദിനാളുമാക്കി. വൈസ്മാനുശേഷം മാനിഗ് ആണു് കർദ്ദിനാൾ പദവിയിലേയ്ക്കുയർത്തപ്പെട്ടതു്. 1879–ൽ മാർപ്പാപ്പാ ലീയോ പതിമൂന്നാമൻ ന്യൂമനെ കർദ്ദിനാൾസ്ഥാനത്തേയ്ക്കുയർത്തി. ഇന്നു് ഇംഗ്ലണ്ടിലെ കത്തോലിക്ക തിരുസ്സഭ നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുവരികയാണു്.

## അമേരിക്കൻ സംസ്ഥാനങ്ങൾ

അമേരിക്കയുടെ കണ്ടുപിടിത്തത്തോടുകൂടി ആ ഭൂഖണ്ഡത്തിൽ സുവിശേഷം പ്രസംഗിക്കപ്പെട്ടെങ്കിലും പല പ്രതിബന്ധങ്ങൾ നിമിത്തം തിരുസ്സഭയുടെ വളർച്ച വളരെ സാവധാനത്തിലായിരുന്നു. ആദ്യത്തെ ഇംഗ്ലീഷ് കോളണികളായ വെർജീനിയാ, ന്യൂ ഇംഗ്ലണ്ടു് മേരിലാണ്ടു്, പെൻസിൽവേനിയ എന്നിവയിൽ മേരിലാണ്ടിൽ ഭൂരിപക്ഷം കത്തോലിക്കരും മററുകോ

ളണികളിൽ ഭൂരിപക്ഷം പ്രോട്ടസ്റ്റൻറുകാരുമായിരുന്നു. പ്രോട്ടസ്റ്റൻറുകാർ പല പ്രകാരവും കത്തോലിക്കരെ പീഡിപ്പിച്ചുവന്നു. ഈ കോളണികളെ ഭരിച്ചിരുന്ന ഗവർണർമാരെയും ബാധിച്ചിരുന്നു അസഹിഷ്ണുത. ചില പ്രോട്ടസ്റ്റൻറു ഗവർണർമാർ കത്തോലിക്ക തിരുസ്സഭയെ കോളണികളിൽനിന്നു നിഷ്ക്കാസനം ചെയ്യുവാനും പ്രയത്നിച്ചിട്ടുണ്ട്. ഭരണവാഹികളുടെ അസഹിഷ്ണുതാപരമായ പ്രവൃത്തിമൂലാ മേരിലാണ്ടിലുണ്ടായിരുന്ന കത്തോലിക്കർപോലും വിശ്വാസത്തിനു വേണ്ടി വളരെ സഹിക്കേണ്ടിവന്നിട്ടുണ്ട്.

അമേരിക്ക സ്വാതന്ത്ര്യമടഞ്ഞതോടെ കത്തോലിക്കരുടെ പല വിഷമങ്ങൾക്കും ഏതാണ്ടൊരു ശമനമുണ്ടായി. സ്വാതന്ത്ര്യസമരത്തിൽ കത്തോലിക്കരും വീറോടെ പൊരുതിയതിനാൽ 1789-ൽ സ്വീകരിച്ച പുതിയ ഭരണഘടനയിൽ അമേരിക്കൻ സംസ്ഥാനങ്ങൾ മതസഹിഷ്ണുതയെ സംരക്ഷിച്ചിട്ടുണ്ട്. രാജ്യത്തിൽ ഏതെങ്കിലും ഉദ്യോഗമോ പദവിയോ കൊടുക്കുന്നതിൽ മതവ്യത്യാസമോ മതപരമായ പരീക്ഷയോ പാടില്ലെന്നു് നിബന്ധനയുണ്ട്. പൂർണ്ണ മതസ്വാതന്ത്ര്യവും ഗവൺമെണ്ട അംഗീകരിച്ചിട്ടുണ്ട്. രാഷ്ട്രീയസ്വാതന്ത്ര്യം ലഭിക്കുന്നതുവരെ അമേരിക്കയിലെ തിരുസ്സഭാമേലധികാരി ലണ്ടനിലെ വികാരി അപ്പസ്തോലിക്കയായിരുന്നു. രാഷ്ട്രീയസ്വാതന്ത്ര്യത്തോടുകൂടി ഈ നിലക്കും ഒരു മാററം സംഭവിച്ചു. തിരുസിംഹാസനം ജോൺ കാരോൾ എന്നൊരമേരിക്കനെ ബാൾട്ടിമൂറിലെ മെത്രാനായി നിയമിച്ചു് അമേരിക്കയിൽ തിരുസ്സഭയുടെ ത്വരിതവികാസത്തിനു വഴിതെളിച്ചു.

പുതിയ മെത്രാനു് പല വിഷമങ്ങളും തരണം ചെയ്യേണ്ടിയിരുന്നു. വൈദികരുടെ അഭാവമായിരുന്നു പ്രധാന പ്രശ്നം. ഒരു രൂപതയുടെ നിലനില്പിനും

ശ്രേയസ്സിനും അത്യാവശ്യമായ സെമിനാരി, കന്യകാമഠങ്ങൾ, പള്ളിക്കൂടങ്ങൾ മുതലായ സ്ഥാപനങ്ങൾ അന്ന് അമേരിക്കയിൽ ഇല്ലായിരുന്നു. എന്നാൽ അക്കാലത്ത് ഐർലണ്ടിൽ നടന്നുകൊണ്ടിരുന്ന മതപീഡനങ്ങളും ഫ്റഞ്ചുവിപ്ളവവും, ഈ രണ്ടു രാജ്യങ്ങളിൽനിന്നും അനേകം അഭയാർത്ഥികളെ അമേരിക്കയിലേയ്ക്കാനയിച്ചതു് കരോൾ മെത്രാന് വലിയ ഒരു സഹായമായി ഭവിച്ചു. അധികം താമസിയാതെ അദ്ദേഹം ബാൾട്ടിമൂറിൽ ഒരു സെമിനാരിയും വാഷിംഗ്ടണടുത്തുള്ള ജോർജ്ജ്ടൗണിൽ ഒരു കോളേജും സ്ഥാപിച്ചു. സാവധാനം പല കന്യാസ്ത്രീമഠങ്ങളും വിദ്യാലയങ്ങളും ആവിർഭവിച്ചു. ഇപ്രകാരം തിരുസ്സഭ ത്വരിതമായി പുരോഗമിച്ചതിൻെറ ഫലമായി 1808-ൽ നാലു പുതിയ രൂപതകൾ അമേരിക്കയിൽ സ്ഥാപിതമായി.

പത്തൊൻപതാംനൂററാണ്ടിൽ തിരുസ്സഭയ്ക്കു് അമേരിക്കയിൽ ലഭിച്ചതുപോലുള്ള ഒരു വിജയം മറെറാരു മിഷ്യൻരാജ്യത്തിലും ലഭിച്ചിട്ടില്ല. 1785-ൽ അമേരിക്കയിൽ 25000 കത്തോലിക്കരും 25 വൈദികരുമേയുണ്ടായിരുന്നുള്ളു. അന്ന് മെത്രാന്മാർ ഒരുത്തരുമില്ലായിരുന്നു. എന്നാൽ പത്തൊൻപതാംനൂററാണ്ടിൻെറ അവസാനത്തിൽ കത്തോലിക്കജനസംഖ്യ 150 ലക്ഷമായി ഉയന്നു. അമേരിക്കയിലെ തിരുസ്സഭയ്ക്കു് മൂന്നു കർദ്ദിനാളന്മാരും 90 മെത്രാന്മാരുമുണ്ടായിരുന്നു. ബാൾട്ടിമൂർ, ന്യൂയോക്ക്, ബോസ്റ്റൻ എന്നീ അതിരൂപതകളിൽ മൂന്നു കർദ്ദിനാളന്മാരും നിരവധി വൈദികരും വിവിധ സഭകളിലുൾപ്പെട്ട അനേകം കന്യാസ്ത്രീമഠങ്ങളും ആവിർഭവിച്ചു. അമേരിക്കയിലെ പ്രധാനകത്തോലിക്ക സർവ്വകലാശാലകൾ ജോർജ്ജ്ടൗൺ, ഫോർഡാം, സെൻറുളൂയീസ്, നോട്ടർഡാം മുതലായവയാണ്. ഇവ കൂടാതെ അനവധി ഹൈസ്ക്കൂളുകളും പ്രാഥമികപാഠശാലകളും തിരുസ്സഭ നടത്തിവരുന്നുണ്ടു്.

മിഷണറിവേലകളിൽ വ്യാപൃതരായ വൈദികരും കന്യാസ്ത്രീകളും ഇന്നു് അമേരിക്കയിൽ ധാരാളമുണ്ടു്. അമേരിക്കൻ നീഗ്രോകളുടെ മാനസാന്തരത്തിനായും അവർ പ്രയത്നിക്കുന്നു. സഭയ്ക്കും മിഷ്യൻവേലയ്ക്കുമായിട്ടും ധാരാളം പണം അമേരിക്കൻ ജനത സംഭാവന ചെയ്യുന്നതുകൂടാതെ, മിഷ്യണറിവേലയ്ക്കായി അമേരിക്കയിൽനിന്നു വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്ന വൈദികരുടെയും കന്യാസ്ത്രീകളുടെയും സംഖ്യയും തുച്ഛമല്ല.

കാനഡാ

കാനഡാ ഒരു ഫ്റഞ്ചുകോളണിയായിരുന്നപ്പോൾ അവിടെ കത്തോലിക്കക്കു് സകല സ്വാതന്ത്ര്യവുമുണ്ടായിരുന്നു. എന്നാൽ 1713-ൽ ഒരു സന്ധിമൂലം ഈ രാജ്യം ബ്രിട്ടന്റെ അധീനത്തിലായതോടെ കനേഡിയൻ കത്തോലിക്കക്കു് പല യാതനകളും സഹിക്കേണ്ടിവന്നു. പ്രോട്ടസ്റ്റന്റു ഗവമ്മേണ്ടും തിരുസ്സഭാവൈരികളും പലതരത്തിലും തിരുസ്സഭയെ പീഡിപ്പിച്ചിട്ടുണ്ടെങ്കിലും കത്തോലിക്കർ വിശ്വാസത്തിൽനിന്നും വ്യതിചലിക്കാതെ സ്ഥിരമായിനിന്നു. സാവധാനത്തിൽ മതപീഡനത്തിനും ഒരു ശമനം വന്നു, തിരുസ്സഭ വളരുവാൻ തുടങ്ങി. കനേഡിയൻ മിഷ്യണറിമാരുടെ പ്രയത്നഫലമായി അനേകംപേർ മാനസാന്തരപ്പെട്ടു തിരുസ്സഭയെ ആശ്ലേഷിച്ചു. മുപ്പതോളം ശ്രുപതകളായി വിഭജിക്കപ്പെട്ട തിരുസ്സഭയ്ക്കു് കാനഡായിൽ ഇന്നു് ഒരു നല്ല സ്ഥാനമുണ്ടു്. ആകെയുള്ള ജനസംഖ്യയിൽ മൂന്നിൽ ഒരു ഭാഗം കത്തോലിക്കരാണു്.

ലാററിൻ അമേരിക്ക

മെക്സിക്കോ, കൊളംബിയാ, ഇക്കഡോർ, വെനസൂല, അർജൻറിനാ, ഉറുഗേ, പരാഗേ മുത

ലായ ലാററിൻ അമേരിക്കൻ രാജ്യങ്ങളിലെ തിരുസ്സഭാചരിത്രം ഈ അടുത്തകാലംവരെ അത്ര ശോഭനീയമായിരുന്നില്ല. യൂറോപ്യൻരാജ്യങ്ങളുടെ, പ്രത്യേകിച്ചു സ്പെയിൻരാജ്യത്തിൻെറ, അധീനത്തിലിരുന്ന ഈ രാജ്യങ്ങൾ പത്തൊൻപതാംനൂററാണ്ടിൻെറ ആരംഭത്തിൽ വിദേശികൾക്കെതിരായി സമരംചെയ്തു് രാഷ്ട്രീയ സ്വാതന്ത്ര്യംനേടി. രാഷ്ട്രീയസ്വാതന്ത്ര്യശേഷം തിരുസ്സഭയ്ക്കു് അഭിവൃദ്ധിയുണ്ടാകുമെന്ന വിശ്വാസത്തോടെ സ്വാതന്ത്ര്യസമരത്തിൽ വിശ്വാസികളും വൈദികരും പങ്കെടുത്തു. എന്നാൽ വിദേശാധിപത്യത്തിൽനിന്നു സ്വാതന്ത്ര്യം നേടിയശേഷം ഈ രാജ്യങ്ങളിൽ പലതും കക്ഷിനേതാക്കന്മാരുടെയും സ്വേച്ഛാപ്രഭുക്കന്മാരുടെയും മത്സരകേന്ദ്രമായിത്തീർന്നതിനാൽ അവിടെ അസ്വാസ്ഥതയും കലഹങ്ങളും കൂടെക്കൂടെ ദൃശ്യമായിരുന്നു. ഈ സാഹചര്യങ്ങൾ തിരുസ്സഭയുടെ വളർച്ചയ്ക്കു് ഒട്ടും പ്രോത്സാഹജനകമായിരുന്നില്ല. കൂടാതെ, തിരുസ്സഭാ വൈരികളായിരുന്ന ഫ്റീമെയ്സൻസും അജ്ഞേയവാദികളും ഈ രാജ്യങ്ങളിൽ ധാരാളമുണ്ടായിരുന്നതിനാൽ അവരും തരംകിട്ടുമ്പോഴെല്ലാം തിരുസ്സഭയെ പീഡിപ്പിച്ചുവന്നു. അധികാരത്തിൽ വന്നവരെ ആശ്രയിച്ചിരുന്നു തിരുസ്സഭയുടെ പീഡനകാലമോ സമാധാനകാലമോ എന്നുള്ളതു്. പല സ്വേച്ഛാധിപന്മാരും അന്യായനിയമങ്ങൾമൂലം തിരുസ്സഭയെ പീഡിപ്പിച്ചിട്ടുണ്ടു്. ഈക്കാരണങ്ങളാലും വൈദികരുടെയും മററും തീക്ഷ്ണതക്കുറവുകൊണ്ടും പത്തൊൻപതാംനൂററാണ്ടിൻെറ അവസാനംവരെ ലാററിൻ അമേരിക്കയിൽ തിരുസ്സഭയ്ക്കു് വലിയ വളർച്ചയുണ്ടായിട്ടില്ല. എന്നാൽ, ഈ അടുത്ത കാലത്തു് മാർപ്പാപ്പാ പീയൂസ് ഒമ്പതാമനും, ലീയോ പതിമ്മൂന്നാമനും ഈ രാജ്യങ്ങളിൽ തങ്ങളുടെ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു് തിരുസ്സഭയുടെ പരിഷ്ക്കാരത്തിനും വളർച്ചയ്ക്കും വേണ്ട നടപടികൾ സ്വീകരിച്ചതിൻെറ ഫലമായി

ഇന്നുലാററിൻ അമേരിക്കൻ രാജ്യങ്ങളിൽ തിരുസ്സഭ യ്ക്കു് നല്ലൊരു ഭാവി പ്രതീക്ഷിക്കാം.

## ആഫ്രിക്കാ

ആഫ്രിക്കൻഭൂഖണ്ഡത്തിലുള്ള ആൾജിയേഴ്സ് ഫ്റഞ്ചുകാർ 1831-ൽ പിടിച്ചെടുത്തതോടുകൂടി, ആ ഭൂഖണ്ഡത്തിൽ മിഷ്യണറിവേലയ്ക്കു് ഒരു പുതു ഉണർച്ച ലഭിച്ചു. ആഫ്രിക്കൻ സ്വദേശികളുടെ മാനസാന്തരവേലയ്ക്കായി പല പുതിയ മിഷ്യണറി സഭകളും രൂപമെടുത്തു. പല മിഷ്യൻകേന്ദ്രങ്ങളും, വിദ്യാലയങ്ങളും, അനാഥശാലകളും, ആശുപത്രികളും സ്ഥാപിച്ചു് മിഷ്യണറിമാർ അഭികാമ്യമായ വേല തുടർന്നുവരുന്നു. ആഫ്രിക്ക ഭൂഖണ്ഡത്തിൽ മിഷ്യണറിമാർ അദ്ധ്വാനിക്കുന്ന പ്രധാനരാജ്യങ്ങൾ ഉഗണ്ടാ, സുഡാൻ, അബിസീനിയാ, സാൻസിബാർ, സാംബസി, മഡഗാസ്കർ മുതലായവയാണു്. വിദേശമിഷ്യണറിമാക്ക് ഈ രാജ്യങ്ങളിൽ എത്തിച്ചേരുക എന്നതുതന്നെ വിഷമം നിറഞ്ഞ ഒരു പ്രശ്നമാണു്. കാട്ടുകളിലും മരുഭൂമികളിലുംകൂടി അനേകം മൈൽ യാത്രചെയ്യേണ്ടതിനാൽ ആരോഗ്യം ക്ഷയിച്ചോ, സുഖക്കേടു ബാധിച്ചോ പലരും മരണമടഞ്ഞിട്ടുണ്ടു്. തിരുസ്സഭാവൈരികളായ കാട്ടാളജാതിക്കാരുടെയും ജാതിത്തലവന്മാരുടെയും വിദ്വേഷത്തിനും അവർ ഇരയായിട്ടുണ്ടു്. ചിലപ്പോൾ രാജ്യാധിപന്മാർ മതപീഡനങ്ങൾ ആരംഭിച്ചു് അനേകം പേരെ വധിച്ചിട്ടുണ്ടു്. എന്നാൽ ക്രിസ്തുവിനുവേണ്ടി എന്തും സഹിക്കുവാൻ സന്നദ്ധരായ മിഷണറിമാർ ആഫ്രിക്കൻ സ്വദേശികളുടെ ഇടയിൽ ഇന്നും പൂർവ്വാധികം ഉന്മേഷത്തോടെ സുവിശേഷവേല തുടന്നു വരുന്നു. ഇന്നു് ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ 3000.000-ൽ കൂടുതൽ കത്തോലിക്കരുണ്ടു്. എന്നാൽ സുവിശേഷപ്രസംഗവും മാനസാന്തരവും അവിടെ

ആരംഭിച്ചു എന്നുമാത്രമേ പറയുവാനുള്ളു. അത്രമാത്രമാണ് അവിടത്തെ മഹമ്മദീയരുടെയും മററു അന്ധവിശ്വാസികളുടെയും സംഖ്യ.

ഏഷ്യാ

ഏഷ്യൻ ഭൂഖണ്ഡത്തിൽ ചൈനയിലാണ് തിരുസ്സഭ ഏററവും പുഷ്ടി പ്രാപിച്ചുവളൎന്നുവന്നതു്. മാത്യൂറിച്ചിയുടെ നേതൃത്വത്തിൽ ഈശോസഭാംഗങ്ങൾ പതിനാറും പതിനേഴും നൂററാണ്ടുകളിൽ വളരെ വിജയപ്രദമായി ചൈനയിൽ മിഷ്യൻവേല നടത്തിവന്നു. റിച്ചി മരിച്ചപ്പോൾ ചൈനയിൽ 300 കത്തോലിക്കദേവാലയങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഈ ശോഭനകാലം നീണ്ടുനിന്നില്ല. ഈശോസഭാംഗങ്ങളുടെ അഭാവം മൂലവും മതപീഡനങ്ങൾമൂലവും പതിനെട്ടാം നൂററാണ്ടോടുകൂടി ചൈനയിലെ തിരുസ്സഭ വളരെ ശോഷിച്ചു. എന്നാൽ അധികം താമസിയാതെ ത്യാഗമൂൎത്തികളായ മിഷ്യണറിമാർ പീഡനങ്ങളും മരണവും അവഗണിച്ചു് ചൈനയിലേയ്ക്കു വരുവാൻ തുടങ്ങി. “ബോക്സർ കലഹം” എന്നൊരു മതപീഡനം പത്തൊൻപതാംനൂററാണ്ടിലാണുണ്ടായതു്. മിഷ്യണറിമാൎക്കെതിരായി, പ്രത്യേകിച്ചു്, വിദേശമിഷ്യണറിമാൎക്കെതിരായി ആരംഭിച്ച ഈ ആക്രമണം ആയിരക്കണക്കിനു കത്തോലിക്കരുടെ ജീവനെ ബലിയാക്കി. ഈ മതപീഡനശേഷം ചൈനയിലെ തിരുസ്സഭയുടെ സ്ഥിതി വളരെ പുരോഗമിച്ചിട്ടുണ്ടു്. ഏഷ്യൻരാജ്യങ്ങളിൽ ചൈനയ്ക്കാണ് ആദ്യം ഒരു കർദ്ദിനാളിനെ ലഭിച്ചതു്. അനേകം വേദസാക്ഷികളുടെ രക്തത്താൽ പരിപുഷ്ടമായ രാജ്യമാണ് ചൈന. ചൈനയെ വേദസാക്ഷികളുടെ രക്തം ഇന്നും പരിപുഷ്ടമാക്കുന്നു.

ഏതാണ്ടു് ചൈനയിലെ തിരുസ്സഭാചരിത്രത്തിന്റെ മാതൃകതന്നെയാണ് ഇൻഡോചൈനാ, കൊ

റിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലും നാം കാണുന്നുണ്ട്. അടിക്കടി ഈ രാജ്യങ്ങളിൽ ക്രൂരമതപീഡനങ്ങൾ നടന്നിട്ടുണ്ട്. അനേകായിരംപേർ വിശ്വാസത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ചിട്ടുണ്ട്. എന്നാൽ എത്ര ക്രൂരമതമർദ്ദനങ്ങൾക്കും തിരുസ്സഭയെ ഈ രാജ്യങ്ങളിൽനിന്നു നിഷ്കാസനം ചെയ്യുവാൻ സാധിച്ചിട്ടില്ലെന്നു മാത്രമല്ല; അവ തിരുസ്സഭയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇന്നു് ഇൻഡോചൈനയിൽ 2000000-ൽ കൂടുതൽ കത്തോലിക്കരും, കൊറിയായിലും ജപ്പാനിലും 100000-ൽ കൂടുതൽ കത്തോലിക്കർ വീതവും ഉണ്ട്.

ഇൻഡ്യ

ഈശോയുടെ പന്ത്രണ്ടപ്പസ്തോലന്മാരിൽ ഒരാളായ തോമ്മാശ്ലീഹായാണ് ഭാരതഭൂമിയിൽ സുവിശേഷം പ്രസംഗിക്കുവാനായി വന്നതു്. എന്നാൽ തോമാശ്ലീഹായ്ക്കു് ഭാരതം മുഴുവൻ ചുററിസ്സഞ്ചരിച്ചു് സുവിശേഷം പ്രസംഗിക്കുവാൻ സാധിച്ചില്ല. അദ്ദേഹത്തിൻെറ പ്രധാന പ്രേഷിതരംഗം ഭാരതത്തിൻെറ തെക്കേ അററത്തുള്ള കേരളക്കരയായിരുന്നു. അതിനാൽ ക്രിസ്ത്വാബ്ദം ഒന്നാം നൂററാണ്ടിൽത്തന്നെ തിരുസ്സഭാതരു ഈ ഭാഗത്തു മുളയെടുത്തുവളൎന്നുവന്നു. കേരളക്കരയിൽ കൊളുത്തപ്പെട്ട ഈ സത്യപ്രകാശത്തിൽ തദ്ദേശവാസികൾ മഹിമയടഞ്ഞു് അതു് വലിയ നിധിയായി സൂക്ഷിച്ചതല്ലാതെ, അതിൻെറ പ്രകാശക്കതിരു് മററു രാജ്യങ്ങളിലേയ്ക്കും പരത്തുന്നതിൽ അവർ അധികം ആകാംക്ഷ പ്രദൎശിപ്പിച്ചിരുന്നില്ല. അതിനാൽ ഭാരതത്തിലെ ക്രൈസ്തവസഭ വളരെ പുരാതനമാണെങ്കിലും അതു് കേരളത്തിലെ മാത്രം സ്വത്തായി ഈ ആധുനികകാലംവരെ പര്യവസാനിച്ചു.

പതിനാറാം നൂററാണ്ടിൽ പല പാശ്ചാത്യരാജ്യ

ങ്ങളും ഇൻഡ്യയുമായി കച്ചവടബന്ധം പുലർത്തിക്കൊണ്ടുവന്ന അവസരത്തിലാണ് കാര്യമായ മിഷ്യൻവേല ഭാരതത്തിൽ ആരംഭിച്ചത്. ക്രിസ്തീയരാജ്യമായ പോർട്ടുഗൽ പല മിഷ്യണറിമാരെയും സത്യവേദപ്രചാരണത്തിനായി ഇൻഡ്യയിലേയ്ക്കയച്ചു. ഇൻഡ്യയുടെ രണ്ടാമത്തെ അപ്പോസ്തലനെന്നറിയപ്പെടുന്ന വി. ഫ്റാൻസിസ് സേവിയറാണ് മാർപ്പാപ്പായുടെ പ്രതിനിധിയായി ഇൻഡ്യയിലേയ്ക്കു വന്നതു്. ആത്മദാഹത്താൽ എരിഞ്ഞുകൊണ്ടിരുന്ന അദ്ദേഹം ഇൻഡ്യയുടെ പല ഭാഗത്തും നിരന്തരം ചുററിസ്സഞ്ചരിച്ച് അനേകംപേർക്ക ജ്ഞാനസ്നാനം കൊടുത്തു. അദ്ദേഹം സ്ഥാപിച്ചതോ ആരംഭമിട്ടതോ ആയ പല പള്ളികളും ഇന്ന് വലിയ ദേവാലയങ്ങളും ഇടവകകളുമായി രൂപാന്തരപ്പെട്ടിട്ടുണ്ട്. തങ്ങളുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ച ഫ്റാൻസീസ് സേവിയറിനോടുള്ള ഭക്തിവണക്കത്തിൽ സമുദ്രതീരത്തുള്ള ക്രൈസ്തവർ നിസ്തുലരാണ്.

മിഷ്യൻപ്രവർത്തനം ഒരു പ്രധാന ലക്ഷ്യമായി സ്വീകരിച്ച ഈശോസഭാസ്ഥാപകൻ വി. ഇഗ്നേഷ്യസ് ആണ് തൻെറ ശിഷ്യഗണത്തിൽ പ്രധാനിയായ ഫ്റാൻസീസ് സേവിയറിനെ ഭാരതത്തിലേയ്ക്കയച്ചതു്. അന്നുമുതൽ ഈശോസഭാംഗങ്ങൾ തീക്ഷ്ണതയോടെ ഭാരതത്തിൽ മിഷ്യൻവേല തുടൎന്നുവന്നു. 1680-ൽ ഈശോസഭയാൽ സ്ഥാപിതമായ മധുരമിഷ്യൻ 80,000 പേരെ മാനസാന്തരപ്പെടുത്തി. മിഷ്യണറിമാർ സാധാരണ താഴ്ന്നജാതിക്കാരുടെയിടയിലാണ് സുവിശേഷം പ്രസംഗിച്ചതെങ്കിലും ഉയൎന്നജാതിക്കാരെയും മാനസാന്തരപ്പെടുത്തുവാനുള്ള മാൎഗ്ഗങ്ങളും അവർ സ്വീകരിച്ചിരുന്നു. ഇററലിക്കാരനായ റോബർട്ടു ഡിനോബിലി ഒരു ഹിന്ദുസന്യാസിയുടെ വേഷം ധരിച്ച് ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തുവാനായി യത്നിച്ചു. ബെസ്കി എന്നൊരു പ്രേഷിതൻ തമിഴിൽ പുസ്തകങ്ങളെഴുതി സത്യവിശ്വാസം പ്രചരിപ്പിച്ചു. മധുര, രാമ

നാഥപുരം എന്നീ സ്ഥലങ്ങളിൽ അതൃദ്ധ്വാനംചെയ്തു് ഓറിസ്സരിൽ വേദസാക്ഷിമുടിയണിഞ്ഞ ഒരു പുണ്യവാനാണു് ജോൺ ഡി ബ്രിട്ടോ. ഈ ആധുനികകാലത്തു് വടക്കേ ഇൻഡ്യയിലുള്ള ചൊട്ടനാഗപ്പൂരിൽ വിജയപ്രദമായി പ്രേഷിതവേല ചെയ്ത ഒരു ഈശോസഭാവൈദികനാണു് ലീവൻസ്. ബൽജിയംകാരനായ ഇദ്ദേഹത്തിൻെറ ഏഴുകൊല്ലത്തെ നിരന്തരാദ്ധ്വാനഫലമായി ചൊട്ടനാഗപ്പൂർ ഇൻഡ്യയിലെ ഒരൊന്നാംതരം മിഷ്യൻകേന്ദ്രവും രൂപതയുമായി രൂപാന്തരപ്പെട്ടു. റാഞ്ചി എന്നറിയപ്പെടുന്ന ഈ രൂപതയിൽ 4000,00-ൽപരം കത്തോലിക്കരുണ്ടു്.

ഭാരതത്തിലെ തിരുസ്സഭയുടെ വളർച്ചക്കായി കൂടുതൽ തീക്ഷ്ണത പ്രദശിപ്പിച്ച ഒരു മാർപ്പാപ്പായാണു് ലീയോ പതിമൂന്നാമൻ. ഇദ്ദേഹം ഭാരതീയതിരുസ്സഭയെ 20 രൂപതകളും ഏഴു പ്രവിശ്യകളുമായി തിരിച്ചു. പ്രവിശ്യകളായ ആഗ്രാ, ബോംബേ, കൽക്കട്ടാ, ഗോവാ, മദ്രാസ്, പോണ്ടിച്ചേരി, വരാപ്പൊളി എന്നീ അതിരൂപതകളിലേയ്ക്കു് ഏഴു മെത്രാപ്പോലീത്താമാരെയും നിയോഗിച്ചു. മലബാറിലെ സിറിയൻ കത്തോലിക്കക്കായി തൃശ്ശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ രൂപതകൾ സൃഷ്ടിച്ചു് സ്വദേശീയമെത്രാന്മാരെ നിയോഗിച്ചു. 1911-ലാണു് കോട്ടയം രൂപത ഉണ്ടായതു്. ലീയോ പതിംമൂന്നാമൻ സ്വദേശീയ വൈദികവിദ്യാത്ഥികൾക്കായി ഒരു വലിയ സെമിനാരി 1893-ൽ കാണ്ടിയിൽ സ്ഥാപിച്ചു. ഈ സെമിനാരി 1954-ൽ പൂനയിലേയ്ക്കു മാററപ്പെട്ടു.

1923-ൽ മാർപ്പാപ്പാ പീയൂസ് പതിനൊന്നാമൻ തൂത്തുക്കുടിയെ ഒരു രൂപതയായി ഉയർത്തി. അതേവഷം തന്നെ അദ്ദേഹം കേരളത്തിലെ സിറിയൻ കത്തോലിക്കക്കായി, തൃശ്ശൂർ, കോട്ടയം, ചങ്ങനാശ്ശേരി, എറണാകുളം എന്നീ രൂപതകൾ ഉൾപ്പെട്ട ഒരു പ്രവിശ്യയായി തിരിച്ചു് എറണാകുളത്തെ അതിരൂപതയായി

ഉയർത്തി. 1930-ൽ ഉണ്ടായ ഒരു പ്രധാന സംഭവം യാക്കോബായക്കാരുടെ മാനസാന്തരവും തൽഫലമായുണ്ടായ സീറോ മലങ്കര അതിരൂപതയുമാണ്. മാർ ഈവാനിയോസിനെ തിരുവനന്തപുരം മെത്രാപ്പോലീത്തായായും മാർ തിയോഫിലസിനെ തിരുവല്ലാമെത്രാനായും തിരുസിംഹാസനം അംഗീകരിച്ചു.

ഭാരതീയതിരുസ്സഭയുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനുമായി മാർപ്പാപ്പാ പന്ത്രണ്ടാംപീയൂസ് പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. 1953 സെപ്റ്റംബറിൽ അദ്ദേഹം റാഞ്ചി, നാഗപ്പൂർ, ഹൈദരബാദ്, ബാംഗളൂർ, മധുര എന്നീ അഞ്ചു പുതിയ അതിരൂപതകൾ സൃഷ്ടിക്കുകയും, മററു തിരുസ്സഭാ പ്രവിശ്യകളെ നവീകരിക്കുകയും ചെയ്തു. അതുപോലെ സിറോമലബാർ പ്രവിശ്യയുടെ വിസ്താരം വിപുലീകരിക്കുകയും ചങ്ങനാശ്ശേരിയെ ഒരു അതിരൂപതയായും പാലാ, കോതമംഗലം, തെല്ലിച്ചേരി ഇവകളെ രൂപതകളായും ഉയർത്തി. ഇപ്രകാരം ഇന്നു് ഇൻഡ്യയിൽമാത്രം 15 തിരുസ്സഭാ പ്രവിശ്യകളിലായി 70 രൂപതകളുണ്ട്. ഇവയിൽ 25 രൂപതകൾ പീയൂസ് പന്ത്രണ്ടാമനാൽ സൃഷ്ടിക്കപ്പെട്ടവയാണ്. മെത്രാന്മാരിൽ ഭൂരിഭാഗവും സ്വദേശീയരാണ്. ഭാരതീയ തിരുസ്സഭയുടെ ദേശീകരണത്തിൻെറ മകുടോദാഹരണമെന്നോണം മാർപ്പാപ്പാ 1952 ഡിസംബർ 29-ാം തിയതി ഒരിൻഡ്യൻ കർദ്ദിനാളെയും സൃഷ്ടിച്ചു. സ്വദേശീയ വൈദികരുടെയും കന്യാസ്ത്രീകളുടെയും സഹോദരന്മാരുടെയും സംഖ്യ വദ്ധിച്ചുവരുന്നു. ഇന്നു് 6000-ൽപരം വൈദികർ ഭാരതത്തിലുണ്ട്. ഇവരിൽ മൂന്നിൽ രണ്ടുഭാഗവും സ്വദേശീയരാണ്. ഭാരതീയ കത്തോലിക്കരുടെ സംഖ്യ 50 ലക്ഷമാണ്.

1951-ൽ വി. തോമാശ്ലീഹായുടെയും ഫ്രാൻസീസ് സേവിയറിൻെറയും ശതാബ്ദാഘോഷങ്ങളിൽ പങ്കെടുക്കുവാനായി പന്ത്രണ്ടാംപീയൂസ് തൻെറ പ്രതിനിധി

യായി കർദ്ദിനാൾ ഗിൽറോയിയെ ഇൻഡ്യയിലേയ്ക്കയച്ച് ഭാരതീയ തിരുസ്സഭയുടെമേൽ തനിക്കുള്ള ശുഷ്കാന്തിയെ രേഖപ്പെടുത്തി. ഈ അവസരത്തിൽ മാർപ്പാപ്പാ തൻെറ സന്ദേശങ്ങളിൽ, ഭാരതീയക്രൈസ്തവർ യോജിച്ചുനിന്ന് പ്രാർത്ഥനയാലും തീക്ഷ്ണതയേറിയ മിഷ്യൻ പ്രവർത്തനത്താലും ഈ രണ്ടപ്പസ്തോലന്മാരാൽ സ്ഥാപിക്കപ്പെട്ട തിരുസ്സഭയെ പ്രചരിപ്പിച്ചുവളർത്തേണ്ട കടമയെ ഭാരതീയ കത്തോലിക്കരെ അനുസ്മരിപ്പിച്ചു. 1954–ൽ ബോംബേയിൽവച്ചു നടന്ന മരിയൻ കോൺഗ്രസ്സിൽ തൻെറ പ്രതിനിധിയായി ആദ്ധ്യക്ഷം വഹിച്ച് ആഘോഷങ്ങളെ മോടിയോടെ കൊണ്ടാടുവാനായി ഇൻഡ്യൻ കർദ്ദിനാൾ ഗ്രേഷ്യസ്സിനെയാണ് മാർപ്പാപ്പാ നിയോഗിച്ചതു്. ദേവമാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാൾദിവസം രാഷ്ട്രീയസ്വാതന്ത്ര്യം പ്രാപിച്ച ഭാരതത്തിന് ആ മാതാവുതന്നെ, ആദ്ധ്യാത്മികസ്വാതന്ത്ര്യവും പ്രദാനംചെയ്ത് അജ്ഞാനാന്ധകാരത്തിലും പാപമാലിന്യത്തിലും സ്ഥിതിചെയ്യുന്ന ജനങ്ങളെ സുവിശേഷപ്രകാശത്തിലേയ്ക്കും സത്യസഭയിലേയ്ക്കും ആനയിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെയായിരിക്കാം പന്ത്രണ്ടാം പീയൂസ് ദേവമാതാവിനെ ഭാരതരാജ്ഞിയായി പ്രഖ്യാപിച്ച് ഭാരതത്തെ മാതാവിനു സമർപ്പിച്ചതു്.

## ചോദ്യങ്ങൾ

1. "തിരുസ്സഭയെ സംബന്ധിച്ചിടത്തോളം പത്തൊൻപതാം നൂററാണ്ടു്, അവളുടെ സാമ്പത്തികാധഃപതനത്തിൻെറയും ആദ്ധ്യാത്മിക ഉയർച്ചയുടെയും കാലമാണ്." ഉപപാദിക്കുക.
2. അമേരിക്കൻ സംസ്ഥാനങ്ങളിൽ തിരുസ്സഭയ്ക്കു ലഭിച്ച വളർച്ച വിവരിക്കുക.
3. ഭാരതീയ തിരുസ്സഭാചരിത്രത്തിൽ ദൃശ്യമാകുന്ന പ്രധാനകാലഘട്ടങ്ങൾ സംക്ഷേപിക്കുക.

## നാല്

# തിരുസ്സഭയും കമ്മ്യൂണിസവും

### പുതിയ ശത്രു

ഇതുവരെ ഉണ്ടായിട്ടുള്ളതിൽ ഏററവും ഭയങ്കരമായ ഒരു ശത്രുവിനോടാണ് തിരുസ്സഭ ഇന്നു പടവെട്ടികൊണ്ടിരിക്കുന്നത്. ഔദ്യോഗികമായി ഈ യുദ്ധം തുടങ്ങിയിട്ട് നാല്പതിൽപരം വർഷങ്ങളായി. ഇനിയും ഉടൻ ഈ യുദ്ധം അവസാനിക്കുന്ന ലക്ഷണങ്ങളൊന്നും കാണുന്നില്ല. തിരുസ്സഭയെ ഭൂമുഖത്തുനിന്നും ഉച്ചാടനം ചെയ്യണമെന്ന നിശ്ചയത്തോടെ അവളെ എല്ലാവിധമാർഗ്ഗങ്ങളുമുപയോഗിച്ച് എതിർക്കുന്ന കമ്മ്യൂണിസമാണ് ഈ ശത്രു. ഡഗ്ലസ് ഹൈഡ് പറയുന്നതുപോലെ മനുഷ്യസമുദായത്തിൽ പ്രത്യക്ഷമായിട്ടുള്ളതിൽ ഏററവും പൂർണ്ണവും ഏററവും വിനാശകരവുമായ ഒരു പദ്ധതിയാണ് നിരീശ്വരതത്വകമ്മ്യൂണിസം. ഒരു തത്വസംഹിത എന്ന നിലയിലും പ്രായോഗികജീവിതമാർഗ്ഗമെന്ന നിലയിലും കമ്മ്യൂണിസത്തെപ്പോലെ പ്രബലമായ മറെറാരു ശത്രുവിനെ തിരുസ്സഭയ്ക്ക് ഇതുവരെയും നേരിടേണ്ടിവന്നിട്ടില്ല. മറെറല്ലാ ശത്രുക്കളുടെയും ശക്തിയും ക്രൂരതയും ഇതിൽ കേന്ദ്രീകരിച്ചിരിക്കുന്നതുപോലെ തോന്നിപ്പോകുന്നു. തൻെറ പ്രധാന ശത്രു തിരുസ്സഭയാണെന്നു കമ്മ്യൂണിസത്തിനറിയാവുന്നതുപോലെ, തിരുസ്സഭയ്ക്കുമറിയാം അവളുടെ ഇന്നത്തെ പ്രധാന ശത്രു കമ്മ്യൂണിസമാണെന്ന്. നരകവാതിലുകൾ ഒന്നുചേർന്ന് ഒരവസാനക്കൈ തിരുസ്സഭയ്ക്കെതിരായി നോക്കുകയാണോ എന്നു തോന്നും തിരുസ്സഭക്കെതിരായിട്ടുള്ള കമ്മ്യൂണിസ്ററുകളുടെ യുദ്ധം കണ്ടാൽ. എന്നാൽ ക്രിസ്തുവിൻെറ മണവാട്ടിയായ തിരു

സ്സഭ ഇതുകൊണ്ടൊന്നും ഭയപ്പെടുന്നില്ല; ദൈവനാഥൻ എപ്പോഴും തന്നോടുകൂടി ഉണ്ടായിരിക്കുമെന്നും, നരകവാതിലുകൾ തന്നിക്കെതിരായി പ്രബലപ്പെടുകയില്ലെന്നുമുള്ള വാഗ്ദാനങ്ങളിൽ പൂർണ്ണശരണംവച്ചുകൊണ്ടു് അവൾ എന്തും സഹിക്കുവാൻ സന്നദ്ധയായി പോർക്കളത്തിലേയ്ക്കുതന്നെ ചെല്ലുന്നു. അവളുടെ നിർമ്മലശരീരത്തിൽ അനേകം ക്ഷതങ്ങൾ ഒരുപക്ഷേ സ്വീകരിക്കേണ്ടിവേന്നക്കാം. വരുവാനിരിക്കുന്ന വിജയത്തിനു് താൻ കൊടുക്കേണ്ടിയിരിക്കുന്ന വില ഇതാണെന്നു് അവൾക്കു നല്ലബോധ്യമുണ്ടു്.

കമ്മ്യൂണിസത്തിൻെറ അസ്ഥിവാരം വെറും ഭൗതികവാദവും നിരീശ്വരത്വവുമാണെങ്കിലും, അതിലും ചില ആകർഷകങ്ങളായ അംശങ്ങളുണ്ടു്. കമ്മ്യൂണിസത്തിൻെറ അടിസ്ഥാനതത്വങ്ങൾക്കു കടകവിരുദ്ധമായ ഈ അംശങ്ങളാണു് ഇതുവരെയുള്ള അതിൻെറ വിജയത്തിനു കാരണം. ജീവിതക്ലേശങ്ങളാൽ വലയുന്ന തൊഴിലാളികൾക്കും സാധുക്കൾക്കും കമ്മ്യൂണിസം നൽകുന്ന സന്ദേശം അവരെ അതിലേയ്ക്കാകർഷിക്കുവാൻ വളരെ പര്യാപ്തമാണു്. അതേ, കമ്മ്യൂണിസത്തിൻെറ തന്നെ മുദ്രാവാക്യം തൊഴിലാളികളുടെ സുഭിക്ഷസുന്ദരമായ ഒരു പറുദീസാ ഈലോകത്തിൽ സൃഷ്ടിക്കുക എന്നതാണു്. മനുഷ്യരെ അവരുടെ എല്ലാവിധ ക്ലേശങ്ങളിൽനിന്നും വിമുക്തരാക്കി അവർക്കു പരിപൂർണ്ണസൗഭാഗ്യം കൊടുക്കാം എന്നൽഘോഷിക്കുന്ന കമ്മ്യൂണിസം നിരവധി ജനങ്ങളെ, പ്രത്യേകിച്ചു്, സാധുക്കളെ വഞ്ചിച്ചിട്ടുണ്ടെങ്കിൽ അതിൽ ആശ്ചര്യമില്ല. കമ്മ്യൂണിസത്തിൻെറ വിജയത്തിനു കാരണം ലോകത്തിലുള്ള തൊഴിലാളികളാണു്. റഷ്യാ, ചൈന തുടങ്ങിയ കമ്മ്യൂണിസ്ററുരാജ്യങ്ങളിൽ അവർക്കു ലഭിച്ച രാഷ്ട്രീയവും സാമ്പത്തികവുമായ വിജയങ്ങളും കമ്മ്യൂണിസത്തെ പ്രചരിപ്പിക്കുവാൻ വളരെ സഹായിച്ചിട്ടുണ്ടു്.

സാമ്പത്തികമായി ലഭിക്കുന്ന എല്ലാ നേട്ടങ്ങൾക്കും വലിയ പ്രചാരംകൊടുത്തു് മററു ജനങ്ങളെയും രാജ്യങ്ങളെയും കമ്മ്യൂണിസത്തിലേയ്ക്കു വശീകരിക്കുവാൻ കമ്മ്യൂണിസ്ററുകൾ ചെയ്യുന്ന ശ്രമം നിഷ്ഫലമായിട്ടില്ല. സുസംഘടിതമായ കേന്ദ്രീകരണത്തോടുകൂടിയ അന്തരാഷ്ട്രീയ കമ്മ്യൂണിസം കഴിയുന്ന എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചു് ലോകം മുഴുവനെയും ചെങ്കൊടിക്കീഴിൽ കൊണ്ടുവരുവാൻ ശ്രമിക്കുകയാണു്. ഇന്നു ലോകത്തിൽ നാലിലൊരു ഭാഗം കമ്മ്യൂണിസ്ററുസർവ്വാധിപത്യത്തിലാണു്. കമ്മ്യൂണിസ്ററുകൾ ഭരിക്കുന്ന എല്ലാ രാജ്യങ്ങളിലും അവർ ദൈവത്തിനും തിരുസ്സഭയ്ക്കുമെതിരായി നിരന്തരം യുദ്ധം ചെയ്തുവരുന്നു.

## പുതിയ വിദ്യാഭ്യാസം

കമ്മ്യൂണിസ്ററുരാജ്യങ്ങളിലെ ജനങ്ങളെ കമ്മ്യൂണിസത്തിൻെറ ഉത്തമ ഉപകരണമാക്കുവാൻ പുതിയ ഒരു വിദ്യാഭ്യാസപദ്ധതി കമ്മ്യൂണിസ്ററുകൾ രാജ്യമൊട്ടുക്കു നടപ്പിലാക്കുന്നു. പ്രത്യേകിച്ചു, കമ്മ്യൂണിസ്ററുപാർട്ടിയംഗങ്ങൾക്കു കൊടുക്കുന്ന പരിശീലനം അന്യാദൃശമാണു്. ഓരോ കമ്മ്യൂണിസ്റ്റംഗത്തിനും കമ്മ്യൂണിസ്ററുതത്വശാസ്ത്രമനുസരിച്ചുള്ള ഒരു വിദ്യാഭ്യാസം കൊടുത്തു് അവൻ അതുവരെയും പഠിച്ചിട്ടുള്ളതും ധരിച്ചുവച്ചിട്ടുള്ളതുമായ എല്ലാ സത്യങ്ങളെയും ചോദ്യം ചെയ്യുവാനും, കമ്മ്യൂണിസ്റ്റാശയങ്ങൾക്കു വിരുദ്ധമായവ എല്ലാം പാടേ ഉപേക്ഷിക്കുവാനും പഠിപ്പിക്കുന്നു. വിദ്യാലയങ്ങളിൽ കമ്മ്യൂണിസം നിർബന്ധവിഷയമാണു്. മനുഷ്യനെ പൂർണ്ണകമ്മ്യൂണിസ്റ്റാക്കിതീർക്കുക— ഇതാണു് വിദ്യാഭ്യാസംകൊണ്ടു് കമ്മ്യൂണിസ്ററുകൾ ഉദ്ദേശിക്കുന്നതു്. സനാതനസത്യങ്ങളെക്കുറിച്ചും സന്മാർഗ്ഗനിയമങ്ങളെക്കുറിച്ചുമുള്ള ആശയങ്ങളെ

ല്ലാം രൂപാന്തരപ്പെടുന്നു; മേലിൽ കമ്മ്യൂണിസ്റ്റാശയങ്ങൾ മാത്രമേ മനുഷ്യനെ ഭരിക്കുവാൻ പാടുള്ളൂ.

വിദ്യാഭ്യാസം മാത്രമല്ല. മനുഷ്യൻെറ അനുദിന ജോലിയും മററെല്ലാ പ്രവൃത്തികളും അവനെ കമ്മ്യൂണിസത്തിൽ തഴച്ചുവളരുവാൻ പ്രോത്സാഹിപ്പിക്കുന്നു. മനുഷ്യമനസ്സിനെയും ശരീരത്തെയും സ്പർശിക്കുന്ന എല്ലാ വസ്തുക്കളും ആശയങ്ങളും അവനെ ഒരുത്തമ കമ്മ്യൂണിസ്റ്റാക്കണമെന്ന ഉദ്ദേശ്യത്തോടാണ് രൂപീകരിക്കപ്പെട്ടിരിക്കുന്നതു്. വർത്തമാനപ്പത്രങ്ങളും പുസ്തകങ്ങളും കമ്മ്യൂണിസ്റ്റാശയങ്ങൾ ജനങ്ങളുടെ ഇടയിൽ നിരന്തരം വിതരണം ചെയ്യുന്നു. എല്ലാവിധ കലകളും കമ്മ്യൂണിസം പ്രചരിപ്പിക്കുവാൻ പര്യാപ്തമായിരിക്കണം. കൂടാതെ, ഈ പുതിയ പരിപാടി അനുസരിച്ചു് ജനങ്ങൾ അവരുടെ ജീവിതരീതിയും ക്രമപ്പെടുത്തിക്കൊള്ളണം; അല്ലെങ്കിൽ, അവരുടെ ഭാവി അപകടത്തിലായിരിക്കും.

## മതപീഡനം

ഇപ്രകാരം കമ്മ്യൂണിസ്ററുവിദ്യാഭ്യാസം ലഭിച്ചവർകമ്മ്യൂണിസത്തിനുവേണ്ടി എന്തും ചെയ്യുവാൻ തയ്യാറാണ്. അവരുടെ സഹായത്തോടെ കമ്മ്യൂണിസ്ററുകക്ഷി അതിൻെറ പുരോഗമനത്തിനും വളർച്ചയ്ക്കും എതിരായ എല്ലാ വിഘ്നങ്ങളുമകററുവാൻ മുന്നോട്ടുവരുന്നു. കമ്മ്യൂണിസ്ററുകൾ രാഷ്ട്രീയാധികാരം പിടിച്ചെടുത്ത ഉടൻ അവരുടെ ശ്രദ്ധയെല്ലാം കമ്മ്യൂണിസത്തിൻെറ പ്രധാന ശത്രുവായ കത്തോലിക്കതിരുസ്സഭയുടെ മേലാണു പതിയുന്നതു്. കമ്മ്യൂണിസത്തിൻെറ ആരംഭംമുതൽ അവർ തിരുസ്സഭയെ അടിച്ചമർത്തി നശിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. ആരംഭത്തിൽ പരസ്യവും ക്രൂരവുമായ മതപീഡനങ്ങൾമൂലം അവർ തിരുസ്സഭയെ നശിപ്പിക്കുവാൻ ശ്രമിച്ചെങ്കിലും അതു നിഷ്ഫ

ലമായതേയുള്ളു. തിരുസ്സഭ മനുഷ്യനിർമ്മിതമായ ഒരു ഭരണകൂടമാണെന്നും അതിനെ നിഷ്പ്രയാസം കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽനിന്നു നിഷ്ക്കാസനം ചെയ്യാമെന്നും അവർ വിചാരിച്ചിരുന്നു.

1917 ഒക്ടോബറിൽ റഷ്യയിൽ കമ്മ്യൂണിസ്റ്റുകൾ അധികാരത്തിൽവന്ന ഉടൻ ഉഗ്രതരമായ മതപീഡനങ്ങൾ തിരുസ്സഭയ്ക്കെതിരായി അവർ അഴിച്ചുവിട്ടു. തിരുസ്സഭയ്ക്കെതിരായുള്ള ഈ തുറന്ന യുദ്ധം 30 വർഷം നീണ്ടുനിന്നു. കമ്മ്യൂണിസ്റ്റുകൾ സഭാമേലദ്ധ്യക്ഷന്മാരെ കൊല്ലുകയോ തടവിലടയ്ക്കുകയോ നാടുകടത്തുകയോ ചെയ്തു. കത്തോലിക്കാവിദ്യാലയങ്ങൾ അച്ചടിശാലകൾ, ആശുപത്രികൾ തുടങ്ങിയ പരോപകാരസ്ഥാപനങ്ങൾ കമ്മ്യൂണിസ്റ്റുകൾ പിടിച്ചെടുത്ത് തിരുസ്സഭയ്ക്കെതിരായി നിരീശ്വരത്വം പ്രചരിപ്പിച്ചുവന്നു. മുപ്പതു വർഷത്തെ ഉഗ്രതരമായ മതപീഡനത്തിനുശേഷവും റഷ്യൻജനതയുടെ മതവിശ്വാസം നശിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകൾക്കു സാധിച്ചില്ല. കത്തോലിക്കാസഭ ആദ്യ ശതാബ്ദകാലങ്ങളിൽ എപ്രകാരം ശ്മശാനഗ്രഹകളിൽ അഭയംപ്രാപിച്ചുവോ, അതുപോലെതന്നെ റഷ്യയിലും രഹസ്യമായ അഭയസ്ഥലങ്ങൾ കണ്ടെത്തുവാൻ അവൾ നിർബന്ധിതയായി.

## പുതിയ ഓർത്തഡോക്സ് സഭ

ക്രൂരമായ മതപീഡനംമൂലം നിരവധി കത്തോലിക്കരുടെ രക്തം ചിന്തുന്നതിനാൽ കത്തോലിക്കർക്കു നവജീവൻ കൊടുക്കുകയല്ലാതെ അവരെ നശിപ്പിക്കുവാൻ സാധിക്കുകയില്ലെന്നു മനസ്സിലാക്കിയ കമ്മ്യൂണിസ്റ്റുകൾ, തിരുസ്സഭയെ നാമാവശേഷമാക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ ആരായുവാൻ തുടങ്ങി. റഷ്യ പ്രയോഗത്തിൽകൊണ്ടുവന്ന മാർഗ്ഗങ്ങൾതന്നെയാണ് മററു ക

മ്മ്യൂണിസ്ററുരാജ്യങ്ങളിലും മതത്തെ ഉന്മൂലനം ചെയ്യുവാൻ കമ്മ്യൂണിസ്ററുകൾ ഉപയോഗിക്കുന്നതു്. തിരുസ്സഭയുടെ ഭരണകൂടം ശിഥിലമാക്കിയാൽ സാവധാനം തിരുസ്സഭയെത്തന്നെ നശിപ്പിക്കാമെന്നവർ അനുമാനിച്ചു. ഈ ഉദ്ദേശ്യത്തോടെ അവർ പുതിയതായി കണ്ടുപിടിച്ച മാർഗ്ഗം ഒരു ദേശീയസഭ സ്ഥാപിക്കുക എന്നതായിരുന്നു. മാർപ്പാപ്പായോടും റോമായോടും ബന്ധമില്ലാത്ത ഒരു പുതിയ റഷ്യൻ ഓർത്തഡോക്സു സഭ അവർ രൂപീകരിച്ചു. കത്തോലിക്കസഭയെ എതിർക്കുവാനും കമ്മ്യൂണിസം പ്രചരിപ്പിക്കുവാനും അവർ ഈ സഭയെയാണു് ഉപയോഗിച്ചതു്. പൗരന്മാരെല്ലാവരും ഈ ദേശീയസഭയിൽ ചേരണമെന്നും, വിദേശീയ ബന്ധമുള്ള മതത്തിൽ ഒരുത്തരും അംഗമായിരിക്കരുതെന്നും കമ്മ്യൂണിസ്ററുകൾ നിർബന്ധിക്കുവാൻ തുടങ്ങി. ഈ സഭയിൽ ചേരുവാൻ വിസമ്മതിക്കുന്നവർ രാജ്യദ്രോഹികളായി ഗണിക്കപ്പെട്ടു് കഠിനശിക്ഷയ്ക്കു പാത്രവാന്മാരുമായി. റഷ്യൻ ഓർത്തഡോക്സുസഭയുടെ മെത്രാപ്പോലീത്താ ഒരു വർഷം ഉദ്ദേശം 40,000 കമ്മ്യൂണിസ്ററുരഹസ്യപ്പോലീസുകളെ സഭയുടെ വൈദികരായി അഭിഷേകം ചെയ്തു് സത്യസഭക്കെതിരായി യുദ്ധം ചെയ്യുന്നതിനായി റഷ്യയുടെ നാനാഭാഗങ്ങളിലേയ്ക്കും മററു സാമന്തരാജ്യങ്ങളിലേയ്ക്കും അയച്ചു.

## തിരുസിംഹാസനത്തോടു യുദ്ധം

ഓരോ രാജ്യത്തുമുള്ള കത്തോലിക്കസഭ മാർപ്പാപ്പായെ തലവനായി അംഗീകരിച്ചു് മാർപ്പാപ്പായുമായുള്ള ബന്ധം പാലിച്ചു വരുന്നിടത്തോളം കാലം സഭയെ ഒരിക്കലും നശിപ്പിക്കുവാൻ സാധിക്കുകയില്ല എന്ന സത്യം കമ്മ്യൂണിസ്ററുകൾ മനസ്സിലാക്കി. അതിനാൽ ഈ ബന്ധം എങ്ങനെയെങ്കിലും വിടത്തണമെന്ന ദൃഢ

നിശ്ചയത്തോടെ കമ്മ്യൂണിസ്റ്റുകൾ മാപ്പാപ്പായും വത്തിക്കാനുമെതിരായി ഒരു തീരാസമരംതന്നെ നടത്തുവാൻ തീരുമാനിച്ചു. എല്ലാവിധ പ്രചരണോപാധികളുമുപയോഗിച്ച് മാപ്പാപ്പായും വത്തിക്കാനും റഷ്യൻ ജനതയുടെ അതിപ്രധാന ശത്രുക്കളാണെന്നു കാണിക്കുവാൻ അവർ പ്രയാസപ്പെട്ടു. കാലം ചെയ്ത മാപ്പാപ്പാമാരുടെ എല്ലാവിധ കുററം കുറവുകളും അവർ ഓരോന്നോരോന്നായി വിപുലീകരിച്ച് എടുത്തുകാട്ടി മാപ്പാപ്പായും തിരുസ്സഭയ്ക്കുമെതിരായി പ്രചരണവേല നടത്തി. കൂടാതെ വത്തിക്കാൻ ഒരു മുതലാളിരാഷ്ട്രമാണെന്നും, മാപ്പാപ്പാ ലോകത്തിലെ ഏററവും വലിയ മുതലാളിരാഷ്ട്രമായ അമേരിക്കയുടെ കൂട്ടുകെട്ടിലാണെന്നും, അമേരിക്കൻപണം ഉപയോഗിച്ച് വത്തിക്കാൻ മററു രാജ്യങ്ങളിലെല്ലാം നുൺഷിയോ, മെത്രാന്മാർ, വൈദികർ മുതലായവരുടെ സഹായത്തോടെ അമേരിക്കയ്ക്കായി പ്രചാരണവേല ചെയ്തുവരുന്നു എന്നും കമ്മ്യൂണിസ്റ്റുകൾ പറഞ്ഞുപരത്തുന്നു.

മാപ്പാപ്പായെ കമ്മ്യൂണിസ്റ്റുരാജ്യങ്ങളുടെ പ്രധാനശത്രുവായി എടുത്തുകാണിച്ച് മേലിൽ ആരെങ്കിലും മാപ്പാപ്പായോടോ വത്തിക്കാനോടോ ബന്ധം പുലർത്തിവന്നാൽ അവർ രാഷ്ട്രീയശത്രുക്കളാണെന്നും പ്രഖ്യാപിച്ചു. ഇപ്രകാരം മാപ്പാപ്പായോടുള്ള സമ്പർക്കമെല്ലാമുപേക്ഷിക്കുവാൻ കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലുള്ള മെത്രാന്മാരെ നിർബന്ധിക്കുകയും വത്തിക്കാനുമായി കത്തിടപാടുകൾ നടത്തുന്നതിനെ നിരോധിക്കുകയും ചെയ്തുവരുന്നു. തിരുസ്സഭയുടെ നിയമമനുസരിച്ചു മാപ്പാപ്പായെ സന്ദർശിക്കുവാനും മെത്രാന്മാർക്കനുവാദമില്ല. മാപ്പാപ്പായുടെ പ്രതിനിധികളെ ബന്ധനത്തിലാക്കുകയോ നാടുകടത്തുകയോ ചെയ്തിരിക്കുന്നു. മെത്രാന്മാരെ മാപ്പാപ്പായുമായുള്ള സമ്പർക്കത്തിൽനിന്നുമകററിനിറുത്തുന്നതുപോലെതന്നെ രാജ്യത്തിലെ വൈദി

കരെ മെത്രാന്മാരിൽനിന്നുമകററി നിറുത്തുവാൻ കമ്മ്യൂണിസ്ററുകൾ ഭഗീരഥപ്രയത്നം ചെയ്യുന്നുണ്ട്. മെത്രാന്മാരെ അന്യോന്യം പിണക്കി ശീശ്മകൾ ഉൽഘാടനം ചെയ്യുന്നതിനും കമ്മ്യൂണിസ്ററുകൾ ശ്രമിക്കുന്നു. നിസ്സാരസംഗതികളും വലുതാക്കി കാണിച്ച് മെത്രാന്മാരെയും വൈദികരെയും അന്യോന്യം വെറുപ്പിക്കുന്നതിനും അപ്രകാരം സഭയുടെ ഏകത്വം ശിഥിലമാക്കുന്നതിനും കമ്മ്യൂണിസ്ററുകൾ എപ്പോഴും അവസരം നോക്കിയിരിക്കുകയാണ്. തിരുസ്സഭയുടെയും മെത്രാന്മാരുടെയും കല്പനകൾക്കെതിരായി ദേശീയസഭയിൽ ചേരുവാൻ കമ്മ്യൂണിസ്ററുകൾ വൈദികർക്കു നൽകുന്ന പ്രേരണകൾ നിരവധിയാണ്. ഈ പ്രലോഭനങ്ങൾക്കടിമപ്പെട്ട ചുരുക്കം ചില വൈദികരെ എല്ലാ കമ്മ്യൂണിസ്ററുരാജ്യങ്ങളിലും കാണുവാൻ സാധിക്കും. ചില വൈദികരെയെങ്കിലും അധഃപതിപ്പിക്കുവാൻ സാധിച്ചതിലാണ് കമ്മ്യൂണിസ്ററുകളുടെ വലിയ വിജയം. കമ്മ്യൂണിസ്ററുകൾ ഇവരെയാണ് ഉത്തമ രാജ്യസ്നേഹികളായി മററുള്ളവർക്ക് എടുത്തുകാണിക്കുന്നത്. കമ്മ്യൂണിസ്ററുകളുടെ ദേശീയസഭയിൽ ചേരാതെ ചെറുത്തുനില്ക്കുന്ന വൈദികരുടെ ജീവനും ഭാവിയും ഒരിക്കലും സുരക്ഷിതമല്ല. എന്നാൽ തിരുസ്സഭയിലെ ബഹുഭൂരിപക്ഷം വൈദികരും ജനങ്ങളും കമ്മ്യൂണ്ററുകളുടെ എല്ലാ ഭർത്സനങ്ങളും പീഡനങ്ങളും തൃണവൽഗണിച്ച് സത്യസഭയ്ക്കായി അവസാനതുള്ളിരക്തവും ചിന്തുവാൻ തയ്യാറാണ്.

### വർഗ്ഗമത്സരം

ഇന്നത്തെ സമുദായത്തിൽ അസ്വസ്ഥതകളുളവാക്കി അതിനെ നശിപ്പിക്കുവാൻ കമ്മ്യൂണിസ്ററുകൾ കണ്ടുപിടിച്ച വർഗ്ഗമത്സരം വൈദികരുടെയും സന്യാസികളുടെയുമിടയിലും പ്രചരിപ്പിച്ച് അവരുടെ ഇടയിലും

കലഹവും മത്സരവും ഉണ്ടാക്കുവാൻ കമ്മ്യൂണിസ്ററുകൾ ശ്രമിക്കുന്നുണ്ടു്. വിവിധ സന്യാസസഭകളിൽ ചേൎന്ന അനേകം വൈദികരും വൈദികവിദ്യാൎത്ഥികളും സന്യാസികളും കമ്മ്യൂണിസ്ററുതടങ്കൽ പാളയങ്ങളിൽ അടയ്ക്കപ്പെട്ടിട്ടുണ്ടു്. അന്യായകുററാരോപണങ്ങളാൽ ഒരു സന്യാസസഭയിൽ ചേൎന്നവരെ മററു സന്യാസസഭയിൽ ചേൎന്നവൎക്കെതിരായും, വൈദികരല്ലാത്തവരെ വൈദികൎക്കെതിരായും മത്സരിപ്പിക്കുവാനാണു് കമ്മ്യൂണിസ്ററുകൾ ശ്രമിക്കുന്നതു്, വൈദീകവിദ്യാൎത്ഥികളും തുണസഹോദരന്മാരും മുതലാളിവൎഗ്ഗമായ വൈദീകരാൽ പീഡിപ്പിക്കപ്പെടുന്നു എന്നും, അതിനാൽ അവർ ഈ മുതലാളിമാൎക്കെതിരായി പ്രക്ഷോഭിക്കണമെന്നും കമ്മ്യൂണിസ്ററുകൾ തരം കിട്ടുമ്പോഴെല്ലാം ആവശ്യപ്പെടുന്നു. അനുദിനമുള്ള കമ്മ്യൂണിസ്ററുകളുടെ ഏഷണിവാക്കുകളും, സന്യാസസഭകളുപേക്ഷിച്ചു് ദേശീയസഭയിൽ ചേരുന്നവൎക്കു പ്രദാനം ചെയ്യുന്ന ഉയൎന്ന ശമ്പളവും, മററു ജീവിതസൗകര്യങ്ങളും, അപൂൎവ്വം ചിലരുടെ അധഃപതനത്തിനു വഴിതെളിച്ചിട്ടുണ്ടു്.

## വിശ്വാസസ്ഥിരത

വൈദികരെ അന്യോന്യം പിണക്കി ശീശ്മകളുണ്ടാക്കുവാൻ മാത്രമല്ല, വിശ്വാസികളെ ഉത്തമവൈദികരിൽനിന്നകററിനിറുത്തുവാനും കമ്മ്യൂണിസ്ററുകൾ കഴിയുന്ന മാൎഗ്ഗമെല്ലാം ഉപയോഗിക്കുന്നു. കമ്മ്യൂണിസ്ററുദേശീയസഭയിൽ ചേൎന്ന വൈദികരെ മാത്രമാണു് ജനങ്ങളുടെ ആത്മീയകാര്യങ്ങൾക്കായി കമ്മ്യൂണിസ്ററുകൾ നിയോഗിക്കുന്നതു്. എന്നാൽ ഈ വൈദികർ ഉത്തമഅജപാലന്മാരല്ലെന്നും, ആത്മാക്കളെ നാശക്കുപത്തിലേയ്ക്കു നയിക്കുന്ന അധഃപതിച്ച ഒരു ഗണമാണെന്നും കത്തോലിക്കൎക്കറിയാവുന്നതിനാൽ

ഇവരുമായുള്ള സമ്പക്കമെല്ലാം ഉപേക്ഷിക്കുവാൻ വിശ്വാസികൾ ബദ്ധശ്രദ്ധരാണ്. അധ:പതിച്ച ഈ വർഗ്ഗത്തെ വലിയ അവജ്ഞയോടുകൂടിയാണ് കത്തോലിക്കർ വീക്ഷിക്കുന്നതു്. നേരേമറിച്ചു് വിശ്വാസത്തെ ബലികഴിക്കാതെ തിരുസ്സഭയിൽ ദൃഢമായി നില്ക്കുന്ന വൈദികരോടു കത്തോലിക്കർക്കുള്ള സ്നേഹബഹുമാനാദരങ്ങൾ അവർണ്ണനീയമാണ്. ഈ വൈദികരെ എന്തു ത്യാഗം സഹിച്ചും കമ്മ്യൂണിസ്ററുകളുടെ ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കുവാൻ കത്തോലിക്കർ തയ്യാറാണ്. വൈദികരെ സംരക്ഷിക്കുന്നതിനായി നൂററുക്കണക്കിനു ജനങ്ങൾ തങ്ങളുടെ സർവ്വസ്വത്തുക്കളും സ്വാതന്ത്ര്യവും ജീവൻപോലും ബലികഴിച്ചിട്ടുണ്ടു്. ഇപ്രകാരം സഭാധികാരികളെയും അംഗങ്ങളെയും ഭിന്നിപ്പിച്ചു് സഭയെ നശിപ്പിക്കുവാനായി കമ്മ്യൂണിസ്ററുകൾ എടുത്ത ഉപാധികളും പരാജയമടഞ്ഞു. ആന്തരികമായും ബാഹ്യമായും അവൾക്കു പല ക്ഷതങ്ങളും പററിയിട്ടുണ്ടു് എന്നതിനു സംശയമില്ല. എന്നാൽ അവളുടെ ഐക്യത്തെയോ ഭരണക്രമത്തെയോ ശിഥിലമാക്കുന്നതിനു കമ്മ്യൂണിസ്ററുകൾക്കു സാധിച്ചിട്ടില്ല. ആന്തരികമായി കത്തോലിക്കർ ഒന്നാണ്. ഇന്നും കമ്മ്യൂണിസ്ററുരാജ്യങ്ങളിലെ കത്തോലിക്കവിശ്വാസികൾ അവരുടെ വൈദികരോടും, വൈദികർ മെത്രാന്മാരോടും, മെത്രാന്മാർ മാർപ്പാപ്പായോടും യോജിച്ചു് ഏക സത്യതിരുസ്സഭയായി നിലകൊള്ളുന്നു.

തിരുസ്സഭയെ നശിപ്പിക്കുന്നതിന്നായുള്ള സമാധാനപരവും മാനസികവുമായ മാർഗ്ഗങ്ങൾ തോൽവിയടയുമ്പോൾ കമ്മ്യൂണിസ്ററുകൾ വീണ്ടും മതമർദ്ദനത്തെയും രക്തച്ചൊരിച്ചിലിനെയും അഭയം പ്രാപിക്കുന്നു. മററു രാജ്യങ്ങളുടെയും ജനങ്ങളുടെയും അപ്രീതി സമ്പാദിക്കാതിരിക്കുവാനായി അവർ ഇന്നു് മതപീഡനം രഹസ്യമായും രാഷ്ട്രത്തിൻെറ പേരിലുമാണ് നട

ത്തിവരുന്നതു്. ഒരു ദാക്ഷിണ്യവുമില്ലാതെ റഷ്യൻ കമ്മ്യൂണിസ്റ്റുകൾ തങ്ങളുടെ കാര്യസാദ്ധ്യത്തിനായി ആയിരമായിരം ദൈവവിശ്വാസികളെ ബലികഴിച്ചിട്ടുണ്ടു്. കൊല, കഠിനതടവു്, നാടുകടത്തൽ, ശാരീരികവും ആത്മീയവുമായ ക്രൂരപീഡനങ്ങൾ തുടങ്ങിയ പൈശാചിക മാർഗ്ഗങ്ങളുപയോഗിച്ചിട്ടും റഷ്യയിൽനിന്നു ദൈവവിശ്വാസം വിപാടനം ചെയ്യുവാൻ കമ്മ്യൂണിസ്റ്റുകൾക്കു സാധിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റുകക്ഷിയെ സേവിക്കുക, അല്ലെങ്കിൽ ദൈവത്തെ സേവിക്കുക ഇതിലൊന്നു് കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലെ ജനങ്ങൾക്കു് ഇന്നു തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. വിശ്വാസികൾക്കു് അനുഭവിക്കേണ്ട യാതനകൾ നിരവധിയാണെങ്കിലും, ജനങ്ങൾ ദൈവവിശ്വാസത്തിൽത്തന്നെ ഇന്നും സ്ഥിരമായി നില്ക്കുന്നു. 1937-ലെ ജനവിവരക്കണക്കനുസരിച്ചു് റഷ്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ദൈവവിശ്വാസികളാണു്. ശ്മശാനഗുഹകളെ അഭയം പ്രാപിക്കുവാൻ നിർബന്ധിതയായെങ്കിലും റഷ്യയിൽ ഇന്നും തിരുസ്സഭ സജീവപ്രവർത്തനം തുടർന്നുവരുന്നു.

## ചെക്കോസ്ലോവാക്കിയാ

ചെക്കോസ്ലോവാക്കിയായിൽ കമ്മ്യൂണിസ്റ്റുകൾ തിരുസ്സഭയുടെ മിത്രങ്ങളെന്നു നടിച്ചു് തിരുസ്സഭയ്ക്കു വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കാമെന്നു പറഞ്ഞു. ചില കത്തോലിക്കർ ഇതു വിശ്വസിച്ചു് കമ്മ്യൂണിസ്റ്റുകളുമായി ഒത്തൊരുമിച്ചുപോകാം എന്നുപോലും വിചാരിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റുകൾ അവരുടെ അധികാരം സ്ഥിരപ്പെടുത്തിയശേഷം തിരുസ്സഭയെ നശിപ്പിക്കുവാൻ ഒരവസരം കാത്തിരിക്കുകയായിരുന്നു. 1945-ൽ ചെക്കോസ്ലോവാക്കിയ ഗവണ്മെന്റു് കത്തോലിക്കസ്സഭയിലുൾപ്പെട്ട എല്ലാ സംഘ

ടനകളും നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. ഇതിനെ തുടർന്നു കത്തോലിക്കാസ്ക്കൂളുകളെല്ലാം ദേശവൽക്കരിക്കുകയും തിരുസ്സഭയുടെ വസ്തുക്കളെല്ലാം ഗവൺമെൻറു കണ്ടുകെട്ടുകയുംചെയ്തു. സ്ക്കൂളുകളിൽ മതപഠനമെല്ലാം നിരോധിച്ചു, കമ്മ്യൂണിസവും റഷ്യൻഭാഷയും നിർബ്ബന്ധവിഷയങ്ങളാക്കി. കമ്മ്യൂണിസ്ററു ഗവൺമെണ്ടിൻെറ ഈ നയത്തെ എതിർത്തവരെ വധിക്കുകയോ ബന്ധനത്തിലാക്കുകയോ നാടുകടത്തുകയോ ചെയ്തു. നിരവധി വൈദികരെയും സന്യാസികളെയും അടിമകൾക്കുസമാനം സൈബീരിയൻ തോട്ടങ്ങളിലേയ്ക്കാണു് കപ്പൽ കയററിയതു്. ഇന്നു ചെക്കോസ്ലോവാക്കിയായിലെ മെത്രാന്മാരെല്ലാം കമ്മ്യൂണിസ്ററുകളുടെ ബന്ധനത്തിലാണു്. ഗവൺമെണ്ടിൻെറ അനുവാദംകൂടാതെ എന്തെങ്കിലും എഴുതുവാനോ പ്രസംഗിക്കുവാനോ അവർക്കു സാധിക്കുകയില്ല. തിരുസ്സഭയുടെ വക അച്ചടിശാലകളും പത്രമാസികകളുമെല്ലാം കമ്മ്യൂണിസ്ററുകൾ നിരുത്തലാക്കുകയോ അല്ലെങ്കിൽ അവ കമ്മ്യൂണിസം പ്രചരിപ്പിക്കുവാനുള്ള ഉപാധികളായി മാററുകയോ ചെയ്തിരിക്കുന്നു.

1949 ജൂണിൽ കമ്മ്യൂണിസ്ററുകൾ മെത്രാപ്പോലീത്താ ബെറാൻെറ അരമനയിൽ ബലാൽക്കാരമായി പ്രവേശിച്ചു്, മെത്രാപ്പോലീത്തായുടെ സ്ഥാനത്തു് കമ്മ്യൂണിസ്ററുകൾ ചെക്കോസ്ലോവാക്കിയായിലെ തിരുസ്സഭ ഭരിക്കുവാൻ തുടങ്ങി. മതകാര്യങ്ങൾക്കായി ഒരു മന്ത്രിയെ നിയമിച്ചു് തിരുസ്സഭയും തിരുസ്സഭാവസ്തുക്കളുമെല്ലാം ഗവൺമെണ്ടിൻെറ കീഴിലാക്കി. മേലിൽ വൈദികർ ഗവൺമെൻറുദ്യോഗസ്ഥന്മാരാണെന്നും, ഗവൺമെണ്ടിനെ അനുസരിച്ചു് ദേശീയസഭയിൽ ചേരുന്ന വൈദികർക്കു് വലിയ ശമ്പളവും മററു ജീവിതസൗകര്യങ്ങളും കൊടുക്കുന്നതാണെന്നും പ്രഖ്യാപിച്ചു. എന്നാൽ കഴിയുന്ന വിദ്യകളെല്ലാം പ്രയോഗിച്ചിട്ടും തിരു

സ്സഭയെ നശിപ്പിക്കുവാൻ ചെക്കോസ്ലോവാക്കിയായിലെ കമ്മ്യൂണിസ്ററുകൾക്കു സാധിച്ചിട്ടില്ല. മെത്രാപ്പോലീത്താ ബെറാനും 4900 വൈദികരുംചേർന്നു പുറപ്പെടുവിച്ച ഒരു പ്രസ്താവനമൂലം അവർ തിരുസ്സഭയുടെ ന്യായമായ അവകാശങ്ങൾ ഒരിക്കലും ബലികഴിക്കയില്ലെന്നും, കമ്മ്യൂണിസ്ററുഗവമ്മെണ്ടു് ആവശ്യപ്പെടുന്ന സത്യപ്രതിജ്ഞ, ദൈവനിയമങ്ങൾക്കും തിരുസ്സഭാനിയമങ്ങൾക്കും കടകവിരുദ്ധമാകയാൽ അതു് അവർ മരിക്കലും ചെയ്കയില്ലെന്നും അറിയിച്ചു. തിരുസ്സഭയുടെ ഈ നില അവളെ വീണ്ടും അവാച്യമായ പീഡനങ്ങളിലേയ്ക്കാണു് നയിച്ചതു്. മെത്രാന്മാരുടെമേലും വൈദികന്മാരുടെമേലും പ്രത്യേകവൈരാഗ്യമുണ്ടായിരുന്ന കമ്മ്യൂണിസ്ററുകൾ അവരെ അന്യായമായി പീഡിപ്പിക്കുന്നതുകണ്ടു് സഹിക്കവയ്യാതെ പൊതുജനങ്ങൾതന്നെ അവരെ സംരക്ഷിക്കുവാനായി കുന്തം, അരുവാൾ, തടി മുതലായി കൈയിൽ കിട്ടിയ ആയുധങ്ങളുപയോഗിച്ചു് കമ്മ്യൂണിസ്ററു പോലീസിനെതിരായി പടവെട്ടിയിട്ടുണ്ടു്. ഇന്നും ചെക്കോസ്ലോവാക്കിയായിലെ ബഹുഭൂരിപക്ഷം വൈദികരും അൽമേനികളും ധീരതയോടെ കമ്മ്യൂണിസ്റ്റാക്രമണങ്ങളെ ചെറുത്തുനില്ക്കുകയാണു്.

## യൂക്രേയിൻ

ഏകദേശം ഇതേ മർദ്ദനപരിപാടിയാണു് കമ്മ്യൂണിസ്ററുകൾ യൂക്രേയിൽ, റുമേനിയാ, ഹംഗറി, ബൽഗേറിയാ, യൂഗോസ്ലാവിയാ, ആൽബേനിയാ, പോളണ്ടു്, ബാൾട്ടിക്കു് സംസ്ഥാനങ്ങൾ, പൂർവ്വജമ്മനി, കൊറിയ, ചൈന— തുടങ്ങിയ മററു കമ്മ്യൂണിസ്ററുരാജ്യങ്ങളിലും നടപ്പിലാക്കിയിട്ടുള്ളതു്. 1950 ജൂലൈയിൽ കമ്മ്യൂണിസ്ററു റേഡിയോ പ്രസ്താവമനുസരിച്ചു് യൂക്രേനിൽ 3600 വൈദികരെ കൊല്ലുക

യോ ജയിലിലടയ്ക്കുകയോ ചെയ്തിട്ടുണ്ട്. 1000 ദേവാലയങ്ങൾ ഗവമ്മെൻറു പൂട്ടിയിട്ടിരിക്കുകയാണ്; ഒമ്പതു സന്യാസസഭകളെ പിരിച്ചുവിടുകയും തിരുസ്സഭാ വസ്തുക്കളും സ്കൂളുകളും ദേശവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. യൂക്രേനിൽ കമ്മ്യൂണിസ്റ്റുകൾ റഷ്യൻ ഓർത്തഡോക്സുസഭയാണ് സത്യദേശീയസഭയെന്നു പ്രചരിപ്പിച്ച് ജനങ്ങളെ അതിൻെറ അംഗങ്ങളാക്കുവാൻ ചെയ്യുന്ന ശ്രമവും ഇതുവരെയും വിജയം പ്രാപിച്ചിട്ടില്ല. ഈ റഷ്യൻ ഓർത്തഡോക്സുസഭയിൽ ചേരാതെ അതിനെ എതിർക്കുന്നവരെ രാഷ്ട്രീയ കുററപ്പുള്ളികളായി ഗണിച്ച് അവരെ നിർദ്ദാക്ഷിണ്യമായി അമർത്തുവാൻ പോലീസിനെയും പട്ടാളത്തെയും നിയോഗിച്ചിട്ടുണ്ട്. യൂക്രേനിലും വൈദികരും അൽമേനികളും, കമ്മ്യൂണിസ്റ്റുകളുടെ ഭർത്സനങ്ങളും ജയിലറകളും മർദ്ദനങ്ങളും രക്തച്ചൊരിച്ചിലുമെല്ലാം ചെറുത്ത് ധീരതയോടെ മതത്തിനുവേണ്ടി പോരാടിവരുകയാണ്. ഇന്ന് യൂക്രേനിലെ കത്തോലിക്കസ്സഭ ശ്മശാനഗ്രഹകളിലാണെന്നുപോലും പറയാം. അവർ സ്വാതന്ത്ര്യദിനം പ്രതീക്ഷിച്ചു കാത്തിരിക്കുകയാണ്!

## യൂഗോസ്ലാവിയാ

യൂഗോസ്ലാവിയാ റഷ്യയുടെ ഒരു സാമന്തരാജ്യമല്ലെങ്കിലും, ടിറേറായുടെ സേച്ഛാധിപത്യത്തിലുള്ള ഈ കമ്മ്യൂണിസ്റ്റുരാജ്യത്തിലും തിരുസ്സഭ അനുഭവിക്കുന്ന യാതനകൾ നിരവധിയാണ്. ഇന്ന് തിരുസ്സഭാ നിയമങ്ങൾക്കെതിരായി എല്ലാ വിവാഹവും ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ നടത്തണമെന്നു നിർബന്ധമുണ്ട്; സ്കൂളുകളിൽ മതപഠനമെല്ലാം നിരോധിച്ചിരിക്കുകയാണ്. തിരുസ്സഭയുടെ വസ്തുക്കളെല്ലാം ദേശവൽക്കരിക്കുകയും കമ്മ്യൂണിസ്റ്റുനയങ്ങളെ എതിർക്കുന്ന

വൈദികരെയും വിശ്വാസികളെയും വധിക്കുകയും ചെയ്യുന്നു. വത്തിക്കാനോടു യാതൊരു ബന്ധവുമില്ലാത്ത ഒരു ദേശീയസഭ സ്ഥാപിച്ച് കത്തോലിക്കാസഭയെ നിശ്ശേഷം നശിപ്പിക്കുവാനാണ് കമ്മ്യൂണിസ്റ്റുകൾ ഉദ്ദേശിക്കുന്നതെന്ന് ടിറ്റോ പരസ്യമായി പ്രസ്താവിക്കുകയുണ്ടായി. സന്യാസാശ്രമങ്ങളും മഠങ്ങളുമെല്ലാം കമ്മ്യൂണിസ്റ്റുപട്ടാളത്തിന്റെ അധിവാസകേന്ദ്രമായി മാററിയിരിക്കുകയാണ്. 1946–ലെ കണക്കനുസരിച്ച് യൂഗോസ്ലാവിയായിലുണ്ടായിരുന്ന 2700 വൈദികരിൽ 400–ൽ അധികംപേരേ കമ്മ്യൂണിസ്റ്റുകൾ വധിച്ചു. 200 പേർ മററുരാജ്യങ്ങളിലേയ്ക്കു ഓടി രക്ഷപ്പെട്ടു; ശേഷിച്ചവരിൽ ഭൂരിഭാഗവും കമ്മ്യൂണിസ്റ്റുബന്ധനത്തിലാണ്.

1945–ലെ ക്രിസ്മസ് സന്ദേശത്തിൽ മെത്രാപ്പോലീത്താ സ്റ്റെപ്പിനാക്കു കമ്മ്യൂണിസ്റ്റുകൾ തിരുസ്സഭക്കെതിരായി ചെയ്യുന്ന ക്രൂരതകളെ നിശിതമായി അപലപിക്കുകയും, അവർ സമാധാനത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന അന്യായങ്ങൾക്കും അക്രമങ്ങൾക്കും ഒരു കണക്കുമില്ലെന്നു പ്രസ്താവിക്കുകയും ചെയ്തു. “ഒരു വർഗ്ഗംമാത്രം എല്ലാ അവകാശങ്ങളും സ്വന്തമാക്കി, ശേഷിച്ചവർക്കു സാവധാനം മരിക്കുവാനല്ലാതെ വേറെ യാതൊരവകാശവും കൊടുക്കാതിരിക്കുന്നതാണോ സമാധാനം? അധികാരത്തിലിരിക്കുന്ന കക്ഷിയോടു യോജിക്കുന്നില്ല എന്ന കാരണം ചൊല്ലി ബുദ്ധിമാന്മാരെയും, വൈദികരെയും, നഗരവാസികളെയും, കർഷകരെയും നീതിക്കും നിയമത്തിനുമെതിരായി നിർദ്ദാക്ഷിണ്യം വധിക്കുന്നതാണോ സമാധാനം?’’ എന്നു സ്റ്റെപ്പിനാക്കു ചോദിക്കുകയുണ്ടായി. ആയിരംവർഷക്കാലത്തോളം യൂഗോസ്ലാവിയാ ജനങ്ങളെ ഏകീകരിപ്പിച്ചു സംരക്ഷിച്ചുവരുന്ന കത്തോലിക്കവിശ്വാസസത്യങ്ങൾക്കെതിരായുള്ള നവീനസിദ്ധാന്തങ്ങളെ ജന

ങ്ങൾ ത്യജിക്കുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചു. സമാധാനത്തിൻെറപേരിൽ അന്യായവും അഴിമതിയും പരത്തുന്ന കമ്മ്യൂണിസ്ററുകൾക്കു മെത്രാപ്പോലീത്താ സ്റ്റെപ്പിനാക്കിൻെറ ഈ വാക്കുകൾ അസഹനീയമായിരുന്നു. അധികം താമസിയാതെ അദ്ദേഹത്തെ അവർ തടവിലാക്കി. കമ്മ്യൂണിസ്ററുരാജ്യങ്ങളിൽ പ്രചാരത്തിലിരിക്കുന്ന "ജനങ്ങളുടെ കോടതികളിൽ" അദ്ദേഹത്തെ കമ്മ്യൂണിസ്ററുകളുടെ മുറപ്രകാരം വിസ്തരിച്ചശേഷം 16 വർഷത്തെ കഠിനതടവു് അദ്ദേഹത്തിനു ശിക്ഷയായി വിധിച്ചു. കമ്മ്യൂണിസ്ററുരാജ്യങ്ങളിലെ നീതിന്യായ കോടതികളിൽനിന്നും നീതി ഒരിക്കലും പ്രതീക്ഷിക്കാവുന്നതല്ല. കമ്മ്യൂണിസ്ററുഗവമ്മെണ്ടിനോ കമ്മ്യൂണിസ്ററുകക്ഷിക്കോ എതിരായ യാതൊരു വിധിയും അവയിൽനിന്നു പുറത്തുവരികയില്ല. നിർദ്ദോഷികളെ കററപ്പുള്ളികളായി കാണിക്കുവാനുള്ള ഒരുപായം മാത്രമാണു് കമ്മ്യൂണിസ്ററുരാജ്യങ്ങളിലെ നീതിന്യായക്കോടതികൾ! കമ്മ്യൂണിസ്ററു ഗവമ്മെണ്ടിൻെറയും കക്ഷിയുടെയും പ്രവൃത്തികളെ ന്യായീകരിച്ചു് അവയുടെ അഭിലാഷമനുസരിച്ചു് വിധി പ്രസ്താവിക്കുക എന്ന ജോലിയാണു് ഈ കോടതികൾ നിവ്വഹിക്കുന്നതു്. നിർദ്ദോഷിയായ സ്റ്റെപ്പിനാക്കിൻെറയും മററനവധി മെത്രാന്മാരുടെയും വൈദികരുടെയും കഥ ഇതുതന്നെയായിരുന്നു.

## പോളണ്ടു്

കത്തോലിക്കരാജ്യമായ പോളണ്ടിൽ കമ്മ്യൂണിസ്ററുകൾ അധികാരത്തിൽ വന്നപ്പോൾ രണ്ടു കർദ്ദിനാളന്മാരും 49 മെത്രാന്മാരും 12000 ഇടവകവൈദികരും, 1800 സന്യാസികളും, 17000 കന്യാസ്ത്രീകളുമുണ്ടായിരുന്നു. ദേശീയസഭ സ്ഥാപിക്കുവാനുള്ള കമ്മ്യൂണിസ്ററുകളുടെ ഉദ്യമത്തെ തിരുസ്സഭ പ്രതിഷേ

ധിച്ചു. കത്തോലിക്കരുടെ സംഖ്യാബലത്തെയും വിശ്വാസസ്ഥിരതയെയും അവഗണിക്കുവാൻ കമ്മ്യൂണിസ്റ്റുകൾക്ക് അത്ര എളുപ്പമല്ലായിരുന്നു. അതിനാൽ മററു കമ്മ്യൂണിസ്റ്റുരാജ്യങ്ങളെ അപേക്ഷിച്ച് പോളണ്ടിൽ കമ്മ്യൂണിസത്തിൻെറ വളർച്ച വളരെ സാവധാനത്തിലായിരുന്നു. മററു രാജ്യങ്ങളിലെപ്പോലെ ഇവിടെയും കമ്മ്യൂണിസ്റ്റുകളുടെ പ്രധാനശ്രമം സഭാംഗങ്ങളിൽ ഭിന്നതകൾ ഏർപ്പെടുത്തി വിശ്വാസികളെ വൈദികരിൽനിന്നും, മെത്രാന്മാരെ മാർപ്പാപ്പായിൽനിന്നും അകററിനിറുത്തുവാനായിരുന്നു. പോളണ്ടിലുണ്ടായിരുന്ന സന്യാസസഭകളെയെല്ലാം നിയമവിരുദ്ധമായി പ്രഖ്യാപിച്ച് അവയുടെ വക സ്ഥലങ്ങളും സ്കൂളുകളും ആശുപത്രികളും ദേശവൽക്കരിച്ചു. സന്യാസസഭകൾക്കെതിരായി– പ്രത്യേകിച്ച് ഈശോസഭയ്ക്കെതിരായി– പത്രങ്ങളിലും മററുമുണ്ടായിരുന്ന കുററാരോപണങ്ങൾക്കു കണക്കില്ലായിരുന്നു. ഗവമ്മെണ്ടിനെതിരായി നിന്നവരെ വധിക്കുകയോ അല്ലെങ്കിൽ നാടുകടത്തുകയോ ചെയ്തു. 1949–ൽ ഉദ്ദേശം 1000 വൈദികരെ വധിക്കുകയോ നാടുകടത്തുകയോ ചെയ്തിട്ടുണ്ട്. 7000 വൈദികർ കമ്മ്യൂണിസ്റ്റുരഹസ്യപ്പോലീസിൻെറ മർദ്ദനപരിപാടികൾക്ക് ഇരയായിത്തീർന്നെന്നാണ് ഗണിക്കപ്പെട്ടിരിക്കുന്നത്.

1951 ഏപ്രിലിൽ മെത്രാപ്പോലീത്താ വിൻഷിൻസ്കി, വൈദികരെ രാഷ്ട്രത്തിൻെറ ഉപകരണമാക്കുവാൻ കമ്മ്യൂണിസ്റ്റുകളെടുക്കുന്ന മാർഗ്ഗങ്ങളെ അപലപിച്ച്, പരിശുദ്ധ സിംഹാസനവുമായി ബന്ധമില്ലാത്ത വൈദികർ അജപാലന്മാരല്ല, പ്രത്യുത ചെന്നായ്ക്കളാണെന്നും പരസ്യമായി പ്രസ്താവിച്ചു. വിൻഷിൻസ്കിയെയും കമ്മ്യൂണിസ്റ്റുകൾ ബന്ധനത്തിലാക്കിയെങ്കിലും, 3 വഷത്തെ ബന്ധനത്തിനുശേഷം 1956 ഒക്ടോബറിൽ, പൊതുജനങ്ങളുടെ അഭീഷ്ടവും സ

മ്മർദ്ദനവും ഹേതുവാൻ, അദ്ദേഹത്തെ കമ്മ്യൂണിസ്റ്റു കൾ വിമോചിപ്പിച്ചു. ഇന്നു പോളണ്ടിലെ കത്തോലിക്കർ ധീരതയോടെ കമ്മ്യൂണിസത്തെ എതിർത്തുവരികയാണ്. വിശ്വാസത്തിനായി മരിക്കുവാനും അവർ തയ്യാറാണ്. 1950 തിരുഹൃദയതിരുനാൾ ദിവസം പോസാൻ നഗരത്തിൽനിന്നുമാത്രം 200,000 ജനങ്ങൾ– കമ്മ്യൂണിസ്റ്റുകളുടെ ഭർത്സനങ്ങളും ആക്രമങ്ങളും ചെറുത്ത്– പ്രദക്ഷിണമായി ദേവാലയത്തിൽ പോയി, ഈശോയെ തങ്ങളുടെ രാജാവായി പ്രഖ്യാപിച്ച്, സീസറിനുവേണ്ടി ഈശോയെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നു വാഗ്ദാനം ചെയ്തു. തോൽവിയിലും അടിമത്വത്തിലും, പോളണ്ടിലെ കത്തോലിക്കർ സർവ്വപ്രധാനമായി ഗണിക്കുന്ന ആദ്ധ്യാത്മിക അവകാശങ്ങൾക്കായി സർവ്വശക്തിയുമുപയോഗിച്ച് യുദ്ധം ചെയ്തുവരികയാണ്. ആധുനികകാലത്താവിർഭവിച്ച കിരാതമാർക്സിസം– ലെനിനിസത്തിനുവേണ്ടി, ശതാബ്ദങ്ങളോളം നിലനിന്നുവരുന്നതും ഏകസത്യസഭയുമായ കത്തോലിക്കസഭയെ ഉപേക്ഷിക്കുവാൻ അവർ സന്നദ്ധരല്ല. മതസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോളീഷ് ജനതയുടെ യുദ്ധം കമ്മ്യൂണിസ്റ്റുകളുടെ മർദ്ദനപരിപാടികളെ വളരെ ഒതുക്കിനിറുത്തിയിട്ടുണ്ട്. മറ്റു കമ്മ്യൂണിസ്റ്റുരാജ്യങ്ങളെ അപേക്ഷിച്ചു പോളണ്ടിൽ തിരുസ്സഭയുടെ സ്ഥിതി വളരെ ഭേദമാണ്. 1957 മേയിലാണ് കർദ്ദിനാൾ വിൻഷിൻസ്കിയുടെ കാർമ്മികത്വത്തിൽ കന്യകാമറിയത്തെ പോളണ്ടിൻെറ രാജ്ഞിയായി വാഴിക്കപ്പെട്ടതു്. തദവസരത്തിൽ പേപ്പൽപതാക വീണ്ടും പോളണ്ടിൽ ഉയരുകയുണ്ടായി.

## ഹംഗറി

രണ്ടാം ലോകമഹായുദ്ധത്തിനുശേഷമാണ് കമ്മ്യൂണിസ്റ്റുകൾ ഹംഗറിയിൽ അധികാരം പിടിച്ചെട്ട

ത്തു് അവിടെ ഭരണമാരംഭിച്ചതു്. ഹംഗറിയിലെ ഭൂരിപക്ഷം ജനങ്ങളും കത്തോലിക്കരായിരുന്നതിനാൽ കമ്മ്യൂണിസ്റ്റുകൾ ആരംഭത്തിൽ വളരെ കരുതലോടുകൂടിയാണു് പെരുമാറിവന്നതു്. പൊതുജനപിന്തുണ ലഭിക്കുവാനായി തിരുസ്സഭയുടെനേരേ സഹതാപം പ്രദർശിപ്പിച്ചു് തിരുസ്സഭയ്ക്കുവേണ്ട സഹായംചെയ്തുകൊടുക്കാമെന്നു കമ്മ്യൂണിസ്റ്റുകൾ വാഗ്ദാനംചെയ്തു. എന്നാൽ ഈ നയം അധികനാൾ നിലനിന്നില്ല; സാവധാനം കമ്മ്യൂണിസ്റ്റുകൾ അവരുടെ തനിനിറം പുറത്തുകാണിക്കുവാൻ തുടങ്ങി. 1946-ൽ എല്ലാവിധ മതസ്ഥാപനങ്ങളും നിയമവിരുദ്ധമാക്കി. കത്തോലിക്ക അൽമേനികൾക്കായുണ്ടായിരുന്ന 124 സംഘടനകൾ കമ്മ്യൂണിസ്റ്റുഗവൺമെണ്ടു പിരിച്ചുവിട്ടു. വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കുത്തകയാക്കിയതോടുകൂടി തിരുസ്സഭയ്ക്കു 3000 സ്കൂളുകൾ നഷ്ടപ്പെട്ടു. കത്തോലിക്ക അച്ചടിശാലകളും ഓരോന്നോരോന്നായി ഗവൺമെണ്ടു് അമർത്തുകയോ കണ്ടുകെട്ടുകയോ ചെയ്തു.

കർദ്ദിനാൾ മിൻസെന്തി കമ്മ്യൂണിസ്റ്റാക്രമങ്ങൾക്കെതിരായി പ്രതിഷേധിച്ചപ്പോൾ, അദ്ദേഹത്തിന്റെമേൽ പല രാഷ്ട്രീയകുററാരോപണങ്ങൾ ചുമത്തി ബന്ധനത്തിലാക്കി. മിൻസെന്തിയെ രാഷ്ട്രത്തിന്റെ ശത്രുവായി മാത്രമല്ല, ഹംഗേറിയൻ ജനതയുടെയും ശത്രുവായി കാണിക്കുവാൻ കമ്മ്യൂണിസ്റ്റുകൾ ചെയ്ത പ്രചാരണവേലയ്ക്കു് കണക്കില്ലായിരുന്നു. 38 ദിവസം അദ്ദേഹത്തെ ഏററവും ദുരിതപൂർണ്ണമായ കാരാഗൃഹത്തിലിട്ടു ശാരീരകമായും മാനസികമായും പീഡിപ്പിച്ചശേഷമാണു് വിസ്താരത്തിനായി അദ്ദേഹത്തെ 'ജനങ്ങളുടെ കോടതിയിലേയ്ക്കു കൊണ്ടുവന്നതു്. കമ്മ്യൂണിസ്റ്റുകളുടെ ഉദ്ദേശങ്ങളെല്ലാം നിറവേററുവാനല്ലാതെ മററു യാതൊരു ലക്ഷ്യവും ഈ വിസ്താരത്തിന്നില്ലായിരുന്നു. കോടതി കർദ്ദിനാൾ മിൻസെന്തിയെ ജീവപര്യന്തം

തടവുശിക്ഷയ്ക്കു വിധിച്ചു. 1956 നവംബറിൽ ഹംഗേറിയൻ ജനത കമ്മ്യൂണിസ്റ്റുഗവൺമെന്റിനെതിരായി പ്രക്ഷോഭണമാരംഭിച്ച അവസരത്തിലാണ്, ജനങ്ങൾ കർദ്ദിനാളെ കാരാഗൃഹത്തിൽനിന്നു വിമോചിപ്പിച്ചതു്. എന്നാൽ റഷ്യൻ പട്ടാളത്തിന്റെയും ടാങ്കുകളുടെയും സഹായത്തോടുകൂടി കമ്മ്യൂണിസ്റ്റുകൾ വീണ്ടും ഹംഗറിയിൽ അധികാരം സ്ഥാപിച്ചപ്പോൾ, കർദ്ദിനാളിന്റെ സ്ഥിതി വിഷമത്തിലായി. കമ്മ്യൂണിസ്റ്റുകളുടെ പിടിയിൽനിന്നു രക്ഷപ്പെട്ടു് ഇപ്പോൾ അദ്ദേഹം അമേരിക്കൻ സ്ഥാനപതിയെയാണ് അഭയം പ്രാപിച്ചിരിക്കുന്നതു്. ഇന്നത്തെ കമ്മ്യൂണിസ്റ്റുഗവൺമെണ്ടു മിൻസെന്തിയെ ഒരു വലിയ രാഷ്ട്രീയ ശത്രുവായി പ്രഖ്യാപിച്ചു് അദ്ദേഹത്തെ തടവിലാക്കുവാൻ ഒരവസരം കാത്തിരിക്കുകയാണ്.

ഹംഗറിയിലെ 70 ശതമാനം സന്ന്യാസികളും കന്യാസ്ത്രീകളും ഇന്നു കാരാഗൃഹജീവിതമാണ് നയിക്കുന്നതു്. 67 സന്ന്യാസസഭകളുണ്ടായിരുന്നതിൽ നാലൊഴിച്ചു് മറ്റെല്ലാം ഗവൺമെണ്ടു പിരിച്ചുവിട്ടു. പിരിച്ചുവിടപ്പെട്ട സന്ന്യാസസഭാംഗങ്ങൾ മൂന്നുമാസത്തിനകം സന്ന്യാസജീവിതമുപേക്ഷിച്ചു് പോകുന്നില്ലെങ്കിൽ അവർ ഗവൺമെണ്ടുശിക്ഷയ്ക്കു് വിധേയരായിത്തീരുന്നു. ചിലപ്പോൾ കമ്മ്യൂണിസ്റ്റുകൾ യാതൊരു മുന്നറിയിപ്പും കൊടുക്കാതെ കൊവേന്തകളിലും മഠങ്ങളിലും പ്രവേശിച്ചു് സന്ന്യാസികളെയും കന്യാസ്ത്രീകളെയും യാതൊന്നുമെടുക്കുവാൻ അനുവദിക്കാതെ കമ്മ്യൂണിസ്റ്റുതടങ്കൽ പാളയങ്ങളിലേയ്ക്കു കൊണ്ടുപോവുക പതിവുണ്ടു്. വിശ്വാസം ഉപേക്ഷിക്കുന്നതിൽപരം ഇത്തരം മററു ക്രൂരപീഡനങ്ങളും സഹിക്കുവാൻ ഹംഗേറിയൻ കത്തോലിക്കർ സന്നദ്ധരാണ്. ജനങ്ങൾ കൂട്ടംകൂട്ടമായി ഇന്നും ദേവാലയങ്ങളിൽ പോയി തങ്ങളുടെ ഏക

ആശ്വാസമായ ഈശോയെ ദിവ്യകാരുണ്യത്തിൽ സ്വീകരിക്കുന്നു. കത്തോലിക്കജനങ്ങളുടെ ഈ സ്ഥിര വിശ്വാസവും തിരുസ്സഭാധികാരികളോടുള്ള ഐക്യവും കാരണം ക്രൂരമതമർദ്ദനപരിപാടികൾ സ്വീകരിക്കുവാൻ കമ്മ്യൂണിസ്ററുകൾക്കു ഭയമാണു്. ഇന്നത്തെപ്പോലെ ഒരിക്കലും ഹംഗേറിയൻ ജനത ഇത്രമാത്രം സ്ഥിരമായ മതവിശ്വാസം പ്രകടിപ്പിച്ചിട്ടില്ല. മാർപ്പാപ്പാ പീയൂസ് പന്ത്രണ്ടാമന്റെ പന്ത്രണ്ടാംവാർഷികം ആഘോഷിക്കുവാനായി 1951 മാർച്ചിൽ ഹംഗറിയിലുള്ള ദേവാലയങ്ങൾ നിറയെ ജനങ്ങൾ തിങ്ങിക്കൂടി. അതേ, പല വർഷത്തെ കഠിനമതമർദ്ദനത്തിനു ശേഷവും ഹംഗറി ഇന്നും ഒരു കത്തോലിക്കരാഷ്ട്രമായി സ്ഥിതിചെയ്യുന്നു.

## ചോദ്യങ്ങൾ

1. തിരുസ്സഭയെ നശിപ്പിക്കുവാൻ റഷ്യൻകമ്മ്യൂണിസ്ററുകൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിവരിക്കുക.
2. ചെക്കോസ്ലോവാക്കിയായിൽ ഇന്നത്തെ തിരുസ്സഭയുടെ സ്ഥിതി എന്താകുന്നു?
3. യൂഗോസ്ലാവിയാ, പോളണ്ട്, ഹംഗറി ഈ രാജ്യങ്ങളിലെ കമ്മ്യൂണിസ്ററുമതമർദ്ദനം സംഗ്രഹിക്കുക.

## അഞ്ചു്

# തിരുസ്സഭയും കമ്മ്യൂണിസവും

(ഉപസംഹാരം)

ഓരോ രാജ്യത്തിന്റെയും ജനങ്ങളുടെയും സാഹചര്യമനുസരിച്ചു് കമ്മ്യൂണിസ്ററുകളുടെ മതമർദ്ദന പരിപാടിയിൽ ചില ചെറിയ വ്യത്യാസങ്ങൾ ദൃശ്യമാണെങ്കിലും തിരുസ്സഭക്കെതിരായുള്ള അവരുടെ സ്ഥായിയായ നയത്തിന്നു് യാതൊരു മാററവുമില്ല. യൂറോപ്യൻരാജ്യങ്ങളിൽ കാണുന്ന അതേ മതമർദ്ദനംതന്നെയാണു് കമ്മ്യൂണിസ്റ്റാധീനത്തിലുള്ള ഏഷ്യൻരാജ്യങ്ങളിലും നടമാടുന്നതു്. ഏഷ്യയിൽ കമ്മ്യൂണിസ്ററുകളുടെ മർദ്ദനവും ക്രൂരതയും കളിയാടുന്ന രണ്ടു രാഷ്ട്രങ്ങളാണു് ചൈനയും കൊറിയയും. കമ്മ്യൂണിസ്ററുചൈനയെ ഏഷ്യൻ രാഷ്ട്രങ്ങൾക്കു ഒരു മാതൃകയായി എടുക്കാം. പതിമൂന്നാംനൂററാണ്ടിൽ കത്തോലിക്കമിഷ്യണറിമാർ ചൈനയിൽ പ്രവൎത്തനം തുടങ്ങി. 1949-ൽ കമ്മ്യൂണിസ്ററുകൾ അധികാരം പിടിച്ചെടുത്തപ്പോൾ ചൈനയിൽ 2542 സ്വദേശീയ വൈദികരും 3703 വൈദികവിദ്യാൎത്ഥികളും 3046 വിദേശീയ വൈദികരും ഉണ്ടായിരുന്നു. മൊത്തമുണ്ടായിരുന്ന 144 രൂപതാദ്ധ്യക്ഷന്മാരിൽ 31 പേർ സ്വദേശീയരായിരുന്നു. 4717 സ്വദേശീയ കന്യാസ്ത്രീകളും 2036 വിദേശീയ കന്യാസ്ത്രീകളും വിവിധമിഷ്യൻ രംഗങ്ങളിൽ ജോലിയിലേർപ്പെട്ടിരുന്നു. ഇതുപോലെ തന്നെ 663 ചൈനീസ് തുണസഹോദരന്മാരും 414 വിദേശീയ തുണസഹോദരന്മാരും സ്കൂളുകളിലും ആശുപത്രികളിലും മററുമായി സമുദായസേവനമനുഷ്ഠിച്ചുവന്നിരുന്നു.

ദേശീയസഭ

തിരുസ്സഭയെ നശിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റു കൾ ആരംഭത്തിൽ ക്രൂരവും അക്രമപരവുമായ നട പടികളെടുത്തു. എന്നാൽ അധികം താമസിയാതെ അ വക്കു ബോദ്ധ്യമായി, കത്തോലിക്കരുടെ രക്തം ചിന്തിയ തുകൊണ്ടും വേദസാക്ഷികളെ വദ്ധിപ്പിക്കുന്നതുകൊണ്ടും അവർ തിരുസ്സഭയെ നശിപ്പിക്കുന്നതിനുപകരം അ വളെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന്. അ തിനാൽ ശ്രുക്ഷതരവും മനശ്ശാസ്ത്രപരവുമായ മാർഗ്ഗങ്ങളു പയോഗിക്കുവാൻ അവർ നിർബന്ധിതരായി. ഇന്ന് ചൈനയിൽ നടമാടുന്ന മതപീഡനമെല്ലാം ചൈ നീസ് രാഷ്ട്രത്തിന്റെ പേരിലാണ്. പരസ്യവും അക്രമപരവുമായ വഴികളിൽക്കൂടി തിരുസ്സഭയെ നശി പ്പിക്കുവാൻ സാധിക്കുകയില്ലെന്നു കണ്ടപ്പോൾ, കമ്മ്യൂ ണിസ്റ്റുകൾ തിരുസ്സഭയുടെ അനുഭാവികളും അവ ളുടെ ഉൽക്കർഷം കാംക്ഷിക്കുന്നവരുമായി നടിച്ച് അ വളെ അകത്തുനിന്നു ശിഥിലമാക്കുവാനാണ് ഇന്നു ശ്ര മിച്ചുവരുന്നതു്. മതകാര്യങ്ങൾക്കായി ഒരു മന്ത്രിയെ ഗവമ്മേണ്ടു നിയമിച്ച് തിരുസ്സഭയെ ദേശവൽക്കരി ക്കണമെന്നും, എല്ലാ സാമ്രാജ്യമോഹികളുടെയും പിടി യിൽനിന്നു അവളെ സ്വതന്ത്രമാക്കണമെന്നും കമ്മ്യൂ ണിസ്റ്റുകൾ ആവശ്യപ്പെടുന്നു. എല്ലാ വിദേശീയ വൈദികരും മിഷ്യണറിമാരും മുതലാളിത്വരാഷ്ട്രങ്ങ ളായ അമേരിക്കയുടെയും അതിന്റെ സാമന്തരാഷ്ട്ര മായ വത്തിക്കാന്റെയും ചാരന്മാരാണെന്നും, അതി നാൽ അവരെ ചൈനയിൽ താമസിക്കുവാൻ അനുവ ദിക്കരുതെന്നും അവർ വാദിക്കുന്നു. നാനാവിധ പഠന സ്ഥാപനങ്ങളും പ്രചരണവേലകളുമുപയോഗിച്ച് ഇ ന്നത്തെ തിരുസ്സഭയിൽ മുതലാളിത്വ അംശങ്ങൾ ധാ രാളമുണ്ടെന്നും, മുതലാളിമാർ അവളെ തങ്ങളുടെ ഉപകരണമാക്കിയിരിക്കുകയാണെന്നും അതിനാൽ അ

വളെ ഈ ദുഷിച്ച ക്കൂട്ടുകെട്ടിൽനിന്നു വിമുക്തയാക്കി ശുദ്ധീകരിക്കേണ്ടതു് എല്ലാ ചൈനീസ് ക്രിസ്ത്യാനികളുടെയും കടമയാണെന്നും കമ്മ്യൂണിസ്ററുകൾ പഠിപ്പിക്കുന്നു.

ത്രിവിധ സ്വാതന്ത്ര്യം

ചൈനയിലെ തിരുസ്സഭ മുതലാളിത്ത രാഷ്ട്രങ്ങളുമായുള്ള ബന്ധം തീരെ ഉപേക്ഷിച്ചു് പൂർണ്ണസ്വാതന്ത്ര്യം നേടുന്നതിനായി കമ്മ്യൂണിസ്ററുകൾ തിരുസ്സഭയ്ക്കു് മൂന്നുവിധ സ്വേച്ഛാഭരണമാണു് ആവശ്യപ്പെടുന്നതു്! സ്വദേശീയരല്ലാതെ വിദേശീയർ ചൈനീസ് സഭയെ ഭരിക്കരുതെന്നും, സഭയുടെ പ്രവൎത്തനത്തിനും പ്രചരണത്തിനും മററും വിദേശീയ രാഷ്ട്രങ്ങളുടെ സാമ്പത്തികസഹായം സ്വീകരിക്കുവാൻ പാടില്ലെന്നും, ചൈനീസ് മിഷണറിമാർ മാത്രമേ ചൈനയിൽ മതം പ്രസംഗിക്കാവൂ എന്നുമാണു് കമ്മ്യൂണിസ്ററുഗവൺമെണ്ടു ആവശ്യപ്പെടുന്ന വ്യവസ്ഥകൾ. തിരുസ്സഭയെ ആദ്യം രാഷ്ട്രത്തിനടിമപ്പെടുത്തി അവളെ ചൈനയിൽനിന്നു ക്രമേണ നാമാവശേഷമാക്കുവാനുള്ള ഏററവും കൗശലമേറിയ ഒരു വിദ്യയാണിതു്. സ്വദേശീയർ മാത്രമേ ചൈനീസ് സഭയെ ഭരിക്കുവാൻ പാടുള്ളു എന്ന വ്യവസ്ഥമൂലം കമ്മ്യൂണിസ്ററുകൾ തിരുസ്സഭയെ മാർപ്പാപ്പായോടും റോമായോടുമുള്ള ബന്ധങ്ങളിൽനിന്നു ഭേദിച്ചു് അവളെ ഗവൺമെണ്ടിനടിമപ്പെടുത്തുവാൻ ശ്രമിക്കുന്നു. പുറത്തുനിന്നു സാമ്പത്തിക സഹായമൊന്നും ആവശ്യപ്പെടരുതെന്ന വ്യവസ്ഥമൂലവും കമ്മ്യൂണിസ്ററുകൾ ഉദ്ദേശിക്കുന്നതു് സഭ ചൈനീസ് ഗവൺമെണ്ടിനെമാത്രം ആശ്രയിച്ചു നില്ക്കണമെന്നും, മററു കത്തോലിക്ക രാജ്യങ്ങളുമായുള്ള സമ്പൎക്കമെല്ലാം ഉപേക്ഷിക്കണമെന്നുമാണു്. സ്വദേശീയൎക്കുമാത്രമേ സുവിശേഷം പ്രസംഗിക്കുവാൻ അനു

വാദം ഉള്ള എങ്കിൽ വിദേശീയമിഷ്യണറിമാക്കു ചൈനയിൽ സ്ഥാനമില്ല; അവരെല്ലാവരും ചൈനവിട്ടു പോകേണ്ടിവരും. കൂടാതെ വിദേശമിഷണറിമാരിൽ അധികംപേരും മുതലാളിത്വരാഷ്ട്രങ്ങളുടെ ചാരന്മാരായതുകൊണ്ടു് അവരെ ചൈനയിൽ താമസിപ്പിക്കുവാൻ അനുവദിക്കുന്നതു് രാഷ്ട്രത്തിനാപൽക്കരമാണെന്നും കമ്മ്യൂണിസ്ററുകൾ പറയുന്നു.

## തിരുസിംഹാസനം

തിരുസ്സഭയെ ശുദ്ധീകരിച്ചു് സ്വതന്ത്രയാക്കണമെന്നുള്ള പ്രചരണവേലയോടനുബന്ധിച്ചു് കമ്മ്യൂണിസ്ററുകൾ നടത്തുന്ന മറെറാരു പ്രചരണവേല എല്ലാ ചൈനീസ് പൌരന്മാരും ഗവമ്മെണ്ടിന്റെ കീഴിലുള്ള ദേശീയസഭയിൽ ചേരണമെന്നാണു്. കത്തോലിക്കർ അവരുടെ മാതൃരാജ്യമായ ചൈനയോടു സ്നേഹമുള്ളവരാണെങ്കിൽ അവർ ചൈനയുടെ ശത്രുവായ റോമയോടുള്ള ബന്ധമെല്ലാം ഉപേക്ഷിച്ചു് ചൈനീസ് ദേശീയ സഭാംഗങ്ങളാകണമെന്നു് കമ്മ്യൂണിസ്ററുകൾ രാജ്യമെല്ലാം പറഞ്ഞുപരത്തുന്നു. കഴിഞ്ഞ നൂററാണ്ടുകളിലെ മാപ്പാപ്പാമാരുടെയും മെത്രാന്മാരുടെയും തെററുകളും സ്വഭാവദൂഷ്യങ്ങളുമെല്ലാം തേടിപ്പിടിച്ചു് അവയെ വലുതാക്കിക്കാണിച്ചു് തിരുസ്സഭ ദുഷിച്ച ഒരു മുതലാളിത്തസ്ഥാപനമാണെന്നും അതിനാൽ ചൈനീസ് ക്രിസ്ത്യാനികൾ കത്തോലിക്കസഭയേയും മാപ്പാപ്പായേയും ഉപേക്ഷിച്ചു് ദേശീയസഭയിൽ ചേരണമെന്നും കമ്മ്യൂണിസ്ററുകൾ നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു.

തിരുസ്സഭയുടെ ജീവകേന്ദ്രം റോമയാണെന്നും, ചൈനീസ് സഭയെ മാപ്പാപ്പായിൽനിന്നു മാററിനിറുത്തിയാൽ അവളെ നിഷ്പ്രയാസം നശിപ്പിക്കുവാൻ സാധിക്കുമെന്നുള്ള ശരിയായ അനുമാനമായിരിക്കണം

കമ്മ്യൂണിസ്റ്റുകളെ ഈ പുതിയ നയത്തിലേയ്ക്കു ഇറക്കിവിട്ടതു്. അതേ, കത്തോലിക്കതിരുസ്സഭയുടെ ജീവഉറവ തിരുസിംഹാസനമാണു് എന്നതിൽ സംശയമില്ല. തിരുസ്സഭ മുഴുവൻ ഒരേ ഒരു ശരീരമാണു് – ക്രിസ്തുവിൻെറ മൗതികശരീരം. ജ്ഞാനസ്നാനമാകുന്ന പ്രഥമ കൂദാശവഴി മനുഷ്യർ അതിൻെറ അംഗങ്ങളാകുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച ക്രിസ്ത്യാനികൾ ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ അംഗങ്ങളും ക്രിസ്തു അതിൻെറ ശിരസ്സുമാകുന്നു. ക്രിസ്തു തിരുസ്സഭയുടെ കാണപ്പെടാത്ത തലവനും, മാർപ്പാപ്പാ അതിൻെറ കാണപ്പെട്ട തലവനുമാണു്. ക്രിസ്തുവിൻെറ പ്രതിപുരുഷനായി തിരുസ്സഭയെ ഭരിച്ചുവരുന്നതു് റോമാ മാർപ്പാപ്പാമാരാണു്. അതിനാൽ ക്രിസ്ത്യാനി മാർപ്പാപ്പായെ തിരസ്കരിക്കുമ്പോൾ അവൻ ക്രിസ്തുവിനെത്തന്നെയാണു് തിരസ്കരിക്കുന്നതു്. ദിവ്യരക്ഷകൻ തൻെറ സഭയെ ഭരിക്കുവാനായി നിയമിച്ച മാർപ്പാപ്പാമാർക്കു് അവരുടെ സ്ഥാനത്തിനടുത്ത അധികാരങ്ങളെല്ലാം കൊടുത്തിട്ടുണ്ടു്. മാർപ്പാപ്പാമാരുടെ മാനുഷികമായ ദൂഷ്യങ്ങളും കുറവുകളും എന്തെല്ലാമായാലും തരക്കേടില്ല, അവർ ദിവ്യരക്ഷകനെയാണു് പ്രതിനിധീകരിക്കുന്നതു്. അതിനാൽ മാർപ്പാപ്പായെ ഉപേക്ഷിക്കുന്നവൻ ദിവ്യരക്ഷകനെ ഉപേക്ഷിക്കുന്നു; അവൻ ക്രിസ്തുവിനോടുള്ള ബന്ധമെല്ലാം ഉപേക്ഷിക്കുന്നു; അവൻ തായ്ച്ചെടിയിൽനിന്നു വെട്ടപ്പെട്ട ശിഖരംപോലെ വാടി ഉണങ്ങി നശിക്കുന്നു. മാർപ്പാപ്പായെ അംഗീകരിച്ചു് അദ്ദേഹത്തോടു അനുസരണയുള്ളവനായി ജീവിക്കുക– ഇതാണു് ഒരു കത്തോലിക്കൻെറ പ്രഥമ ലക്ഷണം.

## സഭയുടെ ലക്ഷ്യം

ക്രിസ്തു തൻെറ ശ്ലീഹന്മാർക്കു കൊടുത്ത അവസാന കല്പന "നിങ്ങൾ എല്ലാ ജനങ്ങളെയും പഠിപ്പിക്ക

ചൈനയിൽ കമ്മ്യൂണിസ്റ്റ്കാർ
ഉണ്ടെങ്കിൽ, ക്രിസ്ത്യാനികൾ ചൈന
[illegible] പോൾ [illegible] മാർപ്പാ

വിൻ" എന്നായിരുന്നു. എല്ലാജാതി ജനങ്ങളെയും ശിഷ്യപ്പെടുത്തുവാനാണ് ഈശോയുടെ ആദ്യ മിഷണറിമാർ നിയോഗിക്കപ്പെട്ടതു്. ലോകാവസാനംവരെ, തിരുസ്സഭ ഈ ജോലി തുടൎന്നുകൊണ്ടുവരും. വിശ്വാസ സത്യമറിയാതെ അജ്ഞാനാന്ധകാരത്തിൽ സ്ഥിതി ചെയ്യുന്ന ജനങ്ങൾക്കു് സത്യമാൎഗ്ഗം കാണിക്കേണ്ടതു് അവളുടെ കടമയാണു്. അതിനാൽ പുതിയ പുതിയ രാജ്യങ്ങളിൽ സുവിശേഷദീപം കൊളുത്തുവാൻ അവളുടെ മിഷണറിമാർ എപ്പോഴും സന്നദ്ധരാണു്. തങ്ങൾ പ്രസംഗിക്കുന്ന സുവിശേഷ സത്യങ്ങൾക്കും ദിവ്യനാഥനുംവേണ്ടി രക്തം ചിന്തി മരിക്കുക എന്നതു് ഒരു മഹാഭാഗ്യമായി അവർ കരുതുന്നു. ദിവ്യരക്ഷകൻ അരുളിച്ചെയ്ത പ്രബോധനങ്ങൾ പരത്തി ആത്മാക്കളെ രക്ഷിക്കുക എന്നതാണു് അവരുടെ ഏക ലക്ഷ്യം. രാഷ്ട്രീയമായ യാതൊരുദ്ദേശവും ക്രിസ്തുവിന്റെ മിഷണറിമാൎക്കില്ല. നേരേമറിച്ചു് രാഷ്ട്രീയോദ്ദേശത്തോടുകൂടിയ മിഷണറിമാർ ക്രിസ്തുവിന്റെയും തിരുസ്സഭയുടെയും ആദൎശങ്ങൾക്കെതിരായി നില്ക്കുന്നു. വിദേശ മിഷണറിമാർ തങ്ങൾക്കുള്ള സകലതും ക്രിസ്തുവിനുവേണ്ടി ഉപേക്ഷിച്ചാണു് തിരുസ്സഭയ്ക്കും സാധുജനങ്ങൾക്കും വേണ്ടി അദ്ധ്വാനിക്കുവാൻ മിഷ്യൻ രംഗങ്ങളിലേയ്ക്കു പോകുന്നതു്. മിഷ്യൻ രാജ്യങ്ങളെ അവരുടെ സ്വദേശമായി അവർ സ്വീകരിക്കുകയും ചെയ്യുന്നു.

പരസഹായംകൂടാതെ സ്വാതന്ത്ര്യമായി നില്ക്കുവാനാണു് ഓരോ രാജ്യത്തിലും തിരുസ്സഭ യത്നിക്കുന്നതു്. ഒരു രാജ്യത്തിൽ തിരുസ്സഭ സ്ഥായിയായി പ്രതിഷ്ഠിക്കപ്പെട്ടുകഴിയുന്നതോടുകൂടി വിദേശമിഷണറിമാരുടെ ജോലിയും അവസാനിക്കുന്നു. പിന്നീടു് ആ രാജ്യത്തേയ്ക്കു് പുതിയ മിഷണറിമാർ വിദേശങ്ങളിൽനിന്നു വരേണ്ട ആവശ്യമില്ല; എന്തെന്നാൽ തിരുസ്സഭയ്ക്കാവശ്യമുള്ള വൈദികരെയും സന്യാസിനീസന്യാസികളെയും ആ

രാജ്യത്തുനിന്നുതന്നെ ലഭിച്ചുകൊള്ളും. പരസഹായം കൂടാതെ സ്വാതന്ത്ര്യമായി നില്ക്കുവാൻ തിരുസ്സഭയെ ഒരുക്കുകയാണു്. വിദേശമിഷണറിമാർ ചെയ്യേണ്ടതും ചെയ്യുന്നതും. അതിനാൽ ഒരു രാജ്യത്തെ സഭയെ സ്വദേശീയർതന്നെ ഭരിക്കണമെന്നും, സാമ്പത്തികമായി തിരുസ്സഭ മററു രാജ്യങ്ങളെ ആശ്രയിച്ചു നില്ക്കരുതെന്നും, കമ്മ്യൂണിസ്ററുകൾ തിരുസ്സഭയോടുപദേശിക്കേണ്ട ആവശ്യമില്ല; എന്തെന്നാൽ അതുതന്നെയാണു് തിരുസ്സഭയുടെയും ലക്ഷ്യം. വിദേശമിഷണറിമാരുടെ സഹായത്തോടെ സഭയെ ഒരു രാജ്യത്തിൽ സ്ഥാപിച്ച ശേഷം അതിൻെറ ഭരണവും പ്രചരണവേലയുമെല്ലാം സ്വദേശീയ വൈദികരെത്തന്നെയാണു് തിരുസ്സഭ ഇതുവരെയും ഏല്പിച്ചുവന്നിട്ടുള്ളതു്. ആ നയത്തിൽ തിരുസ്സഭ യാതൊരു വ്യതിയാനവും ഏർപ്പെടുത്തിയിട്ടില്ല. സ്വദേശീയരായ മെത്രാന്മാരെയും വൈദികരെയും ഏല്പിച്ചിരിക്കുന്ന സഭ കത്തോലിക്കസഭതന്നെയാണു്. കത്തോലിക്കസഭയുടെ പ്രഥമ ലക്ഷണം അവൾ റോമാമാർപ്പാപ്പാമാരെ അംഗീകരിച്ചു് അവരുടെ കീഴിൽ ഭരണം നടത്തിക്കൊണ്ടുവരുന്നു എന്നതാണു്. അതിനാൽ സ്വദേശീയരാൽ ഭരിക്കപ്പെടുന്ന സഭ ശീശ്മയിൽ വീണു നശിക്കാതിരിക്കുവാൻ തിരുസ്സഭ വേണ്ട കരുതലുകൾ എടുക്കുന്നുണ്ടു്. ഓരോ മിഷ്യൻരാജ്യങ്ങളിലുമുള്ള കത്തോലിക്കസഭയും വളൎന്നു് അഭിവൃദ്ധിപ്രാപിച്ചു് അതിനെ സ്വദേശീയർതന്നെ ഭരിച്ചുവരുന്നതിൽ മാതാവായ തിരുസ്സഭ അതീവ സന്തോഷമടയുന്നു. എന്നാൽ ദേശീയസഭ ക്രിസ്തുവിൻെറ മൗതികശരീരത്തിൽനിന്നു വിഛേദിക്കപ്പെട്ടു് നശിച്ചുപോകുന്നതിൽപരം ശോചനീയമായ മറെറാന്നും സംഭവിക്കാനില്ല.

## മതപീഡനം

ചൈനയിലെ കത്തോലിക്കസഭ ദേശീയമായിരിക്കണം, സ്വദേശീയർതന്നെ അതിനെ ഭരിക്കണം

കത്തോലിക്കാസഭ ചൈനയിൽ
ഫ്രേസ് ജെ. ക്ലൂൺസ്.

എന്നും മററും കമ്മ്യൂണിസ്ററുകൾ വാദിക്കുന്നതിൻെറ പ്രധാന ഉദ്ദേശ്യം തിരുസ്സഭയെ അവളുടെ ജീവൻെറ ഉറവയായ റോമാമാർപ്പാപ്പാമാരുടെ അധീനത്തിൽനിന്നു പൂർണ്ണമായി മാററി അവളെ നിശ്ശേഷം നശിപ്പിക്കാനാണെന്നു് ചൈനീസ് കത്തോലിക്കർക്കു് നല്ലവണ്ണമറിയാമായിരുന്നു. അതിനാൽ മതത്തെ ദേശവൽക്കരിക്കുന്നതിനുള്ള കമ്മ്യൂണിസ്ററുകളുടെ ഈ പുതിയ പദ്ധതി ചില പ്രോട്ടസ്റ്റൻറുവിഭാഗക്കാർ അംഗീകരിച്ചെങ്കിലും, കത്തോലിക്കർ അതിനെ ധീരതയോടെ എതിർത്തു. തിരുസ്സഭയെ രാഷ്ട്രത്തിനധീനമാക്കി ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ മതകാര്യങ്ങളിൽ ഇടപെടുന്നതിനെതിരായി കത്തോലിക്കർ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി. കമ്മ്യൂണിസ്ററുകളോ ജനങ്ങളുടെ പിന്തുണ സമ്പാദിച്ചു് മതമർദ്ദനം തുടരുന്നതിനായി, എല്ലാ മിഷണറിമാരും ചൈനയ്ക്കെതിരായി മുതലാളിത്തരാഷ്ട്രങ്ങൾക്കായി ചാരവേലചെയ്യുവരുന്നു എന്നും, മെത്രാന്മാരും വൈദികരും, ജനങ്ങൾക്കും ജനങ്ങളുടെ ഗവമ്മെണ്ടിനുമെതിരായി പ്രവർത്തിക്കുന്നു എന്നുമുള്ള കുററങ്ങൾ ചുമത്തി അവരെ രാഷ്ട്രീയശത്രുക്കളായി പ്രഖ്യാപിച്ചു.

വത്തിക്കാൻ സ്ഥാനപതിയായ മെത്രാപ്പോലീത്താ ആൻറണി റിബേരി, ചൈനീസ്ഗവമ്മെണ്ടിനാൽ സ്ഥാപിക്കപ്പെട്ട പുതിയ ദേശീയസഭയിൽ ചേരരുതെന്നു് കത്തോലിക്കർക്കു് മുന്നറിയിപ്പുകൊടുത്തപ്പോൾ, കമ്മ്യൂണിസ്ററുകൾ മെത്രാപ്പോലീത്തായ്ക്കെതിരായി വലിയ പ്രചരണവേലകൾ നടത്തുകയുംചെയ്തു. 1951 സെപ്ററംബറിൽ അദ്ദേഹത്തെ നാടുകടത്തുകയും ചെയ്തു. കൂടാതെ അനേകം വൈദികരെയും സന്യാസിനീസന്യാസികളെയും കമ്മ്യൂണിസ്ററുകൾ തടവിലാക്കി. വിദേശീയമിഷണറിമാരെ പലവിധ അപമാനങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാക്കിയശേഷം ചൈനയിൽനിന്നു ബഹിഷ്കരിക്കുകയാണു പതിവു്. കമ്മ്യൂ

ണിസ്റ്റുകളുടെ കൈയിൽനിന്നു രക്തസാക്ഷിമകുടം ധരിക്കുവാൻ ഭാഗ്യം സിദ്ധിച്ചവരും കുറവല്ല. കമ്മ്യൂണിസ്റ്റുകളുടെ മതമർദ്ദനപരിപാടിയിൽനിന്നു സ്വദേശീയ വൈദികരും സന്യാസിനീസന്യാസികളും വിമുക്തരല്ല. കുറഞ്ഞപക്ഷം 200 ചൈനീസ് വൈദികരും 35 തുണസഹോദരന്മാരും 14 കന്യാസ്ത്രീകളും ചൈനീസ് കമ്മ്യൂണിസ്റ്റുകളാൽ വധിക്കപ്പെട്ടിട്ടുണ്ട്. 400 ചൈനീസ് മിഷണറിമാർ ഇന്നു കമ്മ്യൂണിസ്റ്റു തടങ്കലിലാണു്. ഇനിയും മററനേകം സ്വദേശീയ വൈദികക്കും സന്യാസിനീസന്യാസികൾക്കും എന്തു സംഭവിച്ചു എന്നുതന്നെ നിശ്ചയമില്ല. ഒരുപക്ഷേ അവർ മരിച്ചിരിക്കാം. അല്ലെങ്കിൽ തടവിലോ ഒളിവിലോ ആയിരിക്കാം. 5496 വിദേശമിഷണറിമാരിൽ ഇന്നു ചൈനയിൽ 200 പേർപോലും ശേഷിച്ചിട്ടില്ല. അവണ്ണ്യനീയമായ അപമാനങ്ങൾ, പീഡകൾ, കാരാഗ്രഹജീവിതം, നാടുകടത്തൽ, രക്തസാക്ഷിത്വം - ഇവയാണു് സത്യതിരുസ്സഭയിൽ നിലനില്ക്കുന്നതിനായി ചൈനീസ് സഭ കൊടുക്കേണ്ടിവന്ന വില!

## വിശ്വാസ സ്ഥിരത

ഇത്ര കൗശലപൂർവ്വവും ഇത്ര ക്രൂരവുമായ മതമർദ്ദനപരിപാടികൾ ഉപയോഗിച്ചിട്ടും കമ്മ്യൂണസ്റ്റുകൾക്കു് തിരുസ്സഭയെ ചൈനയിൽനിന്നു നിഷ്ക്കാസനം ചെയ്യുവാൻ സാധിച്ചിട്ടില്ല. ഉത്തമ കത്തോലിക്കർ ഇവയെ ധീരമായി എതിർത്തു് വിശ്വാസത്തിനുവേണ്ടി എന്തും സഹിക്കുവാൻ സന്നദ്ധരായി നില്ക്കുന്നു. കമ്മ്യൂണിസ്റ്റുകൾക്കെതിരായി അക്ഷീണയത്നം ചെയ്യു പടവെട്ടിയ ഒരു സംഘടനയാണു് "ലീജിയൻ ഓഫ് മേരി." അതിനാൽ ഗവമ്മെണ്ടു ഈ സംഘടനയെ അമർത്തി അതിനോടു എന്തെങ്കിലും ബന്ധമുള്ളവർപോലും രാഷ്ട്രീയശത്രുക്കളായി പ്രഖ്യാപിക്കപ്പെട്ടു. കമ്മ്യൂ

ണിസ്റ്റുകൾക്കു കത്തോലിക്കസ്ഥാപനങ്ങളും സംഘടനകളും നിയമവിരുദ്ധമായി പ്രഖ്യാപിച്ച് അമർത്തുവാൻ സാധിക്കുമെങ്കിലും, കത്തോലിക്കസഭയേയോ കത്തോലിക്കസമുദായങ്ങളേയോ അമർത്തുവാനോ ഇല്ലാതാക്കുവാനോ സാധിച്ചിട്ടില്ല. നേരേമറിച്ച് മതപീഡനം കത്തോലിക്കർക്ക് ഒരുന്മേഷവും നവജീവനുമാണ് പ്രദാനം ചെയ്യുന്നതു്. കമ്മ്യൂണിസ്റ്റുകളുടെ ദേശീയസഭയെ ചെറുത്തുനിന്ന് വിശ്വാസത്തിനുവേണ്ടി എല്ലാം ത്യജിക്കുന്നവരുടെയും, അപമാനങ്ങളും പീഡനങ്ങളും സഹിച്ച് രക്തം ചിന്തുന്നവരുടെയും, കഠിന കാരാഗൃഹമനുഭവിക്കുന്ന ആയിരക്കണക്കിനു വിശ്വാസികളുടെയും മിഷണറിമാരുടെയും മാതൃകയും വിശ്വാസസ്ഥൈര്യവും ശേഷിച്ച കത്തോലിക്കർക്ക് ഒരു നവചൈതന്യം കൊടുത്ത് സത്യവിശ്വാസത്തോട് എന്തെന്നില്ലാത്ത ഒരു സ്നേഹം അവരിൽ ഉല്ലാദിപ്പിച്ചിട്ടുണ്ട്.

ഷാങ്ങ്ഹായ്

കമ്മ്യൂണിസ്റ്റാക്രമണങ്ങളെ ചെറുത്ത് വിശ്വാസത്തെ ഒരമൂല്യനിധിയായി കാത്തുവരുന്ന ഷാങ്ങ്ഹായ് പട്ടണത്തിലെ കത്തോലിക്കരെ ചൈനാക്കാർക്ക് ഒരു മാതൃകയായി എടുത്തുകാണിക്കാം. കമ്മ്യൂണിസ്റ്റുകൾ സാവധാനത്തിൽ ഒന്നിനുപിറകെ ഒന്നായി അവിടെ ഉണ്ടായിരുന്ന കത്തോലിക്കസംഘടനകളും സ്ഥാപനങ്ങളും നശിപ്പിച്ചു. കത്തോലിക്കപ്രവർത്തനം, "ലീജിയൻ ഓഫ് മേരി", സ്കൂളുകൾ തുടങ്ങിയെവയെ അമർത്തിയെങ്കിലും കത്തോലിക്കർ ഇന്നും വിശ്വാസത്തിൽ സ്ഥിരമായി നില്ക്കുന്നു. ദിവ്യബലിയിലും വിശുദ്ധ കർബാനയുടെ ആശീർവ്വാദത്തിലും അവർ അനുദിനവും പങ്കുപററുന്നുണ്ട്. കത്തോലിക്ക അൾത്താരയാണ് ഇന്നവരുടെ കത്തോലിക്കജീവിതത്തി

ൻെറയും ഐക്യത്തിൻെറയും നിദാനം. പീഡിപ്പിക്കപ്പെട്ടു് മതത്തിനുവേണ്ടി മഹാത്യാഗങ്ങൾ സഹിക്കുന്ന ഈ അവസരത്തിലാണു് സത്യവിശ്വാസത്തിൻെറ അനർഘനിധി എത്രമാത്രമെന്നു് അവർ അറിയുന്നതു്. അനുദിനവും ദിവ്യബലി അർപ്പിച്ചുവന്നിരുന്ന ഷാങ്ഹായിലെ മെത്രാനും ഇന്നു കാരാഗൃഹത്തിലാണു്. ഈശോയുടെ മൗതികശരീരത്തിലെ അംഗങ്ങളായ ഷാങ്ഹായ് കത്തോലിക്കർക്കു് ഇന്നത്തെ ഏക അഭയവും ആശ്വാസവും ഈശോമാത്രമാണു്. എന്നാൽ മുമ്പൊരിക്കലും പ്രത്യക്ഷപ്പെട്ടിട്ടില്ലാത്തതിൽ കൂടുതൽ ക്രിസ്തീയ വിശ്വാസവും ക്രിസ്തീയജീവചൈതന്യവുമാണു് ഇന്നു് ഷാങ്ഹായിൽ സർവ്വത്ര കാണുന്നതു്. ഷാങ്ഹായിലെ പൗരന്മാർ മാതൃരാജ്യമായ ചൈനയെ സ്നേഹിക്കുന്നു; ചൈന ലോകദൃഷ്ടിയിൽ അഭിവൃദ്ധിപ്പെടുന്നതിൽ അവർ സന്തോഷിക്കുന്നു, ചൈനയ്ക്കു് എല്ലാ നന്മകളും അവർ നേരുന്നു. എന്നാൽ അവർക്കു ഒരു ശരീരംമാത്രമല്ല, ആത്മാവുമുണ്ടു്. ആത്മാവിനെ നാശകൂപത്തിലേയ്ക്കു നയിക്കുന്ന കമ്മ്യൂണിസ്റ്റുകളുമായി മതപരമായി യാതൊരു ബന്ധവും പാലിക്കുവാൻ അവർ ആഗ്രഹിക്കുന്നില്ല. കമ്മ്യൂണിസ്റ്റുകൾക്കു് അല്ലമെങ്കിലും വഴങ്ങി അവരുമായി രമ്യപ്പെടാമെന്നാഗ്രഹിക്കുന്നതിൽപരം മൗഢ്യം വേറെയില്ലെന്നു് അവർക്കു നല്ലപോലെ അറിയാം. അതിനാൽ തിരുസ്സഭയെ നശിപ്പിക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന കമ്മ്യൂണിസ്റ്റുകളുമായുള്ള സമ്പർക്കംപോലും അവർ ഉപേക്ഷിക്കുന്നു.

കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ചൈനയുടെ സ്ഥിതി പഴയ റോമാസാമ്രാജ്യത്തിനു തുല്യമാണു്. ചൈനീസ് കത്തോലിക്കരുടെ സംഖ്യ ബഹു തുച്ഛമാണു്. ചൈനയിൽ ഒരു ശതമാനംപോലും കത്തോലിക്കരില്ല. എന്നാൽ തിരുസ്സഭയെ നശിപ്പിക്കുവാനായി കമ്മ്യൂണിസ്റ്റുഗവ

മ്മെണ്ടു് എടുക്കുന്ന മാർഗ്ഗങ്ങൾ കാണുമ്പോൾ ചൈനയിലെ ഭൂരിപക്ഷം ജനങ്ങളും കത്തോലിക്കരാണോ എന്നു തോന്നിപ്പോകും. എന്നാൽ ഈ ക്രൂരമതമർദ്ദനത്തിൻെറയും ഫലമെന്താണു്? അവ തിരുസ്സഭയെ നശിപ്പിക്കുന്നതിനുപകരം തിരുസ്സഭയ്ക്കു് പുതിയ അംഗങ്ങളെ സമ്പാദിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്. തിരുസ്സഭ ഇന്നും ചൈനയുടെ നന്മയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായുള്ള മഹനീയ വേല തുടൎന്നുകൊണ്ടുവരുന്നു. ചൈനയിലെ കത്തോലിക്കരോ വിശ്വാസപരമായി അല്ലമെങ്കിലും കമ്മ്യൂണിസ്ററുകൾക്കു വഴങ്ങുന്നതിനേക്കാൾ രക്തസാക്ഷിത്വംതന്നെ സ്വീകരിക്കുവാൻ തയ്യാറാണു്. അതിനാൽ തിരുസ്സഭയുടെ വിത്തായ വേദസാക്ഷികളുടെ രക്തം ഇന്നും ചൈനയെ നനച്ചുകൊണ്ടിരിക്കുന്നു.

ഇന്നു കമ്മ്യൂണിസ്ററുരാജ്യങ്ങളിൽ തിരുസ്സഭ ബാഹ്യദൃഷ്ടിക്കു് തോൽവിയടഞ്ഞതുപോലെ കാണപ്പെടുന്നു. എന്നാൽ തിരുസ്സഭയുടെ ഈ തോൽവി, അവളുടെ സ്ഥാപകനും ശിരസ്സുമായ ക്രിസ്തുവിൻെറ ഈ ലോകജീവിതത്തിൻെറ തുടൎച്ചയാണു്. അതിനാൽ തിരുസ്സഭയുടെ ജീവിതവും ക്രിസ്തുവിൻെറ ഇഹലോകജീവിതത്തിൻെറ അനുകരണമായിരിക്കും. ഈശോ തൻെറ രക്ഷണീയവേല സാധിച്ചു് പാപത്തെയും നരകശക്തികളെയും വെന്നതു് തൻെറ പാടുപീഡകളാലും അപമാനകർമായ കുരിശുമരണത്താലുമാണു്. മനുഷ്യദൃഷ്ടിയിൽ ഇതു് ഒരു വലിയ പരാജയമായിരുന്നു. അതേ, ഈ പരാജയത്തിൽക്കൂടിയായിരുന്നു അവിടുന്നു പൂൎണ്ണവിജയം കൈവരിച്ചു് തൻെറ ദൈവീകമഹിമപ്രതാപത്തിൽ പ്രത്യക്ഷപ്പെടേണ്ടിയിരുന്നതു്. ക്രിസ്തുവിൻെറ ജീവിതംതുടൎന്നുവരുന്ന കത്തോലിക്കതിരുസ്സഭയുടെ ചരിത്രവും ഇതുതന്നെയായിരിക്കും. ഡഗ്ലാസ് ഹൈഡ് പറയുന്നതുപോലെ, കത്തോലിക്കരെ വെറുത്തു്, മെതിച്ചു് അവരെ മഹാത്യാഗങ്ങൾ ചെയ്യ

വാൻ നിർബന്ധിക്കുന്ന കമ്മ്യൂണിസ്റ്റുകൾ ദൈവഹിതംതന്നെയാണു് നിറവേററുന്നതു്. അവർ ഈ മതപീഡനങ്ങളാൽ കത്തോലിക്കരെ ദിവ്യരക്ഷകനായ ഈശോയോടു സാദൃശ്യമുള്ളവരാക്കുകയാണു ചെയ്യുന്നതു്. ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള കത്തോലിക്കർ സഹിക്കുന്ന പീഡനങ്ങളും ത്യാഗങ്ങളുമാണു് കമ്മ്യൂണിസ്റ്റുകളുടെ മാനസാന്തരത്തിനും ലോകരക്ഷയ്ക്കുമായി അവർ അർപ്പിക്കുന്ന വില.

കമ്മ്യൂണിസ്റ്റാദർശം

ഈ മതമർദ്ദനങ്ങൾ തിരുസ്സഭയുടെതന്നെയും ശുദ്ധീകരണത്തിനു ഹേതുവായിത്തീർന്നിട്ടുണ്ടു്. ക്രിസ്തീയാന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ ചെങ്കൊടി ക്രിസ്തുവിൻെറ പാവനമായ ഉപദേശങ്ങളനുസരിച്ചു് ഉത്തമ ക്രിസ്തീയജീവിതം നയിക്കുവാനുള്ള ഒരാഹ്വാനമാണു്. ദാരിദ്ര്യത്തെയും നീതിയെയുംകുറിച്ചുള്ള ക്രിസ്തുവിൻെറ പ്രബോധനങ്ങൾ അനുസരിച്ചു് നമ്മുടെ ജീവിതംതന്നെ നവീകരിക്കേണ്ടിയിരിക്കുന്നു. മനുഷ്യർ ക്രിസ്തുവിൻെറ പ്രബോധനമനുസരിച്ചു് ജീവിച്ചിരുന്നെങ്കിൽ കമ്മ്യൂണിസം ലോകത്തിൽ ആവിർഭവിക്കയില്ലായിരുന്നു. അനീതിയും അമിതധനമോഹവും ലോകത്തിൽ വരുത്തിക്കൂട്ടിയ തിന്മകൾ നിരവധിയാണു്. സമുദായത്തിൽ ധനികരും ദരിദ്രരും, ഉള്ളവരും ഇല്ലാത്തവരും എന്നീ രണ്ടുവർഗ്ഗക്കാരെ എവിടെയും കാണാം. അതേ, ഇന്നു കമ്മ്യൂണിസം പടവെട്ടുന്നതു് സമുദായനീതിയുടെയും ദരിദ്രരുടെയും പേരിലാണു്. കമ്മ്യൂണിസം ഒരു നല്ല ആദർശത്തിനായി പോരാടുന്നു എന്നു തോന്നുന്നെങ്കിലും വാസ്തവത്തിൽ അതിൻെറ ആദർശം നീതിയല്ല, അനീതിയാണു്; സത്യമല്ല, അസത്യമാണു്; സ്നേഹമല്ല, വൈരാഗ്യമാണു്.

എന്നാൽ അതിൻെറ പുറമ്പകിട്ടു കണ്ടു് ഭ്രമിച്ചു് അതൊരുത്തമ ജീവിതമാർഗ്ഗമെന്നു കരുതുന്നവർ പലരുമുണ്ടു്. അവർ ഇനിയും കമ്മ്യൂണിസത്തിൻെറ യഥാർത്ഥ സ്വഭാവം അറിഞ്ഞിട്ടില്ല.

ലോകോദ്ധാരണത്തിനായിട്ടുള്ള ഒരാദർശമായിട്ടാണു് കമ്മ്യൂണിസം പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്. ഈ ആദർശത്തെ മററൊരാദർശത്താൽ മാത്രമേ കീഴടക്കുവാൻ സാധിക്കുകയുള്ളൂ. കമ്മ്യൂണിസത്തെ വെല്ലുവാൻ ക്രിസ്തീയാദർശത്തിനുമാത്രമേ പ്രാപ്തിയുള്ളൂ. പൈശാചികസിദ്ധാന്തങ്ങളടങ്ങിയ കമ്മ്യൂണിസത്തിനെതിരായി സുവിശേഷപ്രസംഗംവഴി ക്രിസ്തുവിൻെറ പ്രബോധനങ്ങൾ ലോകമെങ്ങും പരത്തണം. ക്രിസ്തുവിൻെറ ആദർശങ്ങൾ മുഴുവൻ ഒരേ ഒരു വാക്കിൽ സംഗ്രഹിക്കാം—സ്നേഹം— ദൈവസ്നേഹവും പരസ്നേഹവും. മനുഷ്യസൗഭാഗ്യത്തിൻെറ എല്ലാ നിദാനവും സ്നേഹമാണു്. സ്നേഹത്തെപ്രതി എന്തുത്യാഗം സഹിക്കുവാനും മനുഷ്യൻ സന്നദ്ധനാണു്. സ്നേഹത്തിനു് അസാദ്ധ്യമായിട്ടുള്ളതു് ഒന്നുമില്ലെന്നുപോലും പറയാം. ദൈവസ്നേഹത്തിൽനിന്നുത്ഭൂതമാകുന്ന പരസ്നേഹം മനുഷ്യർക്കുണ്ടെങ്കിൽ ലോകജീവിതം എത്രയോ ആനന്ദസമ്പൂർണ്ണമായിരുന്നേനേ! പരസ്നേഹമില്ലായ്മയാണു് ഇന്നത്തെ അനീതികൾക്കെല്ലാം കാരണം. അതുതന്നെയാണു് ലോകത്തിൽ ഇത്രമാത്രം അസ്വസ്ഥതയ്ക്കും ദാരിദ്ര്യത്തിനും കാരണം.

ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതു് മനുഷ്യരെ ദൈവപുത്രന്മാരായി ഉയർത്തുവാനാണു്. അവിടുന്നുതന്നെയാണു് നമ്മെ പഠിപ്പിച്ചതു്; സ്വർഗ്ഗസ്ഥനായ ഏകദൈവം നമ്മുടെ പിതാവാണെന്നു്. നാം ഒരേ പിതാവിൻെറ മക്കളും സഹോദരീസഹോദരന്മാരുമാണെങ്കിൽ എത്രയോ സ്നേഹത്തോടും സൗമ്യതയോടും നീതിയോടുംകൂടിയാണു് അന്യോന്യം പെരുമാറേണ്ടതു്? ദൈവത്തിൻെറ പിതൃത്വത്തിലും മനു

ഷ്യൻെറ സാഹോദര്യത്തിലും അടിയുറച്ച സ്നേഹത്താൽ പ്രേരിതരായി തങ്ങളുടെ കഴിവനുസരിച്ച് അയൽവാസികളെ, പ്രത്യേകിച്ച് ദരിദ്രരെ, സഹായിക്കുന്നെങ്കിൽ തീർച്ചയായും കമ്മ്യൂണിസം അധികം താമസിയാതെ മനുഷ്യസമുദായത്തിൽനിന്നുമന്തരിക്കും. വൈരാഗ്യവും വെറുപ്പും അക്രമവും ആദർശമായി സ്വീകരിച്ച കമ്മ്യൂണിസത്തിന് അപ്പോൾ യാതൊരു സ്ഥാനവും ലോകത്തിലുണ്ടായിരിക്കുകയില്ല. വ്യക്തികൾ തമ്മിലുള്ള വൈരാഗ്യവും വർഗ്ഗസമരവുമല്ലയോ കമ്മ്യൂണിസത്തിൻെറ കാതൽ? അക്രമണങ്ങളാലും അനീതിയാലുമല്ലയോ കമ്മ്യൂണിസം ഇതുവരെയും വളർന്നു വന്നിട്ടുള്ളത്? ഉത്തമ ക്രിസ്തീയാദർശമായ സ്നേഹത്തിനുമാത്രമേ കമ്മ്യൂണിസത്തെ അമർത്തുവാൻ ശക്തിയുള്ളൂ.

സമുദായനീതി ഒരാദർശമായി സ്വീകരിച്ച് കമ്മ്യൂണിസ്റ്റുകൾ പടവെട്ടി വരുന്നു. ഉത്തമ സമുദായനീതിയോ ക്രിസ്തീയതത്വങ്ങളിൽ അടിയുറച്ചതാണ്. സത്യവും നീതിയുമെല്ലാം ഉപേക്ഷിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റുകൾക്ക് സമുദായ നീതിയെക്കുറിച്ചു പ്രസംഗിക്കുവാൻ യാതൊരവകാശവുമില്ല. പൊതുജനങ്ങളെ വഞ്ചിക്കുവാനുള്ള ഒരുപായമായിട്ടാണ് ഇന്നവർ സമുദായനീതി അവരുടെ ആദർശമായി സ്വീകരിച്ചിരിക്കുന്നത്. കമ്മ്യൂണിസ്റ്റുകളുടെ വ്യാഖ്യാനമനുസരിച്ച് സമുദായനീതി ഒരു വർഗ്ഗത്തിൻെറമാത്രം നീതിയായി മാറിയിരിക്കുകയാണ്. കമ്മ്യൂണിസ്റ്റുകക്ഷിക്കും തൊഴിലാളികൾക്കുംവേണ്ടി മററു ജനങ്ങളുടെ എല്ലാ അവകാശങ്ങളും അന്യായമായി പിടിച്ചുപറിക്കുക അല്ലെങ്കിൽ നശിപ്പിക്കുക: ഇതാണ് പ്രായോഗത്തിൽ നാം കാണുന്ന കമ്മ്യൂണിസ്റ്റുസമുദായനീതി. ഒററവാക്കിൽ അന്യായമായി ധനവും അധികാരവും അപഹരിക്കുവാനുള്ള ഒരു മാർഗ്ഗമാണ് കമ്മ്യൂണിസ്റ്റുസമുദായനീതി!

ത്യാഗസന്നദ്ധത

നാം ഈ ലോകത്തിൽ സ്ഥിരമായി ജീവിക്കുവാൻ പോകുന്നില്ല. ജനിച്ചവരെല്ലാം മരിക്കണം. മരണത്തോടുകൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല. മനുഷ്യന്, മരണമില്ലാത്ത ഒരാത്മാവുണ്ട്. ഈ ലോകജീവിതത്തിനുശേഷം പരലോകഭാഗ്യം അനുഭവിക്കുവാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഈ ലോകത്തിൽ മനുഷ്യൻ ജീവിച്ചിരിക്കുന്നിടത്തോളംകാലം അവനു പല ബുദ്ധിമുട്ടുകളും ദുഃഖങ്ങളും സഹിക്കേണ്ടിവന്നേക്കാം. അതേ, ബുദ്ധിമുട്ടുകളും ക്ലേശങ്ങളുമില്ലാത്ത ഒരു ജീവിതം ഈലോകത്തിൽ അസാദ്ധ്യമാണ്. പരമാനന്ദഭാഗ്യം പരലോകത്തിൽ മാത്രമേ ലഭിക്കുകയുള്ളു. ഈലോകജീവിതം പരലോകജീവിതത്തിനുവേണ്ടിയുള്ള ഒരുക്കംമാത്രമാണ്. മനുഷ്യൻ തൻെറ ദുഃഖദുരിതങ്ങളും ക്ലേശങ്ങളും ക്ഷമയോടുകൂടി സഹിച്ചാൽ അവയെ തൻെറ ആത്മാവിൻെറ അനർഘസമ്പത്തായി മാററാവുന്നതാണ്. ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്വഴങ്ങി തൻെറ അനുദിന കുരിശുകൾ ചുമന്നുകൊണ്ട് ഈശോയെ അനുഗമിക്കുകയാണെങ്കിൽ ഈശോയുടെ വിജയത്തിൽ പങ്കുപററി അവിടുത്തോടുകൂടി നിത്യാനന്ദഭാഗ്യം നമുക്കും അനുഭവിക്കാം. അന്നു നമ്മിൽ പ്രത്യക്ഷമാകുവാൻ പോകുന്ന പരമാനന്ദത്തോടു തുലനം ചെയ്യുമ്പോൾ ഭൂമിയിൽ സഹിക്കേണ്ടിയിരിക്കുന്ന ഏററവും കഠിനപീഡനങ്ങൾപോലും നിസ്സാരമായി തോന്നും.

കമ്മ്യൂണിസ്ററുതത്വങ്ങളെയും ആദർശങ്ങളെയും ശരിയായി അറിയാതെ അനേകംപേർ ആത്മാർത്ഥതയോടുകൂടി കമ്മ്യൂണിസത്തിൽചേർന്ന് അതിനായി അക്ഷീണം യത്നിക്കുന്നുണ്ട്. ഇവരുടെ തെററിദ്ധാരണകൾ നീക്കി സത്യം വെളിച്ചത്തിലേയ്ക്കു കൊണ്ടുവരേണ്ടതു് വിശ്വാസികളുടെ കടമയാണ്. കമ്മ്യൂണിസ

ത്തെക്കുറിച്ചും വിശ്വാസസംബന്ധമായും നല്ല ജ്ഞാനം സമ്പാദിച്ചാൽ മാത്രമേ കമ്മ്യൂണിസത്തെ ശരിയായി നേരിടുവാൻ നമുക്കു സാധിക്കുകയുള്ളു. കമ്മ്യൂണിസത്തിന്റെ കടകവിരുദ്ധങ്ങളായ തത്വങ്ങളും അതിന്റെ പൈശാചികസ്വഭാവവും എടുത്തുകാണിച്ച് വഴിപിഴച്ചവരെ സത്യവിശ്വാസത്തിലേയ്ക്കാനയിക്കണം. കത്തോലിക്ക ആദർശങ്ങൾക്കായി മേലിൽ പോരാടുവാൻ അവരെ പ്രാപ്തരാക്കണം.

ക്രിസ്തീയാദർശങ്ങളാൽ വഴിപിഴച്ചവരെയും അജ്ഞാനികളെയും മാനസാന്തരപ്പെടുത്തി അവർ ഇന്നു കമ്മ്യൂണിസത്തിനായി ചെയ്യുന്ന വേലകളും ത്യാഗങ്ങളുമെല്ലാം സത്യവിശ്വാസത്തിന്റെ പ്രചരണത്തിനുവേണ്ടി ചെയ്യുവാൻ പരിശീലിപ്പിക്കണം. കമ്മ്യൂണിസ്റ്റുകളിൽനിന്നുതന്നെ നമുക്ക് പല പാഠവും പഠിക്കുവാനുണ്ട്. കമ്മ്യൂണിസ്റ്റുകൾ അവരുടെ കക്ഷിയംഗങ്ങൾക്കു കൊടുക്കുന്ന പരിശീലനവും കമ്മ്യൂണിസത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കുന്നതിനുള്ള സന്നദ്ധതയും സത്യവിശ്വാസികൾക്കും അനുകരിക്കാവുന്നതാണ്. അസത്യത്തിനും അനീതിക്കുമായി കമ്മ്യൂണിസ്റ്റുകൾ ഇത്ര തീക്ഷ്ണതയോടുകൂടി പടവെട്ടുമ്പോൾ, സത്യത്തിനും നീതിക്കുമായി നാം ചെയ്യുന്ന പ്രവൃത്തികളും ത്യാഗങ്ങളും എത്രയോ തുച്ഛം!

മുൻകരുതൽ

കമ്മ്യൂണിസത്തിന്റെ തോൽവിയും തിരുസ്സഭയുടെ വിജയവും നിശ്ചയമാണ്. എന്നാൽ ഈ വിജയം തിരുസ്സഭ എന്നു കൈവരിക്കുമെന്നതു് നമുക്കു നിശ്ചയമില്ല. കമ്മ്യൂണിസം ലോകത്തുനിന്നന്തർദ്ധാനം ചെയ്യുന്നതുവരെ അതു് തിരുസ്സഭയുടെ ഏററം വലിയ

ശത്രു ആയിരിക്കും. ഇനിയും അതു തിരുസ്സഭയ്ക്കു് എന്തെല്ലാം നഷ്ടങ്ങളും അപമാനങ്ങളും പീഡനങ്ങളും വരുത്തുവാൻ പോകുന്നു എന്നു് കണ്ടുതന്നെ അറിയണം. കമ്മ്യൂണിസ്റ്റാക്രമണങ്ങളെ നേരിടുന്നതിനു് നേരത്തേതന്നെ ഓരോ രാജ്യത്തിലെയും തിരുസ്സഭയും വിശ്വാസികളും തയ്യാറാകുന്നതു് ഉചിതമാണു്. കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലെ കത്തോലിക്കർ വിചാരിച്ചിരുന്നതു് കമ്മ്യൂണിസ്റ്റുകക്ഷി ഒരിക്കലും അധികാരത്തിൽ വരികയില്ലെന്നായിരുന്നു. എന്നാൽ സംഭവഗതികൾ നേരേമറിച്ചായിരുന്നു. അതിനാൽ കമ്മ്യൂണിസ്റ്റാക്രമണങ്ങളെ നേരിടുന്നതിനോ രക്ഷാസങ്കേതങ്ങളിൽ അഭയം പ്രാപിക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്യുവാനോ അവർക്കു കഴിഞ്ഞില്ല. കമ്മ്യൂണിസ്റ്റുകൾ അധികാരത്തിൽവന്നു് തിരുസ്സഭയേയും വൈദീകമേലദ്ധ്യക്ഷന്മാരേയും മുതലാളിത്തതാറടിച്ചു് ജനങ്ങൾക്കു കാണിച്ചുകൊടുക്കുമ്പോഴാണു് തങ്ങൾ തങ്ങളുടെ കഴിവെല്ലാം അനുസരിച്ചു് സമുദായസേവനവും സാധുജനോദ്ധാരണവും ചെയ്തില്ലല്ലോ എന്നോർത്തു് പശ്ചാത്തപിക്കുന്നതു്! സമയം അതിക്രമിച്ചിട്ടു് പശ്ചാത്തപിച്ചിട്ടും വലിയ പ്രയോജനമില്ല. മേലിലെങ്കിലും ഇപ്രകാരമുള്ള അബദ്ധങ്ങൾ വരാതിരിക്കുവാൻ നാം മുൻകരുതലുള്ളവരായിരിക്കണം.

## ജ്ഞാനസമ്പാദനം

തിരുസ്സഭയുടെ വിശ്വാസസത്യങ്ങളെക്കുറിച്ചും അവളുടെ സമുദായശാസ്ത്രത്തെക്കുറിച്ചും നല്ല അറിവു നമുക്കുണ്ടായിരുന്നാൽ മാത്രമേ അബദ്ധസിദ്ധാന്തങ്ങൾ ഖണ്ഡിച്ചു് സത്യതത്ത്വങ്ങൾ മററുള്ളവരെ പഠിപ്പിക്കുവാൻ നമുക്കു സാധിക്കുകയുള്ളു; അപ്പോൾ മാത്രമേ തിരുസ്സഭയുടെ അമൂല്യനിധികളും അതിൽ അംഗമാ

യിരിക്കുന്നതിനാലുള്ള മാഹാഭാഗ്യവും നമുക്കു മനസ്സിലാകുകയുള്ളു. ഉത്തമ കത്തോലിക്കർ അവരുടെ വിശ്വാസത്തിനുവേണ്ടി എന്തും ത്യജിക്കുവാൻ— അവരുടെ അവസാനതുള്ളി രക്തംപോലും ചിന്തുവാൻ— തയ്യാറായിരിക്കണം. സ്ഥിരമായ വിശ്വാസവും അതിൽനിന്നുളവാകുന്ന ഐകമത്യവും ഏകത്വവും, കമ്മ്യൂണിസത്തെ നേരിടുന്നതിന് ഏററവും പ്രധാനമായ ഒരു ഘടകമാണ്. കത്തോലിക്കർ തമ്മിലുള്ള ഐകമത്യക്കുറവ് ശത്രുവിൻെറ ജയത്തിന് പലപ്പോഴും കാരണമായിട്ടുണ്ട്. പൊതുശത്രുവിനെ എതിക്കുന്നതിന് രാജ്യത്തിലെ കത്തോലിക്കക്ക് ഒരു കേന്ദ്രസംഘടന അത്യാവശ്യമാണ്. ഈ കേന്ദ്രസംഘടനയുടെ നിർദ്ദേശപ്രകാരമായിരിക്കണം കത്തോലിക്കർ തങ്ങളുടെ പ്രവൃത്തിപദ്ധതികൾ രൂപീകരിക്കേണ്ടതു്.

കമ്മ്യൂണിസ്റ്റാക്രമണങ്ങളെ നേരിട്ട് അതിൻെറ കെണിയിൽനിന്നു സാധുജനങ്ങളെ വിമോചിപ്പിക്കുന്നതിനു് കത്തോലിക്കാ അൽമേനികളെ പ്രത്യേകം ഒരുക്കേണ്ടിയിരിക്കുന്നു. ഇന്നു് അൽമേനികളുടെ കത്തോലിക്കപ്രവർത്തനമാണു് ഏററവും അത്യാവശ്യം. കമ്മ്യൂണിസ്റ്റുകളെ മാനസാന്തരപ്പെടുത്തുന്ന വേലയിൽ വൈദികരേക്കാൾ കൂടുതൽ നന്മ അൽമേനികൾക്കു ചെയ്യുവാൻ സാധിക്കും. അതിനാൽ അറിവും തീക്ഷ്ണതയുമുള്ള അൽമേനികൾ മുന്നോട്ടുവന്നു് തിരുസ്സഭയുടെ ഇന്നത്തെ ശത്രുവിനെ നേരിടേണ്ടിയിരിക്കുന്നു. ഈ ഒരുക്കങ്ങളെയെല്ലാം മകുടം ധരിപ്പിക്കേണ്ടതു് നമ്മുടെ നിരന്തരമായ പ്രാർത്ഥനയും ത്യാഗസന്നദ്ധതയുമാണു്. അപ്പോൾ ദൈവം തൻെറ പ്രത്യേകവരപ്രസാദങ്ങളാൽ നമ്മെ നിറച്ചു് ദൈവത്തിനും അവിടുത്തെ തിരുസ്സഭക്കുംവേണ്ടി എന്തും സഹിക്കുന്നതിനും മഹൽകൃത്യങ്ങൾ ചെയ്യുന്നതിനും നമ്മെ പ്രാപ്തരാക്കും.

## ചോദ്യങ്ങൾ

1. ചൈനയിലെ ദേശീയസഭാ പ്രസ്ഥാനം പരിശോധിച്ചു വിമർശിക്കുക.

2. ചൈനയിലെ കമ്മ്യൂണിസ്റ്റ്മതമർദ്ദനം വിവരിച്ചു് അതിനെ കത്തോലിക്കർ എങ്ങനെ നേരിട്ടു എന്നു കാണിക്കുക.

3. കമ്മ്യൂണിസത്തെ നേരിടുന്നതിനു നാം സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ ഏവ?

---

Printed and Published for the Proprietor by
Rev. Fr. Wilfrid C. M. I. at the St. Joseph's Press
Mannanam 1959.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 200 Acc. No. 14257

This book should be returned on or before the date last stamped below.

If t[illegible]ok is not returned on due date
a fine of 25 Ps. per day will be charged

200
JOH-T

14257

ജോൺ കുഞ്ഞാപ്പറമ്പിൽ

തിരുസഭാ ചരിത്ര സംഗ്രഹം

KOTTAYAM PUBLIC LIBRARY
Call No. 200 JOH-T Acc. No. 14257
Author ജോൺ കുഞ്ഞാപ്പറമ്പിൽ
Title തിരുസഭാ ചരിത്ര സംഗ്രഹം

Indic Digital Archive Foundation
gpura.org